# സത്യദൂതൻ

2022 ജൂൺ | ലക്കം 06 വില ₹ 30




## നീതിയുടെ ഉന്നത നിലവാരം പാലിക്കുക

## ശിക്ഷ: പ്രതികാരാവേശം തീർക്കാൻ വേണ്ടിയാകരുത്

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below






لاالہ الااللہ محمد رسول اللہ

# സത്യദൂതൻ

2022 ജൂൺ
ഹി.ശ.1402- എഹ്സാൻ
1443 ശവ്വാൽ - ദുൽകഅദ്
പുസ്തകം 94 ലക്കം 06
വില 30 രൂപ

The Sathyadoothan Monthly


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം






**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
പ്രഭാഷണം
**നീതിയുടെ ഉന്നത നിലവാരം പാലിക്കുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖ്‌ലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2017 നവംബർ 10-ാം തീയതി യുകെ ബൈത്തുഫുത്തൂഹിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**11**
**പ്രപഞ്ചം മുഴുക്കെ പ്രവർത്തിക്കുന്ന അഭിലേഖന വ്യവസ്ഥ**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**14**
**സർ സഫറുല്ലാഹ് ഖാൻ**
ഡോ. തഹിർ മഹ്മൂദ്

**17**
**ഇസ്‌ലാം, ഡമോക്രസി, ഖിലാഫത്ത്**
നഖാഷ് അഹ്മദ് യു. എസ്.& ഷഹ്സാദ് അഹ്മദ്. യു. കെ

**20**
**അൽ കൗസർ ഒരു വിശദീകരണം**
മൗലാനാ മുഹമ്മദ് ഉമർ

**22**
**ആഗോള യുദ്ധ സാഹചര്യവും സമാധാനത്തിലേക്കുള്ള പാതയും - 2**
എ.എം. മുഹമ്മദ് സലീം

**25**
**യേശുവിന്റെ ദൈവ പുത്രത്വം ചരിത്ര പശ്ചാത്തലത്തിൽ ഒരു പരിശോധന**
അസ്ഗർ ഗൊറായ, മെക്സിക്കോ

**30**
ഭാഗം - 28
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**37**
**നമസ്ക്കാരത്തിന്റെ ശാരീരിക നേട്ടങ്ങൾ**
സക്കരിയാ വിർക്ക്. യു. എസ്സ്

**39**
**ഉറക്കം: ഇസ്‌ലാമികവും ശാസ്ത്രീയവുമായ അദ്ധ്യാപനങ്ങൾ**
ഡോ. ഷാനവാസ് ഖാൻ

**41**
കുറിപ്പുകൾ
**ശിക്ഷ: പ്രതികാരാവേശം തീർക്കാൻ വേണ്ടിയാകരുത്**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വസിച്ചവരേ, നീതി പാലിക്കുന്നതിന്ന് വേണ്ടി നിങ്ങൾ കണിശക്കരായിരിക്കുവീൻ. നിങ്ങൾക്കെതിരായാലും നിങ്ങളുടെ മതാപിതാക്കന്മാർക്കോ ഉറ്റവർക്കോ എതിരായാലും അല്ലാഹുവിന്ന് വേണ്ടി നിങ്ങൾ നീതിയിൽ ഉറച്ചു നിൽക്കുവീൻ, അവൻ ധനവാനായാലും ദരിദ്രനായാലും അല്ലാഹുവാണ് അവരുമായി കൂടുതൽ അടുത്തവൻ. നീതി മാർഗ്ഗത്തിൽ നിന്ന് തെന്നിപ്പോകാതിരിക്കാൻ നിങ്ങൾ സേഛക്ക് അടിമപ്പെടാതെ സൂക്ഷിക്കുവീൻ നിങ്ങൾ സത്യം മറച്ചുവെക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുന്ന പക്ഷം നിങ്ങൾ പ്രവർത്തിക്കുന്നതെന്താണെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നവനത്രെ. (4:136)



## നബിവചനം

രണ്ടു പേർ അവർക്കിടയിൽ ഒരു തീർപ്പ് കൽപ്പിക്കാൻ സമീപിച്ചാൽ അവരിൽ രണ്ടുപേരുടെ ആവലാതികൾ കേട്ടിട്ടല്ലാതെ നിങ്ങൾ ഒരു തീരുമാനത്തിലെത്തരുത്. സാക്ഷി പറയാൻ വിളിക്കപ്പെട്ടാൽ തെളിവ് മറച്ചു വെക്കുന്നവൻ കള്ള സാക്ഷി പറഞ്ഞവനെ പോലെയാണ്. (നബിവചനം)

## വാഗ്ദത്ത മസീഹിന്റെ വചനം



മനുഷ്യന്റെ പ്രകൃതി ധർമ്മങ്ങളിൽ പ്രത്യേകമായിരിക്കുന്ന ഗുണമാണ് സത്യസന്ധത. അവൻ സ്വാർഥപരമായ ഏതെങ്കിലും പ്രേരണാശക്തിയാലല്ലാതെ വ്യാജം പറയുവാൻ മുതിരുന്നില്ല. കള്ളം പറയുന്നതിൽ അവന് പ്രകൃത്യാ വെറുപ്പും അറപ്പുമാണ്. അതുകൊണ്ട് തന്നെയാണ് വ്യാജം പറയുന്നതായി തെളിയുന്ന ആളുടെ നേരെ അവന്ന് അനിഷ്ടവും അവജ്ഞയും തോന്നുന്നത്. എന്നാൽ ഈ പ്രകൃതി സ്വഭാവത്തിന്റെ കേവലരൂപം ഒരു സൽഗുണമായി പരിഗണിക്കാവതല്ല. എന്തുകൊണ്ടെന്നാൽ ഈ അവസ്ഥ ശിശുക്കളിലും ഭ്രാന്തരിലും കാണാവുന്നതാണ്. സത്യനിഷ്ഠക്ക് ഭംഗം വരുത്തുന്ന സ്വാർത്ഥപരമായ ഉദ്ദേശങ്ങളിൽ നിന്ന് വേർപ്പെടാതിരിക്കുന്ന കാലത്തോളം മനുഷ്യന് യഥാർത്ഥത്തിൽ സത്യസന്ധനായിരിക്കാൻ സാദ്ധ്യമല്ല. അവൻ തനിക്ക് ദോഷം വരാത്ത കാര്യത്തെ സംബന്ധിച്ചേടത്തോളും സത്യം പറയുകയും തന്റെ അഭിമാനത്തിന്നോ മുതലിന്നോ ജീവനോ ഹാനി വരുത്തുമെന്ന് കരുതുന്ന ഘട്ടത്തിൽ കള്ളം പറയുകയോ സത്യം പറയാതെ മൗനം ദീക്ഷിക്കുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ അവന് ഒരു ശിശുവിനേക്കാളും ഭ്രാന്തനേക്കാളും യാതൊരു മെച്ചവുമില്ല തന്നെ. (ഇസ്ലാംമത തത്വജ്ഞാനം)

എഡിറ്റോറിയൽ


# നീതി ബോധം
## സാർവ്വത്രികമായ ഒരു ധാർമിക വികാരം

**'പരുക്കിനുള്ള (അത് മൂലമുണ്ടാകുന്ന നഷ്ടത്തിന്) പരിഹാരം അതിന് തുല്യമായത് തന്നെയാണ്. എന്നാൽ വല്ലവനും മാപ്പ് ചെയ്യുകയും ഒരു പരിഷ്ക്കരണം വരുത്തുകയും ചെയ്യുന്നതായാൽ അവന്നുള്ള പ്രതിഫലം അല്ലാഹുവിന്റെ പക്കലാണ്.'** (സൂറ അശ്ശൂറാ 42:41)

ഒരാൾ ഒരു കുറ്റം ചെയ്താൽ ആ കുറ്റകൃത്യത്തിന് ഇരയായ ആൾക്ക് തതുല്യമോ ആനുപാതികമോ ആയി ആ നഷ്ടം വകവെച്ചുകിട്ടാനുള്ള അവകാശമുണ്ട്. കുറ്റത്തിന് ഇരയാക്കപ്പെട്ട വ്യക്തി കുറ്റവാളിക്ക് മാപ്പ് നൽകുകയാണെങ്കിൽ അത് ഏറ്റവും ദിവ്യമായ ഒരു ഗുണമാണ്. അത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമാണ്. ഒരു കുറ്റവാളിക്ക് ശിക്ഷ നൽകുന്നതും അതിന്റെ തോത് നിർണ്ണയിക്കുന്നതും ഒരു ജുഡീഷ്യൽ പ്രക്രിയക്ക് വിധേയമായതിന് ശേഷമെ പാടുള്ളൂ. ശിക്ഷ നിർണ്ണയിക്കേണ്ടത് കുറ്റകൃത്യത്തിന് വിധേയമായ ഇരയായിരിക്കരുത് നീതിമാന്മാരും വ്യവസ്ഥാ പിതമായ നീതിപീഢങ്ങളിലെ നിയമജ്ഞന്മാരുമായിരിക്കണം.

ഏതെങ്കിലും ഒരു മതം വിശ്വസിച്ചതുകൊണ്ടു മാത്രം ആർക്കും നീതി ബോധമുണ്ടാവില്ല. നീതിയടക്കം ധാർമികവും ആത്മീയവുമായ എല്ലാ ദിവ്യഗുണങ്ങളുടെയും ബീജം ദൈവം മനുഷ്യന്റെ ആത്മാവിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. അത്കൊണ്ടാണ് നമ്മുടെ സാമൂഹിക ക്രമം നിലനിൽക്കുന്നത്. മതങ്ങളോ സംഹിതകളോ ഭരണഘടനയോ നിയമങ്ങളോ അല്ല നീതിയുടെ ഉറവിടം. മനുഷ്യ പ്രകൃതിയിൽ ദൈവം നിക്ഷേപിച്ച സ്വർഗ്ഗീയ ഗുണമാണ്. ഖുർആൻ പറയുന്നു. **'ഞാൻ ശരീരത്തെ രൂപപ്പെടുത്തുകയും മഹത്വത്തിന്റെ പ്രകാശങ്ങൾ സമീകരിക്കുകയും അതിൽ എന്റെ ആത്മാവിനെ ഊതുകയും ചെയ്തിരിക്കുന്നു'** (വി.ഖു.15:30) അതുകൊണ്ട് തന്നെ മനുഷ്യനായി പിറന്നവരെല്ലാം അവൻ ഹിന്ദുവോ കൃസ്ത്യാനിയോ ജൂതനോ മുസ്ലിമോ ആയ എല്ലാ മതവിശ്വാസികളും മതവിശ്വാസമില്ലാത്തവനും നീതിബോധത്താൽ പ്രചോദിതനാവുന്നു. മനുഷ്യൻ അടിസ്ഥാപരമായി നല്ലവനും നീതിബോധമുള്ളവനുമാണ്. ഖുർആൻ വീണ്ടും പറയുന്നു: **'വിശ്വാസികളെ ദൈവം സത്യവിശ്വാസത്തെ നിങ്ങൾക്ക് പ്രിയംങ്കരമാക്കുകയും അതിന്റെ സൗന്ദര്യത്തേയും സൗഭാഗ്യത്തേയും കുറിച്ച് നിങ്ങൾക്ക് വിരക്തി ജനിപ്പിക്കുകയും ദോഷ മാർഗ്ഗങ്ങളെല്ലാം നിഷിദ്ധമാണെന്ന് നിങ്ങൾക്ക് ബോദ്ധ്യം വരുത്തുകയും ചെയ്തിരിക്കുന്നു.'**(49:8)

നിർഭാഗ്യകരമെന്ന് പറയട്ടെ സാത്വിക വിശുദ്ധി നേടി മാലാഖയാവേണ്ട മനുഷ്യൻ, ഈ സ്വർഗ്ഗീയ ഗുണത്തെ സ്വാർത്ഥത കൊണ്ടും ദേഹേഛകൾ കൊണ്ടും ഭൗതിക കാമനയുടെ പൂർത്തീകരണത്തിന്നുമായി മുരടിപ്പിക്കുന്നു. ഈ ദിവ്യഗുണങ്ങൾ നശിപ്പിച്ച് അവൻ അധഃപതിക്കുന്നു. കുറ്റവാളിയായി മാറുന്നു. വ്യക്തിപരവും കുടുംബപരവും മതപരവും ദേഹപരവും ദേശപരവും പ്രത്യയശാസ്ത്രപരവുമായ പക്ഷപാതിത്വങ്ങൾ കൊണ്ട് നീതിയെ വികലമാക്കുന്നു. എല്ലാ പക്ഷപാതിത്വങ്ങൾക്കും സ്വാർത്ഥ സ്വാധീനങ്ങൾക്കും അതീതമായ കേവലനീതി മനുഷ്യന്റെ ലോകവ്യവഹാരങ്ങളിൽ നിന്നും അതിശീഘ്രം തിരോഭവിക്കുന്ന കാഴ്ചയാണ് നാം ഇന്ന് കാണുന്നത്. ദൈവം മനുഷ്യനെ ഈ അധഃപതനത്തിൽ നിന്നും രക്ഷിക്കട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# തിന്മയിൽ നിന്നുള്ള മോചന മാർഗ്ഗം

മനുഷ്യന് രണ്ടു കാര്യങ്ങളാണ് അനിവാര്യമായിട്ടുള്ളത്. ഒന്ന് തിന്മയിൽ നിന്നും രക്ഷപ്പെടുക രണ്ട് നന്മയിൽ മുന്നേറുക. പിന്നീട് നന്മയിലൂടെ ചരിക്കുമ്പോൾ രണ്ട് കാര്യങ്ങൾ പാലിക്കണം. ഒന്ന് തിന്മയെ ഉപേക്ഷിക്കുക, മറ്റൊന്ന് മറ്റുള്ളവർക്ക് നന്മചെയ്യുക. മറ്റുള്ളവർക്ക് നന്മചെയ്യാത്തതുവരെ തിന്മ ഉപേക്ഷിക്കുന്നതിലൂടെ മാത്രം മനുഷ്യന് പൂർണ്ണനാകാൻ സാധ്യമല്ല. മറ്റുള്ളവർക്ക് പ്രയോജനം എത്തിക്കുന്നതിലൂടെ എത്രത്തോളം പരിവർത്തനം ഉണ്ടായി എന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളിൽ വിശ്വാസവും അവയെകുറിച്ച് അവഗാഹവും ഉണ്ടാവുമ്പോഴാണ് ഈ നിലവാരം കരഗതമാവുന്നത്. അത്വരെ തിന്മയിൽ നിന്ന് രക്ഷനേടാനും സാധിക്കുകയില്ല.

മറ്റുള്ളവർക്ക് നന്മ ചെയ്യുക എന്നത് വലിയ കാര്യമാകുന്നു. രാജാക്കന്മാരുടെ പ്രൗഢിയേയും ഇന്ത്യൻ ശിക്ഷാനിയമത്തെയും ഒരു പരിധിവരെ ഭയപ്പെടുന്നു. നിയമം ലംഘിക്കാത്തവർ ധാരാളമുണ്ട്. പിന്നെയെങ്ങനെ വിധികർത്താക്കളിൽ വിധികർത്താവായവന്റെ നിയമങ്ങൾ ലംഘിക്കുന്നതിനുള്ള ധൈര്യം ഉണ്ടാകുന്നു?. ദൈവത്തിൽ വിശ്വാസമില്ല എന്നല്ലാതെ ഇതിന് മറ്റെന്തെങ്കിലും കാരണമുണ്ടോ? അതിനുള്ള ഒരേയൊരു കാരണം ഇതു മാത്രമാണ്.

ചുരുക്കത്തിൽ അല്ലാഹുവിൽ വിശ്വാസം ജനിക്കുമ്പോഴാണ് തിന്മയിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള ഘട്ടം തരണം ചെയ്യപ്പെടുക. തുടർന്നുള്ള രണ്ടാമത്തെ ഘട്ടം അല്ലാഹുവിന്റെ സാത്വികരായ ദാസന്മാർ സ്വീകരിച്ച മാർഗ്ഗങ്ങൾ അന്വേഷിക്കുക എന്നതായിരിക്കണം. അത് ഒരേയൊരു മാർഗ്ഗമാകുന്നു. പ്രസ്തുത മാർഗ്ഗങ്ങളിലൂടെ ധാരാളം സത്യാവാന്മാരും സാത്വികരുമായവർ ലോകത്ത് അല്ലാഹുവിന്റെ കാരുണ്യത്താൽ അനുഗ്രഹീതരായിട്ടുണ്ട്. അല്ലാഹു എങ്ങനെയാണ് അവരോട് വർത്തിച്ചിരുന്നതെന്ന് മനസ്സിലാക്കുന്നതിലൂടെ ആ മാർഗ്ഗത്തെ കുറിച്ചുള്ള അറിവ് ലഭിക്കുന്നതാണ്. അല്ലാഹു ദുർക്കർമ്മികളുടെ ശത്രുവാകുന്നു എന്ന അവന്റെ പ്രൗഢ സവിശേഷ ഗുണത്തിന്റെ തേജസ്സാലാണ് തിന്മയിൽ നിന്നും രക്ഷപ്പെടലിനുള്ള ആദ്യഘട്ടം കരസ്ഥമാകുന്നത്

രണ്ടാമത്തെ ഘട്ടം അല്ലാഹുവിന്റെ സൗന്ദര്യത്തിന്റെ തേജസ്സാലാണ് പ്രാപ്യമാകുന്നത്. ഇസ്‌ലാമിക സാങ്കേതിക ഭാഷയിൽ പരിശുദ്ധാത്മാവ് എന്നാണ് പറയുക. അല്ലാഹുവിൽ നിന്ന് ശക്തിയും കഴിവും ലഭിക്കാത്തതുവരെ ഒന്നും സാധ്യമല്ല. ഇത് അല്ലാഹുവിൽ നിന്നും ലഭിക്കുന്ന ഒരു ശക്തിയാണ്. അതിന്റെ ഇറക്കത്തോടൊപ്പം ഹൃദയത്തിൽ ഒരു സംതൃപ്തി സംജാതമാവുന്നു. സ്വഭാവത്തിൽ നന്മയോട് ഒരു സ്നേഹവും ഇഷ്ടവും ജനിക്കുകയും ചെയ്യുന്നു. മറ്റുള്ളവർ വളരെ പ്രയാസപ്പെട്ടും ഭാരമായി കണക്കാക്കിയും ചെയ്യുന്ന നന്മയെ ഒരു ആനന്ദത്തോടും സന്തോഷത്തോടും കൂടി ചെയ്യുന്നതിന്നായി ധൃതിപ്പെടുന്നു. സ്വാദിഷ്ടമായവ കുട്ടികൾ ഉത്സാഹത്തോടെ ഭക്ഷിക്കുന്നത് പോലെ അല്ലാഹുവുമായുള്ള ബന്ധം സ്ഥാപിതമാവുമ്പോൾ അവന്റെ പരിശുദ്ധാത്മാവ് അയാളിൽ ഇറങ്ങുമ്പോൾ നന്മകൾ സ്വാദിഷ്ടവും സുഗന്ധപൂരിതവുമായ സർബത്തിനെ പോലെ ആയിത്തീരുന്നു. നന്മക്കുള്ളിൽ ഉണ്ടായിരിക്കുന്ന സൗന്ദര്യം അവർക്ക് ദൃശ്യമാകാൻ തുടങ്ങുകയും അനിയന്ത്രിതമായിക്കൊണ്ട് അതിലേക്ക് ഓടിയടുക്കാൻ തുടങ്ങുകയും ചെയ്യുന്നു തിന്മയെകുറിച്ചുള്ള ചിന്തയിൽ തന്നെ അവന്റെ ആത്മാവ് വിറകൊള്ളാൻ തുടങ്ങുന്നു. (മൽഫൂസാത്ത് വാല്യം 1)

അമീറുൽ മുഅ്മിനീൻ ഖ്‌ലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2017 നവംബർ 10-ാം തീയതി യുകെ ബൈത്തുഫുത്തൂഹിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

# നീതിയുടെ ഉന്നത നിലവാരം പാലിക്കുക




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

**ഒരു ജനതയുടെ ശത്രുത അവരോടു നീതി കാണിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ എന്ന വിശുദ്ധ ഖുർആന്റെ അധ്യാപനം എത്ര മനോഹരമാണ്. ഈ അധ്യാപനം മറ്റൊരു മതഗ്രന്ഥങ്ങളിലും നല്കപ്പെട്ടിട്ടില്ല.**

**ജനതകളുടേയും അന്യമതക്കാരുടേയും അക്രമത്തിന് അതേ രീതിയിൽ പകരം വീട്ടുകയും നീതിയുടെ തേട്ടം പൂർത്തിയാക്കാതിരിക്കുകയും ചെയ്യുന്നത് ഒരു മുഅ്മിന്റെ പണിയല്ല.**

**വിശ്വസിച്ചവരേ! നിങ്ങൾ പരിപൂർണമായി നീതിപാലിക്കുന്നവരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ; അത് നിങ്ങൾക്കുതന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽപോലും.**

ഏതു നിലവാരത്തിലുള്ള നീതിയും ന്യായവും സ്ഥാപിക്കാനാണോ മുസ്‌ലീംകളോടു അല്ലാഹു നിർദേശിച്ചിട്ടുള്ളത് അതേ നിലവാരം മറ്റൊരു മതത്തിലൊന്നും കാണാൻ സാദ്ധ്യമല്ല. പക്ഷേ, ദൗർഭാഗ്യവശാൽ ഇക്കാലത്ത് മുസ്‌ലീംകളിലെ നേതാക്കന്മാരും ഉലമായും അടങ്ങുന്ന വലിയൊരു വിഭാഗം എല്ലാ മേഖലയിലും നീതിയുടേയും ന്യായത്തിന്റേയും മാനദണ്ഡം പൂർത്തിയാക്കാത്തവരാണ്. ഇപ്രകാരംതന്നെ വീടുകളിൽ, പൊതുജനങ്ങളിൽ, പൊതുമുസ്‌ലീംകളിൽ, പൊതുകാര്യങ്ങളിൽ, നീതിയുടേയും ന്യായത്തിന്റേയും അല്ലാഹു സ്ഥാപിച്ചിട്ടുള്ളതും ഒരു മുഅ്മിനിൽനിന്ന് പ്രതീക്ഷിക്കുന്നതുമായ നിലവാരം പൊതുവെ കാണാൻ കഴിയുന്നില്ല. കുടുംബപരമായ ശത്രുതകളുടെ കാര്യങ്ങളുണ്ട്. സ്ത്രീകളിൽനിന്നും പുരുഷന്മാരിൽനിന്നും ഉണ്ടാകുന്ന തെറ്റായ കാര്യങ്ങളോടൊപ്പം കോടതികളിലും കേസു കൊടുക്കുന്നു. കള്ളസാക്ഷികളെ ഹാജരാക്കുന്നു. അർഹമല്ലാത്ത അവകാശങ്ങൾ പിടിച്ചെടുക്കുന്നതിനോ ആരുടെയെങ്കിലും അവകാശം അപഹരിക്കുന്നതിനോ കളവോടും വഞ്ചനയോടും കൂടി പ്രവർത്തിക്കുന്നു. സത്യസന്ധതയോടുകൂടി പ്രവർത്തിക്കാത്ത വലിയൊരു വിഭാഗമാളുകളുമുണ്ട്. കളവ് പറയുന്നു; കോടതികളേയും വഞ്ചിക്കുന്നു. ചിലയിടത്ത് ന്യായാധിപന്മാർ തങ്ങളുടെ സ്വന്തം നേട്ടങ്ങൾ ആഗ്രഹിച്ച് വിധി പറയുന്നു; വ്യവസ്ഥയുടെ ഘടന തന്നെ തകർന്നതുപോലെ! ഈ അനീതികൾ കാരണത്താൽ ലോകത്ത് തിന്മകൾ വ്യാപിച്ചുകൊണ്ടുപോകുന്നു. ദേശീയ തലത്തിലും ഭരണാധികാരികൾ നീതിയുടെ ആവശ്യങ്ങൾ

നിറവേറ്റുന്നില്ല. തങ്ങളുടെ പ്രജകൾക്കുവേണ്ടിയും നീതിയുടെ മാനദണ്ഡങ്ങൾ പൂർത്തിയാക്കപ്പെടുന്നില്ല. രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും അത് പൂർത്തിയാക്കപ്പെടുന്നില്ല. ഉലമായാണെങ്കിൽ മതത്തെ തങ്ങളുടെ വ്യക്തിപരമായ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിനുള്ള മാർഗമാക്കിയിരിക്കുകയാണ്. തങ്ങൾ ഉത്തമ സമുദായമാണെന്നാണ് മുസ്‌ലീംകളുടെ വാദം. ലോകപ്രശ്നങ്ങൾക്കുള്ള ഉത്തമമായ പരിഹാരം സമർപിക്കുന്നത് ഇസ്‌ലാം മാത്രമാണ്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കുകയും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവൃത്തി ചെയ്യുകയുമാണെങ്കിൽ മുസ്‌ലീംകൾ ഉത്തമ സമുദായംതന്നെയാണ്. ഇസ്‌ലാമിന്റെ അധ്യാപനമനുസരിച്ച് സത്യവും നീതിയും സ്ഥാപിക്കുകയാണെങ്കിൽ തീർച്ചയായും ഇസ്‌ലാമാണ് എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം സമർപിക്കുന്നത്.

ഞാനോതിയ ഖുർആനിക വചനങ്ങൾ മൂന്നു വിവിധ അധ്യായങ്ങളിലുള്ളതാണ്; അന്നിസാഅ്, അൽമാഇദ, അൽഅഅ്റാഫ്. അന്നിസാഇലെ ആയത്തിന്റെ അർഥം ഇപ്രകാരമാണ്: വിശ്വസിച്ചവരേ! നിങ്ങൾ പരിപൂർണമായി നീതിപാലിക്കുന്നവരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ; അത് നിങ്ങൾക്കുതന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽപോലും. അയാൾ(ആ കക്ഷി) ധനികനോ ദരിദ്രനോ ആണെങ്കിൽ അല്ലാഹുവാണ് അവർ രണ്ടുപേരോടും (അനുകമ്പ കാണിക്കാൻ നിങ്ങളെക്കാൾ)കൂടുതൽ അവകാശപ്പെട്ടവൻ. അതിനാൽ നിങ്ങൾ സ്വേച്ഛയെ പിൻപറ്റരുത്; നിങ്ങൾ നീതിപാലിക്കുന്നതിനുവേണ്ടിയാണിത്. നിങ്ങൾ(സത്യം)മറച്ചുവെക്കുകയോ(അതു വെളിപ്പെടുത്താതെ) പിന്മാറുകയോ ചെയ്യുന്നതായാൽ(ഓർക്കുക)അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് നല്ലവണ്ണം അറിവുള്ളവനാണ്.(4:136)

നീതിയുടെ നിലവാരം സ്ഥാപിക്കുന്നതിനുള്ള കല്പനയാണിത്. വ്യക്തിപരമായ കുടുംബകാര്യങ്ങളിലും സാമൂഹിക കാര്യങ്ങളിലും ഏതു അവസ്ഥകളുണ്ടായാലും നീതിയിലും ന്യായത്തിലും എപ്പോഴും നിലകൊള്ളേണ്ടതാണ്. മുഅ്മിനീംകൾക്കുള്ള കല്പന അവരുടെ സാക്ഷ്യം, അല്ലാഹുവിനുവേണ്ടിയും അല്ലാഹുവിന്റെ കല്പന അനുസരിച്ചുമായിരിക്കേണ്ടതാണ് എന്നാകുന്നു. അത് സാധ്യമാകുന്നത് അല്ലാഹുവിൽ തികഞ്ഞ വിശ്വാസമുണ്ടാകുമ്പോഴും വിശ്വാസത്തിന്റെ നിലവാരം അങ്ങേയറ്റം ഉയർന്നതാകുമ്പോഴും ശക്തമാകുമ്പോഴുമാണ്. മനുഷ്യൻ തനിക്കെതിരിൽ സാക്ഷി പറയേണ്ട ഘട്ടം വരുമ്പോഴും ഭാര്യാമക്കൾക്കെതിരിൽ സാക്ഷി പറയേണ്ട ഘട്ടം വരുമ്പോഴും ആവശ്യമെങ്കിൽ സ്വന്തം മാതാപിതാക്കൾക്കെതിരിൽ സാക്ഷ്യം പറയേണ്ട ഘട്ടം വരുമ്പോഴും ബന്ധുമിത്രാദികൾക്കെതിരെ സാക്ഷ്യം പറയേണ്ട ഘട്ടം വരുമ്പോഴും അതിനു തയ്യാറാകുമ്പോഴാണ് ഈമാനിന്റെ ശക്തി അറിയാൻ കഴിയുന്നത്. ശരീരേച്ഛകളെ പിൻപറ്റൽ നീതിയിൽനിന്ന് അകറ്റുന്നു. സ്വന്തം ശരീരേച്ഛകളെ പിൻപറ്റാൻ തുടങ്ങിയാൽ നീതിന്യായങ്ങളിൽനിന്ന് വിദൂരപ്പെട്ടുപോകും. ഇന്ന് സമൂഹത്തിൽ ഒട്ടുമിക്ക പ്രശ്നങ്ങളും ഉണ്ടാകുന്നത് നീതിയുടേയും ന്യായത്തിന്റേയും നിലവാരം അല്ലാഹു ആഗ്രഹിക്കുന്ന നിലവാരത്തിൽ അല്ലാത്തതാണ്. സ്വന്തം കാര്യങ്ങൾ വളച്ചൊടിച്ചു പറഞ്ഞ് അവതരിപ്പിക്കുന്നത് സാധാരണമായിരിക്കുന്നു.

ചില ഘട്ടങ്ങളിൽ നമ്മളിൽനിന്നുള്ള ചിലരും ഭൗതികതയുടേയും ചുറ്റുപാടിന്റേയും സ്വാധീനത്തിനുവഴങ്ങി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തിട്ടും ഇത്തരം കാര്യങ്ങൾ പ്രവർത്തിക്കുകയും യാഥാർഥ്യത്തിനു നിരക്കാത്ത സാക്ഷ്യം പറയുകയും ചെയ്യുന്നുവെന്നതാണ് വിഷമമുണ്ടാക്കുന്ന കാര്യം. വ്യക്തിപരമാണെങ്കിലും തങ്ങളുടെ മാതാപിതാക്കൾക്ക് നഷ്ടമുണ്ടാക്കുന്നതാണെങ്കിലും വളച്ചൊടിച്ചതും സത്യമായ സാക്ഷ്യം പറയുന്നതിൽനിന്ന് രക്ഷപ്പെടുന്നതിന് സത്യത്തെ മറച്ചുവെക്കുന്നതുമായ കാര്യം ഒരിക്കലും പറയരുതെന്നാണ് അല്ലാഹു പറയുന്നത്. ഇക്കാര്യങ്ങൾ നമ്മൾ നിത്യജീവിതത്തിൽ കണ്ടുവരുന്നു. ഉദാഹരണത്തിന് ഭാര്യാഭർത്താക്കന്മാരുടെ കാര്യങ്ങൾ. ഖളായിൽ ധാരാളം അത്തരം കാര്യങ്ങൾ വരാറുണ്ട്. അവിടെ സത്യത്തോടുകൂടി പ്രവർത്തിക്കുന്നില്ല. കൊടുക്കൽവാങ്ങൽ കാര്യങ്ങളുണ്ട്. അവിടേയും സത്യം മറച്ചുവെക്കുന്നതായി നമ്മൾ കാണുന്നു. മതപരമായ അറിവുള്ളവരും ബാഹ്യത്തിൽനോക്കുമ്പോൾ സേവനത്തിൽ മുൻപന്തിയിൽ നിൽക്കുന്നവരുമായ ചിലർ അത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ പ്രത്യക്ഷത്തിൽ വലിയ ആലിമായിട്ടുള്ള ഇത്തരമാളുകളും ഇത്തരത്തിലുള്ള പ്രവൃത്തികൾ ചെയ്യുമോ എന്നു കണ്ട് മനുഷ്യൻ വിഷമിച്ചു പോകുന്നു.

ഏതൊരു ഇമാമിനെയാണോ നമ്മൾ വിശ്വസിച്ചിട്ടുള്ളത് ആ മഹാത്മാവ് ഖുർആനിക കല്പനകളിലൂടെ നടന്ന് അന്യരേയും അത്ഭുതപ്പെടുത്തുകയും വ്യാകുലപ്പെടുത്തുകയും ചെയ്യുന്ന ഉദാഹരണങ്ങളാണ് സ്ഥാപിച്ചിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ പിതാവിന്റെ കർഷകർക്കെതിരിൽ ഒരു കേസിൽ ഹാജരായി. നിതിന്യായത്തിന്റെ തേട്ടം നിറവേറ്റിക്കൊണ്ട് സത്യം പറഞ്ഞു. അതിന്റെ നേട്ടമുണ്ടായത് കർഷകർക്കാണ്; ആ മഹാത്മാവിന്റെ പിതാവിന് നഷ്ടവും. അതിനാൽ നബി(സ) തിരുമേനിയുടെ ഏതൊരു സേവകനെയാണോ നമ്മൾ വിശ്വസിച്ചത് ആ മഹാത്മാവിന്റെ മാതൃക ഇതാണ്. ഈ മാതൃക മുന്നിൽവച്ചുകൊണ്ട് നമ്മൾ സാക്ഷി പറയേണ്ടതായ എല്ലാ കാര്യങ്ങളിലും ആത്മപരിശോധനനടത്തേണ്ട

താണ്.

നിയ്യത്ത് പരിശുദ്ധമാണെങ്കിൽ, അല്ലാഹുവിനുവേണ്ടി സാക്ഷിയായിക്കൊണ്ട് നീതിയെ ശക്തമായി പിടിക്കുകയാണെങ്കിൽ, തന്റെ സാക്ഷ്യത്തിന്റെ നിലവാരത്തെ ചൊവ്വായകാര്യങ്ങൾ പറയുന്നതിൽ നിലനിറുത്തുകയാണെങ്കിൽ, അല്ലാഹു-അവൻ റബ്ബാണ്, അവൻ റാസിഖാണ് (അന്നദാതാവ്), അവൻ സ്വയം സാധനങ്ങൾ ലഭ്യമാക്കുന്നതായിരിക്കും. സ്വയം ഭക്ഷണപദാർഥങ്ങളിൽ അനുഗ്രഹമിടുന്നതായിരിക്കും. അതുകൊണ്ട് എല്ലാ സമയവും നമ്മൾ ആത്മപരിശോധനനടത്തിക്കൊണ്ടിരിക്കേണ്ടതാണ്. നീതിയുടെ ഇത്തരം നിലവാരം സ്ഥാപിക്കാൻ നമ്മൾ ശ്രമിച്ചില്ലെങ്കിൽ വീടുകളിലെ സമാധാനവും സമൂഹത്തിലെ സമാധാനവും നിലനില്ക്കുകയില്ല. ഞാനോതിയ മാഇദായിലെ വചനത്തിന്റെ തർജമ ഇപ്രകാരമാണ്:

***'വിശ്വസിച്ചവരേ! നിങ്ങൾ നീതിയ്ക്കു സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിന്റെ വിരോധം അവരോടു നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ(എപ്പോഴും) നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവുമടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് അല്ലാഹു തീർച്ചയായും അറിയുന്നവനാണ്.' (5:9)***

ചില സ്ഥലങ്ങളിൽ മതപരമായ അഭിപ്രായ ഭിന്നതകളുണ്ടാകുന്നു. ഇക്കാരണത്താൽ മറ്റുള്ള മതക്കാർ അക്രമവും ചെയ്യാറുണ്ട്. അത്തരം അവസ്ഥകളിൽ ഒരു മുഅ്മിന്റെ ജോലി ജനതകളുടേയും മറ്റു മതക്കാരുടേയും അക്രമത്തിനു പകരം അക്രമം ചെയ്യുക എന്നതും നീതിയുടെ തേട്ടം പൂർത്തിയാക്കാതിരിക്കുകയും ചെയ്യുക എന്നതല്ല. ഒരു യഥാർഥ മുഅ്മിന്റെ ജോലി അല്ലാഹുവിന്റെ കല്പനകളെ മുറുകെ പിടിക്കുകയും അതിൽ നിലകൊള്ളുകയും അതിൽ അണുകിട അശ്രദ്ധ കാണിക്കാതിരിക്കുകയും ചെയ്യുക എന്നതാണ്. നീതിയെ അനുകൂലിച്ചുകൊണ്ട് സാക്ഷിയാകുക എന്നതിന്റെ അർഥംതന്നെ നിങ്ങളുടെ കർമപരമായ മാതൃകകൾ ലോകർക്ക്, മറ്റു മതക്കാർക്ക്, സമൂഹത്തിന് മാതൃകയാകും വിധം ഇസ്‌ലാമികാധ്യാപനങ്ങൾ പാലിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുക എന്നാണ്. മറ്റു ജനതകൾക്ക് മാതൃകയായിത്തീരണം.

ഇക്കാലത്ത് മുസ്‌ലീംകളുടെ അനീതികളെക്കുറിച്ച് പാശ്ചാത്യ ദേശത്ത് ധാരാളം പറയുന്നുണ്ട്. തങ്ങളുടെ മതക്കാരോടു നീതി കാണിക്കാത്തവർ അന്യമതക്കാരോടു എന്തു നീതി കാണിക്കാനാണെന്ന് ചോദിക്കുന്നു. ഇതു വളരെ വലിയ ദുരന്തമാണ്. മുസ്‌ലീംകൾ തന്നെ അവരുടെ പ്രവർത്തനങ്ങൾകൊണ്ട് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്നു. ഭരണാധികാരികൾ പൊതുജനങ്ങളുടെ അവകാശം അപഹരിക്കുന്നു. പൊതുജനങ്ങൾ ഭരണാധികാരികളോടു പോരാടുന്നു. ഭരണകൂടത്തോടു പോരാടുന്നു. ജനവാസ കേന്ദ്രങ്ങൾ അക്രമത്തിന് ഇരയാകുന്നു. നശിച്ചൊടുങ്ങിക്കൊണ്ടിരിക്കുന്നു. നാമധാരികളായ ഇസ്‌ലാം സംഘങ്ങൾ സ്വന്തം ആളുകളെ കൊന്നുകൊണ്ടിരിക്കുന്നു. അന്യരാജ്യങ്ങളിലും അക്രമപരമായ പ്രവർത്തനങ്ങൾ നടത്തുന്നു. ഇവർ തങ്ങളുടെ ആളുകളെ വധിക്കുന്നു, അതുകൊണ്ട് Justify ചെയ്യുകയാണെന്ന് പറഞ്ഞ് തങ്ങളുടെ അക്രമങ്ങളെ ന്യായീകരിക്കുന്നു.

ഈ ജനതകളുടെ ശത്രുത പിന്നീട് തങ്ങളുടെ കൂടുതൽ ശത്രുതകളുടെ കുഞ്ഞുങ്ങൾക്ക് ജന്മം നല്കിക്കൊണ്ടുപോകുന്നു. ഈ പരമ്പര ഒരിക്കലും അവസാനിക്കുകയില്ല. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്, ഒരു ജനതയുടെ ശത്രുതയും നീതിയുടെ ആവശ്യം പൂർത്തീകരിക്കാതിരിക്കാൻ നിർബന്ധിക്കുംവിധം നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ എന്ന്. നീതിയുടെ തേട്ടം നിങ്ങളെന്തായാലും പൂർത്തിയാക്കണം. നീതിയുടെ മാനദണ്ഡങ്ങൾ പൂർത്തിയാകാത്ത കാരണത്താലാണ് അക്രമം വർധിച്ചുകൊണ്ടിരിക്കുന്നത്. മുസ്‌ലീംകളുടെ കർമപ

ചില സ്ഥലങ്ങളിൽ മതപരമായ അഭിപ്രായ ഭിന്നതകളുണ്ടാകുന്നു. ഇക്കാരണത്താൽ മറ്റുള്ള മതക്കാർ അക്രമവും ചെയ്യാറുണ്ട്. അത്തരം അവസ്ഥകളിൽ ഒരു മുഅ്മിന്റെ ജോലി ജനതകളുടേയും മറ്റു മതക്കാരുടേയും അക്രമത്തിനു പകരം അക്രമം ചെയ്യുക എന്നതും നീതിയുടെ തേട്ടം പൂർത്തിയാക്കാതിരിക്കുകയും ചെയ്യുക എന്നതല്ല. ഒരു യഥാർഥ മുഅ്മിന്റെ ജോലി അല്ലാഹുവിന്റെ കല്പനകളെ മുറുകെ പിടിക്കുകയും അതിൽ നിലകൊള്ളുകയും അതിൽ അണുകിട അശ്രദ്ധ കാണിക്കാതിരിക്കുകയും ചെയ്യുക എന്നതാണ്. നീതിയെ അനുകൂലിച്ചുകൊണ്ട് സാക്ഷിയാകുക എന്നതിന്റെ അർഥംതന്നെ നിങ്ങളുടെ കർമപരമായ മാതൃകകൾ ലോകർക്ക്, മറ്റു മതക്കാർക്ക്, സമൂഹത്തിന് മാതൃകയാകും വിധം ഇസ്‌ലാമികാധ്യാപനങ്ങൾ പാലിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുക എന്നാണ്. മറ്റു ജനതകൾക്ക് മാതൃകയായിത്തീരണം.

രമായ മാതൃകകൾ ഇസ്‌ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമായതുകൊണ്ടാണ് അമുസ്‌ലീംകളും നമുക്കെതിരായിട്ടുള്ളത്. മുസ്‌ലീംകൾ തങ്ങളുടെ മാതൃകകൾ കാണിച്ചും ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനം ജനങ്ങൾക്കു പറഞ്ഞുകൊടുത്തും ഇസ്‌ലാമിക പ്രബോധനം നടത്തുകയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ, ഇവിടെ കണക്കുതന്നെ തലതിരിഞ്ഞതാണ്. മുസ്‌ലിം രാഷ്ട്രങ്ങളിൽ അക്രമങ്ങൾക്കു പുറമെ ഒന്നുംതന്നെ കാണാൻ കഴിയുന്നില്ല. ഒരു ജനതയുടെ ശത്രുത അവരോടു നീതി കാണിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ എന്ന വിശുദ്ധ ഖുർആന്റെ അധ്യാപനം എത്ര മനോഹരമാണ്. ഈ അധ്യാപനം മറ്റൊരു മതഗ്രന്ഥങ്ങളിലും നല്കപ്പെട്ടിട്ടില്ല.

ശത്രുക്കളോടുള്ള പെരുമാറ്റത്തിലും നീതിയുടെ നിലവാരം പൂർത്തീകരിക്കേണ്ടതാണ്. ഇതിലേക്ക് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ഇത് എത്രമാത്രം സുന്ദരമായ അധ്യാപനമാണ്. പക്ഷേ, അഹോ കഷ്ടം! ഈ അധ്യാപനം നിലനില്ക്കെ മുസ്‌ലീംകളുടെ കർമങ്ങൾ അമുസ്‌ലിം ലോകത്ത് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കി. നബി(സ)തിരുമേനി എത്രമാത്രം സൂക്ഷ്മമായി സ്വഹാബാക്കളെക്കൊണ്ട് ഇതനുസരിച്ച് പ്രവർത്തിപ്പിച്ചു. അതിന്റെ ചില ഉദാഹരണങ്ങൾ നല്കുകയാണ്.

ഒരിക്കൽ ഒരു യുദ്ധത്തിൽ അബദ്ധവശാൽ സ്വഹാബാക്കളുടെ കൈയാൽ ഒരു സ്ത്രീ വധിക്കപ്പെട്ടു. അവിടന്ന് ഇത് അറിഞ്ഞു. അവിടന്ന് സ്വഹാബാക്കളെ ശക്തമായി വഴക്കുപറഞ്ഞു. നിവേദനത്തിൽ വന്നിരിക്കുന്നു: അവിടത്തെ മുഖത്ത് എത്രമാത്രം ദ്വേഷം പ്രകടമായിരുന്നുവെന്നാൽ അതിനുമുമ്പേ ഒരിക്കലും അങ്ങനെ കണ്ടിട്ടില്ല. അബദ്ധവശാൽ സംഭവിച്ചതുപോയതാണെന്ന് സ്വഹാബാക്കൾ പറയുകയും ചെയ്തിരുന്നു. പക്ഷേ, അബദ്ധവശാൽ വധിക്കപ്പെട്ടിട്ടും നീതി സ്ഥാപിതമാകാത്തതിൽ ആ മഹാത്മാവിന് കഠിനമായ ബുദ്ധിമുട്ടുണ്ടായി.

നിവേദനത്തിൽ വന്നിരിക്കുന്നു, ഒരു യഹൂദിക്ക് ഒരു സ്വഹാബി നാലു ദിർഹം കടം വീട്ടാനുണ്ടായിരുന്നു. അതിന്റെ അവധി അവസാനിച്ചു കഴിഞ്ഞിരുന്നു. യഹൂദി വന്ന് നബി(സ)തിരുമേനിയോടു പരാതിപ്പെട്ടു; ഇയാൾ എനിക്ക് നാലു ദിർഹം തരാനുണ്ട് പക്ഷേ, തരുന്നില്ല. നബി(സ)തിരുമേനി ആ സ്വഹാബിയെ വിളിപ്പിച്ചു. അദ്ദേഹത്തിന്റെ പേര് അബ്ദുല്ലാഹ് എന്നായിരുന്നു. ഈ യഹൂദിയുടെ അവകാശം കൊടുക്കാൻ നബി(സ)തിരുമേനി അദ്ദേഹത്തോടു പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാഹ്(റ)പറഞ്ഞു: 'അങ്ങയെ സത്യത്തോടുകൂടി അയച്ച അല്ലാഹുവാണെ! എനിക്കു കടം വീട്ടാൻ കഴിവില്ല.' നബി(സ)തിരുമേനി വീണ്ടും അയാളോടു ആ വ്യക്തിയുടെ കടം വീട്ടാൻ പറഞ്ഞു. അങ്ങ് ഞങ്ങളെ ഖയ്ബറിലേക്ക് അയക്കുമെന്നും യുദ്ധമുതലിൽനിന്ന് കുറച്ചു ഭാഗം തരുമെന്നും തിരിച്ചു വന്ന് താൻ താങ്കളുടെ കടം വീട്ടുമെന്നും താൻ അയാളോടു പറഞ്ഞിട്ടുണ്ടെന്ന് നബി(സ)തിരുമേനിയോടു അബ്ദുല്ലാഹ് പറഞ്ഞു. അയാളുടെ കടം വീട്ടാൻ നബി(സ)തിരുമേനി അയാളോടു പറഞ്ഞു. നബി(സ)തിരുമേനി ഏതെങ്കിലും കാര്യം മൂന്നു പ്രാവശ്യം പറഞ്ഞാൽ അത് അഖണ്ഡിതമായ തീരുമാനമായി മനസ്സിലാക്കപ്പെടുമായിരുന്നു. അങ്ങനെ ഹദ്റത്ത് അബ്ദുല്ലാഹ് അതേ നേരം ബാസാറിൽപോയി. അദ്ദേഹം ഒരു ചാദുർ, മുണ്ടായി ഉടുത്തിരുന്നു. തലയിലിടുന്ന ഒരു തുണിയുമുണ്ടായിരുന്നു. തലയിലെ തുണിയെടുത്ത് അദ്ദേഹം മുണ്ടായി ഉടുത്തു. ചാദുർ നാല് ദിർഹമിന് വിറ്റ് കടംവീട്ടി. ഈ നിലവാരമായിരുന്നു നബി(സ)തിരുമേനി സ്ഥാപിച്ചിരുന്നത്. അബ്ദുല്ലാഹ് കൂടുതൽ സമയം ചോദിച്ചതുകൊണ്ട് അതു കൊടുക്കാൻ യഹൂദിയോടു പറഞ്ഞില്ല. മറിച്ച് പെട്ടെന്ന് യഹൂദിയുടെ കടം വീട്ടാൻ തന്റെ സ്വഹാബിയോടു പറഞ്ഞു. അതിനുവേണ്ടി അദ്ദേഹത്തിന് തന്റെ ഉടുതുണിപോലും അഴിച്ച് വില്ക്കേണ്ടി വന്നു. ഇതാണ് നീതിയുടേയും ന്യായത്തിന്റേയും നിലവാരം. ഈ നിലവാരം നമ്മൾ എല്ലാ തലത്തിലും നിലനിറുത്തുകയാണെങ്കിൽ ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ സേവകന്റെ യഥാർഥ വിശ്വാസികളിൽ പെടുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)നിയോഗിതനായതിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതായിരിക്കും.

ഞാൻ തിലാവത്ത് ചെയ്ത സൂറ അഅ്റാഫിലെ ആയത്തിലും അല്ലാഹു ഇതുതന്നെയാണ് നിർദേശിച്ചിട്ടുള്ളത്. അതിന്റെ തർജമ ഇപ്രകാരമാണ്: സത്യമനുസരിച്ച് ജനങ്ങളെ നയിക്കുകയും അതുകൊണ്ടുതന്നെ നീതി പുലർത്തുകയും ചെയ്യുന്ന ഒരു വിഭാഗം ആളുകൾ നാം സൃഷ്ടിച്ചവരിലുണ്ട്. മനുഷ്യൻ സ്വയം സന്മാർഗത്തിൽ നിലകൊളളുന്നില്ലെങ്കിൽ മറ്റുള്ളവർക്ക് എന്തു സന്മാർഗം നല്കാനാണ്. മനുഷ്യൻ സ്വയം നീതിയിൽ നിലകൊള്ളാത്തിടത്തോളം മറ്റുള്ളവർക്ക് എന്തു നീതി നല്കാനാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ചെയ്ത ബയ്അത്തു പ്രതിജ്ഞ പൂർത്തിയാക്കണമെങ്കിൽ, അവിടത്തെ മിഷനെ പൂർണമാക്കണമെങ്കിൽ ഇസ്‌ലാമിന്റെ സന്ദേശം ലോകർക്ക് എത്തിക്കണമെങ്കിൽ പ്രബോധനത്തിനോടുള്ള കടമ നിറവേറ്റണമെങ്കിൽ നബി(സ)തിരുമേനി നിർദേശിച്ച ഇസ്‌ലാമികാധ്യാപനനം അനുസരിച്ച് എല്ലാ ഉൽകൃഷ്ടമായ സ്വഭാവങ്ങളും സ്വായത്തമാക്കേണ്ടിവരും.

നമ്മൾ അല്ലാഹുവിന്റെ കല്പനകളിലൂടെ നടന്ന് നമ്മുടെ ജീവിതത്തെ വാർത്തെടുക്കാൻ അവൻ അനുഗ്രഹിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്ത ബയ്അത്തിനോടുള്ള കടമ നിറവേറ്റുന്നവരാകട്ടെ. നമ്മൾ മറ്റുള്ളവർക്ക് സന്മാർഗത്തിന്റേയും നീതിയുടേയും മാതൃകയാവട്ടെ.

# പ്രപഞ്ചം മുഴുക്കെ പ്രവർത്തിക്കുന്ന അഭിലേഖന വ്യവസ്ഥ

കോടാനുകോടി വർഷങ്ങൾക്ക് മുമ്പ് പോലും പ്രപഞ്ചത്തിൽ സംഭവിച്ച കാര്യങ്ങൾ രേഖപ്പെടുത്തുന്ന ഒരു അഭിലേഖന വ്യവസഥ (റിക്കാർഡിംങ്ങ് സിസ്റ്റം) പ്രപഞ്ചത്തിലുള്ളത് പുരാവസ്തു ശാസ്ത്രവും പ്രപഞ്ച ശാസ്ത്രവും വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു; എന്നിരിക്കെ മനുഷ്യന്റെ കർമ്മങ്ങൾ രേഖപ്പെടുത്തിയ ഒരു ഗ്രന്ഥത്തിന്റെ അമൂർത്തമായ അസ്തിത്വം നമുക്ക് നിഷേധിക്കാൻ സാധ്യമില്ല.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

ഇപ്പോൾ ഈ പരിപ്രേക്ഷ്യത്തിൽ ഉയരുന്ന ചോദ്യം, വിധി നാളിൽ ദൈവത്തിന്റെയും മാലാഖമാരുടെയും സാക്ഷ്യത്തിന്റെ പദവിയെ സംബന്ധിച്ചുള്ളതാണ്. മറ്റു മതങ്ങളുടെ അദ്ധ്യാപനങ്ങൾ നിങ്ങൾ അന്വേഷിക്കുകയാണെങ്കിൽ ഈ തരത്തിലുള്ള തെളിവുകളുടെ അഭാവം അതിൽ മുഴച്ചു നിൽക്കുന്നതായി കാണാൻ സാധിക്കും.

നിങ്ങൾ ദൈവത്തിന്റെയും മലക്കുകളുടെയും സാക്ഷ്യത്തിലും ശക്തിയിലും മാത്രമാണ് ബന്ധിക്കപ്പെട്ടതെന്ന് വിശുദ്ധ ഖുർആൻ ഒരിക്കലും അവകാശപ്പെടുന്നില്ല. ഖുർആനികമായ സമീപനം ഇതായിരുന്നുവെങ്കിൽ മാലാഖമാർ മനുഷ്യരെപ്പോലെയല്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് മനുഷ്യൻ അതിനെ എതിർക്കുമായിരുന്നു. അവർക്ക് ഒരിക്കലും പാപം ചെയ്യാൻ മനുഷ്യനെ പോലെ വൈകാരിക പ്രചോദനമോ ആന്തരികമായ പ്രേരണയോ ഉണ്ടാവില്ല. അതുകൊണ്ട് തന്നെ മനുഷ്യന്റെ വൈകാരിക പ്രേരണകളെ സംബന്ധിച്ച് അവരുടെ സാക്ഷ്യം സ്വയം തന്നെ പര്യാപ്തമാണെന്ന് കരുതാനാവില്ല. മനുഷ്യനെ സംബന്ധിച്ച് മനുഷ്യന്റെ സാക്ഷ്യം തന്നെ ആയിരിക്കണം.

സുപ്രസിദ്ധ കവി ഗാലിബ് തന്റെ ഉറുദു ഇരടിയിൽ ഇതേ ചോദ്യം തന്നെ ഉയർത്തുന്നുണ്ട്.

**'നാം മലക്കുകളുടെ സാക്ഷ്യത്താൽ മാത്രം നീതികരണമില്ലാതെ പിടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അവിടെ ഇതെല്ലാം രേഖപ്പെടുത്തുമ്പോൾ ഏതെങ്കിലും ഒരു മനുഷ്യ സാക്ഷി വേണ്ടവണ്ണം ഉണ്ടായിരുന്നോ?'**

വിശുദ്ധ ഖുർആൻ അതിനെക്കാൾ കുറച്ചുകൂടി കൂടുതൽ മുന്നോട്ടു പോകുന്നു. അത് പറയുന്ന സാക്ഷ്യം ഓരോ കുറ്റവാളിയും സ്വയം അവന്നെതിരെ സംസാരിക്കുമെന്നാണ്. അതായത് മറ്റു മനുഷ്യരുടെ തെളിവുകളല്ല ഒരാളെ കുറ്റവാളിയാക്കുന്നത്. അയാളുടെ സ്വയം കുറ്റ സമ്മതമാണ്. ഗാലിബിനോട് ദൈവത്തിന്റെ പറയപ്പെട്ടിട്ടില്ലാത്ത ഉത്തരം ഇതായിരിക്കും. ***'നിനക്കെതിരെ സാക്ഷ്യം നിൽക്കാൻ മറ്റൊരു മനുഷ്യന്റെ ആവശ്യമില്ല. നിന്റെ ഉദ്ദേശ്യങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും എതിരെ നീ തന്നെ സാക്ഷ്യം നിൽക്കും.'*** ഇത്പോലെയുള്ള കുറ്റസമ്മതത്തിന്ന് മനുഷ്യനായിക്കൊള്ളട്ടെ മലക്കുകളായി കൊള്ളട്ടെ പുറമെ നിന്നുള്ള സാക്ഷ്യത്തിന്റെ ആവശ്യമില്ല. മനുഷ്യൻ അവന്ന് സ്വയം എതിരായിക്കൊണ്ടുള്ള ഇത്തരത്തിലുള്ള സാക്ഷ്യങ്ങളെ പറ്റി വിശുദ്ധ ഖുർആനിലെ നിരവധി വചനങ്ങളിൽ പ്രതിപാദിക്കുന്നു. ചുരുക്കത്തിൽ കുറ്റവാളിക്കെതിരെയുള്ള കുറ്റസമ്മതം ദൈവത്തിന്റെയും മലക്കുകളുടെയും സാക്ഷ്യം പൂർണ്ണമായും പിന്തുണക്കുന്നു. ദൈവത്തിന്റെ ദിവ്യമായ അഭിലേഖന വ്യവസ്ഥ (റിക്കാർഡിംങ്ങ് സിസ്റ്റം) എല്ലാം തന്നെ സമഗ്രമാണ്. വിധിനാളിൽ സകല കാര്യങ്ങളും ഉള്ളടങ്ങിയ രീതിയിലുള്ള ഈ സാക്ഷ്യത്തെ പറ്റി സംഭ്രമാത്മകമായി മനുഷ്യൻ അത്ഭുതപ്പെടുന്നത് സംബന്ധിച്ച് താഴെ കാണുന്ന ഖുർആൻ വചനത്തിൽ പറയുന്നുണ്ട്. മനുഷ്യൻ പറയും

**‘അഹോ കഷ്ടം! ഇതെന്തൊരു ഗ്രന്ഥമാണ്?! ചെറുതും വലുതുമായ ഒന്നും തന്നെ അത് രേഖപ്പെടുത്താതെ വിട്ടു കളഞ്ഞിട്ടില്ലല്ലോ!’ (സൂറ അൽ കഹ്ഫ് 18 :50)**

ഇതിന്നർത്ഥം കുറ്റവാളിക്ക് മുമ്പിൽ സമർപ്പിക്കുന്ന രേഖകൾ എല്ലാം പരിപൂർണ്ണമായിരിക്കും എന്നാണ്. അതായത് കുറ്റത്തിന്റെ ഈ വിശദരൂപം അവനെ ഈ രേഖയിലൂടെ ഓർമ്മപ്പെടുത്തുന്നത് വരെ അവൻ സ്വയം ഇതൊന്നും ഓർത്തിരിക്കുകയില്ല. ഒരു കാര്യം സംഭവിച്ചു കഴിഞ്ഞാൽ അതിന്റെ അസ്തിത്വത്തിൽ നിന്നും അത് ഒരിക്കലും മാഞ്ഞുപോവുന്നില്ല.

ഇതേ വിഷയം തന്നെ വിശുദ്ധ ഖുർആനിലെ സൂറ: ലുഖ്മാൻ എന്ന അദ്ധ്യായത്തിൽ 17-ാമത്തെ വചനം ലുഖ്മാൻ തന്റെ മകനെ താക്കീത് ചെയ്യുമ്പോൾ കൂടുതൽ വിശദീകരിച്ചു പറയുന്നുണ്ട്.

**‘എന്റെ പ്രിയപ്പെട്ട മകനേ, അത് കടുക് മണിത്തൂക്കമായിരുന്നാൽ പോലും പിന്നീട് പാറക്കുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെ ആയിരുന്നാലും, അല്ലാഹു അതിനെ പുറത്ത് കൊണ്ട് വരുന്നതാണ്. അല്ലാഹു സൂക്ഷ്മജ്ഞനും സർവ്വഥാ ജാഗരൂഗനുമാണ്.’ (സൂറ:ലുഖ്മാൻ. 31:17)**

മേൽ പറഞ്ഞ വചനങ്ങൾ പരിശുദ്ധ പ്രവാചകന്ന് വെളിപ്പെട്ട കാലഘട്ടത്തിൽ ചെറുതും വലുതുമായ എല്ലാ വസ്തുക്കളും സ്വയം തന്നെ അദൃശ്യമായ ദൈവിക സംവിധാനത്താൽ രേഖപ്പെടുത്തപ്പെടുമെന്ന് ഭൂമിയിലെ ഒരു മനുഷ്യന്നും അവന്റെ ഭാവനയുടെ പരമസീമയിൽ വെച്ച് പോലും സങ്കൽപ്പിക്കാൻ സാദ്ധ്യമല്ലായിരുന്നു. ഈ വചനം വളരെ വ്യക്തമായി സൂചിപ്പിക്കുന്നത് പ്രവാചകനായ മുഹമ്മദി (സ)ന്ന് ആ കാലഘട്ടത്തിൽ അറിയപ്പെടാത്ത ഒരു കാര്യം ഒരു അസ്തിത്വം അറിയിച്ചുകൊടുക്കുകയായിരുന്നു എന്നാണ്.

നിങ്ങൾ ഒരു പ്ലാനിറ്റോറിയം സന്ദർശിക്കുകയാണെങ്കിൽ ഇരുപത് ബില്ല്യൻ വർഷങ്ങൾക്ക് മുമ്പ് സംഭവിച്ച ബിഗ് ബാങ്ങി (മഹാവിസ്പോടനം)ന്റെ ശബ്ദം അന്തരീക്ഷത്തിൽ ഇപ്പോഴും സ്പന്ദിച്ചുകൊണ്ടിരിക്കുന്നു എന്നതിന്ന് നിങ്ങൾക്ക് സ്വയം തന്നെ സാക്ഷിയാകാൻ സാധിക്കും. വളരെ സൂക്ഷ്മമായ ശാസ്ത്രീയ ഉപകരണങ്ങളുടെ സഹായത്തോടെ ആ ശബ്ദ തരംഗത്തെ നൂറുക്കണക്കിന്ന് ഇരട്ടി ശക്തി വർദ്ധിപ്പിച്ചുകൊണ്ട് മനുഷ്യന്റെ ശ്രവണപുടങ്ങൾക്ക് ഇപ്പോഴും അതിന്റെ പ്രതിദ്ധ്വനി കേൾക്കാൻ സാധിക്കും.

പുരാവസ്തു ശാസ്ത്രജ്ഞന്മാർ പുരാതനമായ അവശിഷ്ടങ്ങൾ ഖനനം ചെയ്യുമ്പോൾ ദശലക്ഷക്കണക്കിന്ന് അല്ലെങ്കിൽ കോടിക്കണക്കിന്ന് വർഷങ്ങൾക്ക് മുമ്പ് പോലും നടന്ന സംഭവങ്ങൾ അനാവരണം ചെയ്യുന്നു. ഫോസിലീകരിക്കപ്പെട്ട അവയുടെ അക്കാലത്തെ വാക്കുകളില്ലാത്ത കഥ നമുക്ക് കേൾക്കാവുന്നതാണ്. അനാഛാദനം ചെയ്യാത്ത അവയുടെ കഥകൾ ഇനിയും പറഞ്ഞു തീർന്നിട്ടില്ല. മനുഷ്യൻ പുരോഗമിക്കുന്നതനുസരിച്ച് കൂടുതൽ ഭൂതകാലം അവന്ന് മുന്നിൽ ഉദയം ചെയ്തുകൊണ്ടിരിക്കും. ഉന്മൂലനം ചെയ്യപ്പെട്ട ജീവികളുടേത് പോലും പൂർണ്ണ ഫോസിലീകൃതമായ അവയുടെ അവശേഷിച്ച അസ്ഥിപഞ്ചര രേഖകൾ ഭൂതകാല രേഖകളായി നമുക്ക് ലഭിക്കുന്നു.

പുരാവസ്തു ശാസ്ത്രം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ജീവികളുടെ വളരെ സൂക്ഷ്മമായ വിവരങ്ങൾ വരെ വായിച്ചെടുക്കാൻ സാദ്ധ്യമാകും. ആ ജീവികളെ പിടികൂടിയ രോഗം, അതിന്റെ കഴിവുകൾ, അതിന്റെ ശേഷിയും ബലഹീനതയും, അതിന്റെ ഓട്ടത്തിന്റെ വേഗത, അതിന്റെ ഉയരം, അതിന്റെ ഭക്ഷണത്തിന്റെ പ്രകൃതം, അത് മാംസഭുക്കോ സസ്യഭുക്കോ മുതലായ കാര്യങ്ങളെല്ലാം അവർ വായിച്ചെടുക്കുന്നു. ആ മൃഗം സസ്യഭുക്കോ മാംസഭുക്കോ? അതിന്റെ സ്വഭാവ പ്രകൃതിയെന്ത്- അത് ധീരതയുള്ളതോ ഭീരുവോ? ബുദ്ധിയുള്ളതോ? ബുദ്ധി ഹീനമോ? ഇപ്രകാരം ഈ ഗോളത്തിൽ ജീവിച്ചിരുന്ന ജീവികളെ പറ്റി അവ ചലിക്കുകയും വിശ്രമിക്കുകയും ചെയ്തിരുന്ന രീതി. അവയുടെ ജീവിതശൈലി, മുതലായ വിവരങ്ങൾ അവ നശിച്ചൊടുങ്ങി വളരെ കാലം കഴിഞ്ഞതിന്ന് (ചിലപ്പോൾ ദശലക്ഷക്കണക്കിന്ന് വർഷങ്ങൾക്ക് ശേഷം) ക്രമേണ അനാവരണം ചെയ്യപ്പെടുകയും നമുക്ക് സമ്പൂർണ്ണ ജീവിത ചരിത്രം ലഭിക്കുകയും ചെയ്യുന്നു

അപ്രകാരം താരതമ്യേന സമീപ ഭൂതകാലത്ത് വസിച്ചിരുന്ന മനുഷ്യന്റെ ഫോസിൽ സൂക്ഷ്മമായ ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമാക്കുകയും മരിച്ച പ്രത്യേക ആളിന്ന് എന്ത് രോഗം മൂലമാണ് മരിച്ചത് എന്ന വളരെ സൂക്ഷ്മമായ കാര്യങ്ങൾ വരെ ആധികാരികമായി വെളിപ്പെടുത്താൻ ശാസ്ത്രജ്ഞന്മാർക്ക് സാധിക്കുമെന്ന് അവകാശപ്പെടുന്നു. ഉദാഹരണത്തിന്ന് സിഫിലീസ് ഗൊണേറിയ മുതലായ ഗുഹ്യരോഗങ്ങൾ വന്നാണ് മരിച്ചതെങ്കിൽ പോലും അത് കണ്ടുപിടിക്കാൻ കഴിയും. ചുരുക്കത്തിൽ എല്ലാം രേഖപ്പെടുത്തപ്പെട്ടതാണ്. ആലേഖനം ചെയ്യപ്പെട്ടതെല്ലാം അതിന്റെ വർത്തമാനം പറയുന്നതുമാണ്.

മനുഷ്യന്ന് അവന്റെ പരിമിതമായ ജ്ഞാനം വെച്ച് കൊണ്ട് ഭൂതകാലത്തെ ഈ ലിഖിതങ്ങൾ വായിക്കുകയും മനസ്സിലാക്കുകയും ചെയ്യാമെങ്കിൽ അവന്റെ തന്നെ വ്യക്തിപരമായ രേഖകൾ ദൈവികമായ ആലേഖന സംവിധാനത്തിൽ നിന്നും രക്ഷപ്പെടുമെന്ന തെറ്റിദ്ധാരണ വെച്ചുപുലർത്തി ജീവിക്കുന്നത് എത്രമാത്രം മൂഢത്തരമാണ്. മാഞ്ഞുപോകാത്ത ഈ തെളിവുകളുടെ ബലത്തിൽ താൻ ഭൂതകാലത്ത് ചെയ്തുകൂട്ടിയ അകൃത്യങ്ങളുമായി ഒരുനാൾ കണ്ടുമുട്ടുമെന്ന കാര്യം മനുഷ്യൻ വിസ്മരി

ക്കുന്നു. ഇന്നത്തെ പുരാവസ്തു ശാസ്ത്രജ്ഞന്മാരേക്കാൾ നല്ലനിലയിൽ ഈ അഭിലേഖന വ്യവസ്ഥയുടെ സ്രഷ്ടാവിന്ന് അതിൽ അന്തർലീനമായ സന്ദേശങ്ങൾ വായിക്കാൻ ഏറ്റവും നല്ലനിലയിലുള്ള സജ്ജീകരണങ്ങളുണ്ട്. മനുഷ്യൻ ഈ വ്യവസ്ഥ കൂടുതൽ സൂക്ഷ്മമായി പഠിക്കുകയാണെങ്കിൽ അവന്റെ ഹൃദയത്തിലെ ഏറ്റവും അഗാധ തലങ്ങളിൽ നിന്നും ഉയരുന്ന ശബ്ദങ്ങൾ പോലും അതിന്റെ രൂപീകരണ കാലം മുതൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു എന്നറിയുമ്പോൾ അവൻ കിടിലംകൊണ്ടുപോകും. അതുപോലെ കുറ്റം ചെയ്യാനുള്ള ഉദ്ദേശ്യം അതിന്റെ സ്വപ്ന സദൃശമായ അവസ്ഥയിൽ പോലും ഈ ആലേഖന വ്യവസ്ഥയിൽ നിന്നും രക്ഷപ്പെടുന്നില്ല എന്നിരിക്കെ മനുഷ്യന്ന് എങ്ങനെയാണ് ചോദ്യം ചെയ്യുന്ന ഈ സന്ദർഭത്തിൽ നിന്നും ഓടി രക്ഷപ്പെടാൻ സാധിക്കുക?.

ഈ വിഷയം കൂടുതൽ വിശദീകരിച്ചുകൊണ്ട് പരിശുദ്ധ പ്രവാചകൻ കൂട്ടിചേർത്ത് പറഞ്ഞത്, ദൈവം അവൻ ഇഛിക്കുന്നത് പോലെ തന്റെ അറ്റമില്ലാത്ത മാപ്പ് അരുളുന്നതാണ് എന്നാണ്. പാപ കൃത്യങ്ങളുടെ സർവ്വ സീമകളും ലംഘിച്ച പാപിയായ ഒരു മനുഷ്യന്റെ കഥ പരിശുദ്ധ പ്രവാചകൻ (സ) ഒരു സദൃശ കഥയായി ഇവിടെ അവതരിപ്പിക്കുന്നുണ്ട്. ആ പാപിയായ മനുഷ്യൻ അയാളുടെ ആഗ്രഹ സാഫല്യത്തിന്ന് സാദ്ധ്യമാകുന്ന എല്ലാ പാപങ്ങളും നിർവ്വഹിച്ചു. മരണാസന്നനായപ്പോൾ അയാൾ തന്റെ മക്കളോട് താക്കിത് ചെയ്തത്, താൻ മരിച്ചാൽ മൃതദേഹം കത്തിച്ച് ചാരമാക്കാൻ വേണ്ടിയായിരുന്നു. മക്കൾ അപ്രകാരം ചെയ്തതിന്ന് ശേഷം ഒരു കാറ്റുള്ള ദിനത്തിൽ കരയിലും വെള്ളത്തിലും ആ ചാരം പാറ്റിക്കൊണ്ട് അയാളുടെ ജീവിത രേഖ ആസകലം നശിപ്പിച്ചു. പരിശുദ്ധ പ്രവാചകൻ (സ) തുടർന്നു. വിധിനാളിൽ പ്രത്യക്ഷത്തിൽ വീണ്ടെടുക്കാൻ അസാദ്ധ്യമെന്ന് നാം കരുതുന്ന ആ മനുഷ്യന്റെ ചാരത്തിൽ നിന്നും അയാളെ പുനസൃഷ്ടിച്ചുകൊണ്ട് ദൈവം അയാളോട് ചോദിക്കും. നീ എന്തുകൊണ്ടാണ് ഇപ്രകാരം ചെയ്തത്? അയാളുടെ ഉത്തരം ഇങ്ങനെയായിരിക്കും. 'ഞാൻ നിന്നെ ഭയപ്പെട്ടതുകൊണ്ടാണ് അപ്രകാരം ചെയ്തത്.' ദൈവം അപ്പോൾ ഇങ്ങനെ പ്രതികരിക്കും 'എന്നെ ഭയപ്പെടുന്നവർക്ക് പൊറുത്തുകൊടുക്കാനുള്ള അധികാരം കൂടി എനിക്കുണ്ട് ഞാൻ അപ്രകാരം ചെയ്തെങ്കിൽ' അങ്ങനെ ദൈവം ഭൂമിയിലെ ഈ കൊടുംപാപിക്ക് വിചാരണക്ക് ശേഷം മാപ്പരുളുകയുണ്ടായി.

ഈ പ്രവാചക വചനം ഒരിക്കലും പാപം ചെയ്യാൻ പാപികളെ പ്രോത്സാഹിപ്പിക്കുന്നില്ല. ആ ഹദീസ് അയാളോട് പറയുന്നത് ഇത്ര മാത്രമാണ്. അതായത് ദൈവം ഇഛിക്കുകയാണെങ്കിൽ പാപിയായ ഒരുവന്ന് ദൈവം പൊറുത്തുകൊടുക്കുന്നതാണ്. അതുകൊണ്ട് ദൈവത്തിന്റെ പൊറുമയിൽ ഒരിക്കലും തന്നെ പ്രതീക്ഷ കൈവിടേണ്ടതില്ല. ഒരാൾ പാപകൃത്യങ്ങളിൽ നിന്ന് കഴിയുന്നത്ര സ്വയം മാറി നിൽക്കണം. അയാൾക്ക് ഒരിക്കലും തന്നെ താൻ ചെയ്ത പാപങ്ങളെ പ്രതി നിരാശയിൽ സ്വയം മുങ്ങി താഴാൻ അനുവാദമില്ല. അയാൾക്ക് ദൈവത്തിന്റെ അപരിമേയമായ കാരുണ്യത്തിൽ വിശ്വാസമുണ്ടായിരിക്കണം. ഇതിനെല്ലാറ്റിന്നും ഇടയിൽ ദൈവത്തിൽ നിന്നും കുറ്റങ്ങൾ മറച്ചുവെച്ച് കൊണ്ട് ശിക്ഷയിൽ നിന്ന് രക്ഷപ്പെട്ടുകളയാമെന്ന ചിന്തയിൽ ആരും അഭിരമിക്കേണ്ടതില്ല. അത്തരത്തിലുള്ള ബാലിശമായ ശ്രമം കാണുമ്പോൾ ഞാൻ ഒരിക്കൽ കണ്ട മഠയനായ ഒരു കൗമാരക്കാരന്റെ ഓർമ്മയാണ് മനസ്സിൽ ഓടിയെത്തുന്നത്. കോഴി ധാന്യം കൊത്തിപ്പെറുക്കുന്നത് പോലെ അതിവേഗത്തിൽ പള്ളിയിൽ വെച്ച് നമസ്ക്കരിച്ചു കൊണ്ടിരിക്കുന്ന ഒരു ബാലനെ ഞാൻ കാണുകയുണ്ടായി. അവൻ നമസ്ക്കരിച്ച് കഴിഞ്ഞ് അധികം വൈകാതെ ഞാൻ അവനോട് നീ ഇങ്ങനെ നമസ്ക്കരിക്കാനുള്ള കാരണം ആരാഞ്ഞു. അവന്റെ മറുപടി ഞാൻ ദൈവത്തോടുള്ള എന്റെ കടമ നിർവ്വഹിക്കുകയാണ്. ഞാൻ ദൈവത്തെ തൃപ്തിപ്പെടുത്താൻ വെറുതെ കളിപ്പിക്കുകയാണെന്നോ ഗൗരവതരമായ പ്രാർത്ഥന നടത്തുകയാണെന്നോ എങ്ങനെ ദൈവത്തിന്ന് അറിയാൻ സാധിക്കും! ഈ മറുപടി പറഞ്ഞ ആൾ നിസ്സാരനായ ഒരു ബാലനാണ്. എന്നാൽ, അഹോ കഷ്ടം, മതത്തിന്റെ അകവും പുറവും അറിയാമെന്ന് വിശ്വസിക്കപ്പെടുന്ന പണ്ഡിതന്മാരെന്ന് അവകാശപ്പെടുന്നവർ, അവരുടെ ജീവിതം മുഴുവൻ ദൈവത്തെ വഴിതെറ്റിക്കാൻ വേണ്ടി പാഴ്വേലചെയ്യുകയാണ്. ആർക്കും തന്നെ ദൈവത്തെ വഴിതെറ്റിക്കാനാവില്ല. വിശുദ്ധ ഖുർആനിലെ ഹാ മീം സജദ എന്ന അദ്ധ്യായത്തിൽ നിന്നും ഒരു വചനം ഇപ്രകാരമാണ്.

**'അവരുടെ കാതുകളും അവരുടെ കണ്ണുകളും അവരുടെ ചർമ്മങ്ങളും അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ചെയ്തികളെ സംബന്ധിച്ച് അവർക്കെതിരെ സാക്ഷി പറയുന്നതാണ്. അവർ തങ്ങളുടെ ചർമ്മങ്ങളോട് ചോദിക്കും: 'നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരെ സാക്ഷി പറഞ്ഞത്?' ആ ചർമ്മങ്ങൾ പറയും, 'സർവ്വവസ്തുക്കളേയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെയും സംസാരിപ്പിക്കുന്നു. അവനാണ് ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത്. അവനിലേക്ക് തന്നെ നിങ്ങൾ തിരിച്ചു കൊണ്ടു പോകപ്പെടുന്നതുമാണ്.' (നിങ്ങൾ പാപം ചെയ്യുമ്പോൾ) നിങ്ങളുടെ കാതുകളോ കണ്ണുകളോ ചർമ്മങ്ങളോ നിങ്ങൾക്കെതിരിൽ സാക്ഷി പറയാതിരിക്കാൻ നിങ്ങൾ (അവയിൽ നിന്ന്) സ്വയം മറഞ്ഞു നിൽക്കുന്നവരായിരുന്നില്ല. പക്ഷേ നിങ്ങൾ പ്രവർ**

**ശേഷം പേജ് 38 ൽ**

# സർ സഫറുല്ലാഹ് ഖാൻ

അന്തർദേശീയ തലത്തൽ അറിയപ്പെടുന്ന ഇന്ത്യയിലെ ഏറ്റവും പ്രഗത്ഭനായ മുസ്‌ലിം നിയമജ്ഞനും ഒട്ടേറെ അന്തർ ദേശീയ നിയമ വിദ്യാപീഠങ്ങളുടെ ഉപദേശകനും നിരവധി നിയമ ഗ്രന്ഥങ്ങളുടെ കർത്താവും ഇന്ത്യയിലെ സുപ്രിം കോടതിയും ഹൈക്കോടതികളും നിരന്തരം ഉദ്ദരിക്കപ്പെടുന്ന ആധികാരിക പണ്ഡിതനും ഡൽഹി യൂണിവേഴ്സിറ്റി, അലിഗഡ് മുസ്‌ലിം യൂണിവേഴ്സിറ്റികളിലെ ലോ ഫാക്കൽട്ടിയും ദേശീയ ന്യൂനപക്ഷ കമീഷൻ ചെയർമാൻ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗം, ഇന്ത്യൻ ലോ കമീഷൻ അംഗം എന്നീ വിവിധ സ്ഥാനങ്ങൾ വഹിച്ച ഇന്ത്യയിൽ ജീവിച്ചിരിക്കുന്ന മഹാനായ നിയമ പണ്ഡിതനാണ് ഡോ. തഹിർ മഹ്മൂദ്. അദ്ദേഹം തന്റെ Reminiscing on Law Brains എന്ന ഗ്രന്ഥത്തിൽ വിശ്വപൗരനും അഹ്മദിയുമായ സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബിനെ ആദരപൂർവ്വം സ്മരിക്കുകയാണ്.

ഡോ. തഹിർ മഹ്മൂദ്

സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ ഭാരത മാതാവിന്റെ മഹാനായ ഒരു പുത്രനാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ പാകിസ്താന്റെ നീതിയുക്തമല്ലാത്ത അവകാശ വാദം കാരണം നമ്മുടെ രാജ്യം അദ്ദേഹത്തെ കൈവെടിയുകയാണുണ്ടായത്. മഹാനായ ഈ നിയമജ്ഞൻ അവിഭക്ത ഭാരതത്തിലെ പഞ്ചാബിൽ 1893 ഖാദിയാനി അഹ്മദിയ്യാ വിഭാഗത്തിൽപ്പെട്ട ഒരു കുടുംബത്തിലാണ് ജനിച്ചത്. പ്രഗത്ഭനായ അഭിഭാഷകനും തത്വ ചിന്തകനുമായ ഡോ. മുഹമ്മദ് ഇഖ്ബാലിന്റെ മാർഗ്ഗനിർദ്ദേശത്തിൽ ലാഹോർ ഗവ: കോളേജിൽ നിന്നും ബിരുദം നേടിയതിന്ന് ശേഷം അദ്ദേഹം കിംങ്ങ്സ് കോളേജിൽ നിന്നും നിയമ ബിരുദം സമ്പാദിക്കാൻ ലണ്ടനിലേക്ക് പോയി. 1914 ൽ ലിങ്കൻസ് ഇന്നിൽ (Lincoln's Inn)* വക്കീലായി പ്രാക്ടീസ് ആരംഭിക്കുകയും ചെയ്തു. ഇന്ത്യയിൽ അദ്ദേഹം മടങ്ങി വന്ന് സിയാൽ കോട്ടിലാണ് പ്രാക്ടീസ് ചെയ്തത്. 1926 ൽ സർ സഫറുല്ലാഹ് ഖാനെ പഞ്ചാബ് ലജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെടുകയുമുണ്ടായി.

ഇന്ത്യക്ക് സ്വയംഭരണം വേണമെന്ന് ആവശ്യത്തിന്ന് വേണ്ടി ലണ്ടനിൽ ചേർന്ന വട്ട മേശ സമ്മേളനത്തിൽ മൂന്ന് തവണ (1930 - 32) സർ സഫറുല്ലാഹ് ഖാൻ സംബന്ധിക്കുകയുണ്ടായി. 1935 മുതൽ 1941 വരെ കേന്ദ്ര ലജിസ്ലേറ്റീവ് അസംബ്ലിയിൽ അദ്ദേഹം ഒരു അംഗമായിരുന്നു. പിന്നീട് അദ്ദേഹം പല ഉന്നത സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. ലീഗ് ഓഫ് നേഷനിൽ ഇന്ത്യൻ സംഘത്തെ നയിച്ച് കൊണ്ട് ജനീവയിലേക്ക് പോയി (1939). 1942 ൽ ചൈനയിൽ ഇന്ത്യയുടെ ഏജന്റ് ജനറലായി പ്രവർത്തിച്ചു. 1945ൽ ഇന്ത്യൻ കോമൺ വെൽത്ത് റിലേഷൻസ് കോൺഫ്രൻസിൽ ഇന്ത്യയുടെ പ്രതിനിധിയായി പങ്കെടുത്തു. അദ്ദേഹത്തിന്റെ അവിഭക്ത ഇന്ത്യയിലെ അവസാനത്തെ നിയമനം ഫെഡറൽ കോർട്ട് ജഡ്ജ് ആയിട്ടായിരുന്നു. ബ്രിട്ടീഷ് ഭരണത്തിൽ നിന്നും നാം സ്വതന്ത്രമായതിനെ തുടർന്നുണ്ടായ ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ നിർഭാഗ്യകരമായ വിഭജനം വരെ അദ്ദേഹം ആ സ്ഥാനം വഹിക്കുകയുണ്ടായി.

മതപരമായ പശ്ചാത്തലത്തിൽ നേടിയെടുത്ത പാകിസ്താന്റെ ആദ്യത്തെ ഭരണ ഘടനാ നിർമാണ സഭയിൽ വിരോധാഭാസമെന്ന് പറയട്ടെ അതിന്റെ സ്ഥാപകനായ മുഹമ്മദലി ജിന്ന പാകിസ്താൻ ഒരു സെക്കുലർ രാജ്യമാണെന്ന് പ്രഖ്യാപിച്ചു. ഫെഡറൽ കോർട്ട് ജഡ്ജിയായിരുന്ന സർ സഫറുല്ലാഹ് ഖാനെ ജിന്ന തന്റെ പക്ഷത്തേക്ക് തട്ടിയെടുക്കുകയായിരുന്നു. ഒരു പക്ഷേ മതമൗലിക വാദത്തിൽ നിന്നും മതപുരോഹിത ഭരണ (തിയോക്രറ്റിക്ക് സ്റ്റേറ്റ്) മായി

* ഇംഗ്ലണ്ടിലെ പ്രശസ്തമായ നാല് കോടതികളിലൊന്നാണ് ലിങ്കൻസ് ഇൻ

മാറുന്നതിൽ നിന്നും അകന്നു മാറി, പാകിസ്താനെ ഒരു ആധുനിക രാഷ്ട്രമായി മാറ്റിയെടുക്കാനുള്ള ഉദ്യമത്തിൽ അദ്ദേഹം ജിന്നയുടെ വലംകയ്യായി തീരുമെന്ന പ്രതീക്ഷയിലായിരുന്നു ജിന്ന തന്റെ പക്ഷത്തേക്ക് സഫറുല്ലാഹ് ഖാനെ കൊണ്ടുപോയത്. ജിന്നക്ക് സർവ്വസമ്മതനായ സർ സഫറുല്ലാഹ് ഖാൻ അങ്ങനെ പാകിസ്താന്റെ വിദേശകാര്യ മന്ത്രിയായി. കോൺസ്റ്റിറ്റ്യുവെന്റ് അസംബ്ലിയിൽ നിർഭയനായിക്കൊണ്ട് അദ്ദേഹം ഇപ്രകാരം ഗർജ്ജിച്ചു

*'ദുഃഖകരമായ കാര്യം, പ്രധാനമായും തെറ്റിദ്ധാരണ മൂലം മുസ്‌ലിംകൾ അവരുടെ ശൈഥില്യത്തിന്റെ കാലഘട്ടത്തിൽ ജുഗുപ്സയുളവാക്കും വിധം അസഹിഷ്ണുതക്കുള്ള ഖ്യാതി സമ്പാദിച്ചിരിക്കുന്നു എന്നതാണ്. പക്ഷേ അത് ഇസ്‌ലാമിന്റെ കുറ്റം കൊണ്ടല്ല. തുടക്കം മുതൽ തന്നെ ഇസ്‌ലാം വിശാലമായ സഹിഷ്ണുത പ്രഖ്യാപിക്കുകയും അതിന്റെ അദ്ധ്യാപനങ്ങൾ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്'*

നിർഭാഗ്യകരമെന്ന് പറയട്ടെ പാകിസ്താന്ന് ഒരു മതേതര മാർഗ്ഗദർശനം നൽകാൻ ജിന്ന അധികകാലം ജീവിച്ചില്ല. മത യാഥാസ്ഥിതികത്വത്തിന്റെ മാളത്തിലേക്ക് പാകിസ്താൻ ക്രമേണ വഴുതി വീഴുകയായിരുന്നു.

തുടക്കം മുതൽ തന്നെ പാകിസ്താനിൽ അഹ്മദിയ്യാ വിഭാഗത്തെ മുസ്‌ലിം സമൂഹത്തിൽ നിന്നും പുറത്താക്കാൻ മത വൃത്തങ്ങൾ ആവശ്യപ്പെട്ടിരുന്നു. ജിന്നയെ തുടർന്നു വന്ന ലിയാഖത്ത് അലി ഖാനും ഖ്വാജാ നാസീമുദ്ദീനും ഈ ആവശ്യത്തെ ആവുന്നതും ചെറുത്തുനിന്നു. അവർ സഫറുല്ലാഖാന്റെ നിയമ പരിജ്ഞാനം ലോക രാഷ്ട്രങ്ങൾക്കിടയിൽ പാകിസ്താന്റെ വിശ്വാസ്യത വളർത്താൻ ഉപയോഗിക്കുകയായിരുന്നു. പാകിസ്താന്റെ വിദേശ കാര്യമന്ത്രി എന്ന നിലക്ക് ഐക്യരാഷ്ട്ര സഭയിൽ സഫറുല്ലാഹ് ഖാൻ തന്റെ രാജ്യത്തെ മതാധിഷ്ഠിതമല്ലാത്ത ഒരു രാഷ്ട്രമാക്കി അവതരിപ്പിക്കുകയും ഫലസ്തീൻ പ്രശ്നം ഉന്നയിച്ചു കൊണ്ട് അറബ് രാഷ്ട്രങ്ങളുടെ സൗഹൃദം നേടിയെടുക്കാൻ പാകിസ്താന്ന് സാദ്ധ്യമാക്കുകയും ചെയ്തു. അതിനിടക്ക് ഹേഗിലെ അന്തരാഷ്ട്രാ കോടതിയുടെ ചീഫ് ജസ്റ്റീസ് ആയി 6 വർഷം അദ്ദേഹം സേവനമനുഷ്ഠിച്ചു. പിന്നീട് അദ്ദേഹം ഐക്യരാഷ്ട്ര സഭയിൽ പാകിസ്താന്റെ സ്ഥിരാംഗമായി തിരിച്ചെത്തി. 1962-64 വരെ യു എൻ ജനറൽ അസംബ്ലിയുടെ പ്രസിഡന്റായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ഈ പദവിലെത്തുന്ന അദ്യത്തെ ഏഷ്യക്കാരനായിരുന്നു സഫറുല്ലാഹ് ഖാൻ.

പാകിസ്താനിൽ ശക്തിപ്പെട്ടു വന്ന മത രാഷ്ട്ര വാദം നിമിത്തം സഫറുല്ലാഹ് ഖാൻ പാകിസ്താനിലേക്ക് തിരിച്ചു പോകാൻ ഇഷ്ടപ്പെട്ടിരുന്നില്ല. അന്താരഷ്ട്ര കോടതിയുടെ ജഡ്ജിയായിക്കൊണ്ട് വീണ്ടുമൊരു 9 വർഷക്കാലം അദ്ദേഹത്തിന്ന് പുനർ നിയമനം ലഭിച്ചു. ഇതിൽ അവസാനത്തെ മൂന്ന് വർഷം ലോകകോടതിയുടെ പ്രസിഡന്റായിട്ടാണ് അദ്ദേഹം സേവനമനുഷ്ഠിച്ചത്. ഇതിനകം പാകിസ്താനിലെ സംഗതികൾ മോശമാവുകയായിരുന്നു. പ്രധാനമന്ത്രി സുൽഫിക്കർ അലി ഭൂട്ടോ അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമാക്കി മാറ്റാൻ ഭരണഘടന ഭേദഗതി ചെയ്യാമെന്ന് സമ്മതിക്കുകയുണ്ടായി. ഈ അവസരത്തിൽ അദ്ദേഹം ലോക കോടതി ജഡ്ജി സ്ഥാനം ഒഴിയുകയുണ്ടായി. ഈ കലുഷിതമായ അന്തരീക്ഷത്തിലാണ് സർ സഫറുല്ലാഹ് ഖാൻ പാകിസ്താനിൽ പോകാൻ ഇഷ്ടപ്പെടാതിരുന്നത്. അദ്ദേഹം ഇംഗ്ലണ്ടിൽ തന്നെ വാസമുറപ്പിച്ചു. പത്ത് വർഷ അദ്ദേഹം ഇംഗ്ലണ്ടിൽ തന്നെ താമസിച്ചു. പാകിസ്താനിൽ അഹ്മദിയ്യാ വിദ്വേഷാഗ്നി പുകഞ്ഞുകൊണ്ടിരിക്കുന്ന അവസരത്തിൽ അദ്ദേഹം ലാഹോറിലേക്ക് മടങ്ങി. അവിടെ പഞ്ചാബിൽ വെച്ച് 1985 സപ്തംബർ 1ന് അദ്ദേഹം അന്ത്യശ്വാസം വലിച്ചു.

ഇന്ത്യ അദ്ദേഹത്തെ വളരെ മുമ്പ് തന്നെ കൈയ്യൊഴിഞ്ഞു. പാകിസ്താൻ അദ്ദേഹത്തെ അമുസ്‌ലിമായി പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ അറബികൾ പലസ്തീനികൾക്ക് വേണ്ടി ഐക്യരാഷ്ട്ര സഭയിൽ പ്രതിഭാ വിലാസത്തോടെ അദ്ദേഹം നൽകിയ പിന്തുണ നന്ദിപൂർവ്വം സ്മരിക്കുകയുണ്ടായി. അദ്ദേഹം അന്തരിച്ചപ്പോൾ ജോർദ്ദാൻ രാജാവ് ഹുസൈൻ ബിൻ തലാൽ യുഗപ്രഭാവവാനായ ആ നിയമ പണ്ഡിതന്ന് അത്യുന്നതമായ ആദരരാജ്ഞലികളാണ് അർപ്പിച്ചത്. അദ്ദേഹം പഞ്ഞു:

*'തീർച്ചയായും അദ്ദേഹം അറബ് പ്രശ്നത്തിൽ പൊരുതി ജയിച്ച ജേതാവാണ്. മുസ്‌ലിംകളായികൊള്ളട്ടെ ചേരിചേരാ രാഷ്ട്രങ്ങളാകട്ടെ അന്തർദേശീയ കോടതിയാവട്ടെ അദ്ദേഹത്തിന്റെ അക്ഷീണ യത്നങ്ങൾ നമ്മുടെ വിശ്വാസത്തിന്നും സംസ്കാരത്തിന്നും വേണ്ടി സമർപ്പിക്കപ്പെട്ട ഒരു ഉന്നത വ്യക്തി എന്ന നിലയിൽ അദ്ദേഹത്തിന്റെ സ്മരണ ഉജ്ജ്വല ശോഭയോടെ എക്കാലവും നിലകൊള്ളുന്നതായിരിക്കും.'*

സഫറുല്ലാഹ് ഖാന്റെ മഹദ്ച്ചരമത്തെ അധികരിച്ച് ഇറാഖ് വിദേശകാര്യ മന്ത്രിയായിരുന്ന ഫസൽ അൽ ജമാലി പറഞ്ഞത്:

*'പലസ്തീനികളുടെ പ്രശ്നത്തിന്ന് വേണ്ടി ഏതൊരറബിക്കും അയാൾ എത്ര വലിയ കഴിവുള്ളയാളാകട്ടെ പ്രതിഭയുള്ളയാളുമാവട്ടെ ഈ അതുല്യനും മഹാനുമായ ഈ വ്യക്തി നൽകിയത് പോലെയുള്ള സേവനം നൽകാൻ സാധ്യമല്ല. ഐക്യരാഷ്ട്ര സഭയിൽ സംവാദങ്ങൾക്ക് ശേഷമുള്ള ഫലം എന്തായിക്കൊള്ളട്ടെ അത് മറ്റൊരു വിഷയമാണ്. നാം അറിഞ്ഞിരിക്കേണ്ടത് ഈ സംവാദത്തിൽ പലസ്തീനികളെ പ്രതിരോധിക്കുന്നതിൽ സർ സഫറുല്ലാഹ് ഖാൻ നിർവ്വഹിച്ച*

*സേവനം അത്യുന്നത സ്ഥാനത്താണ് നിൽക്കുന്നത്. മഹാനായ ഈ മുസ്‌ലിം പോരാളിയെ അറബികളും ഇസ്‌ലാമത വിശ്വാസികളും ഒരിക്കലും മറക്കാൻ പാടില്ല. പലസ്തീന് ശേഷം ഈ മഹാത്മാവ് ലിബിയയുടെ സ്വാതന്ത്ര്യത്തിന് നൽകിയ സേവനവും ആദരമർഹിക്കുന്നതാണ്. ഐക്യരാഷ്ട്ര സഭയിൽ അറബികളുടെ അവകാശങ്ങൾക്ക് വേണ്ടി ഈ മനുഷ്യൻ ചെയ്ത സേവനങ്ങൾ ഞങ്ങൾ ഇരുവർക്കുമിടയിൽ ഈടുറ്റതും ദീർഘനാൾ നിലനിൽക്കുന്നതുമായ സൗഹൃദത്തിന്റെ അടിസ്ഥാനമാണ് ഉണ്ടാക്കിയിരിക്കുന്നത്.’*

സർ സഫറുല്ലാഹ് നിരവധി ഇസ്‌ലാമിക വിഷയങ്ങളെ പ്പറ്റി പുസ്തകങ്ങളും പ്രബന്ധങ്ങളും രചിച്ചിട്ടിട്ടുണ്ട്. അതിലേറ്റവും ബൃഹത്തായ ഗ്രന്ഥം Islam - Its Meaning to Modern Man(1962) എന്നതാണ്. 2004 ൽ അമേരിക്കയിലെ കൊളംബിയാ യൂണിവേഴ്സിറ്റി സർ സഫറുല്ലാഹ് ഖാനുമായി പണ്ഡിതന്മാരായ രണ്ട് അമേരിക്കൻ പ്രഫസർമാർ നടത്തിയ അഭിമുഖങ്ങൾ The Reminiscenses of Sir Zafarullah Khan എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ ഈ ഉപഭൂഖണ്ഡത്തിലെ ഏറ്റവും മഹാനായ നിയമജ്ഞനും രാഷ്ട്രതന്ത്ര വിജ്ഞാനിയുമായ ഒരാളുടെ ജീവിത സായാഹ്നത്തിലെ ചിന്തകൾ പ്രതിഫലിക്കുന്നുണ്ട്.

സർ സഫറുല്ലഹ് ഖാന്റെ കുടുംബം അഹ്മദിയ്യാ മതവിഭാഗത്തിൽപ്പെട്ടവരാണ്. അവരെ മുഖ്യധാരാ മുസ്‌ലിംകൾ മതവിരുദ്ധരായിട്ടാണ് കാണുന്നത്. അഹ്മദികൾ അവരുടെ പ്രസ്ഥാന സ്ഥാപകരായ മിർസാ ഗുലാം അഹ്മദ് ഖാദിയാനിയെ ഒരു ഉപ പ്രവാചകനായിട്ടാണ് ഗണിക്കുന്നത്. ഇത് ഹദ്റത്ത് മുഹമ്മദ് നബി ഖാത്തമുന്നബിയ്യീൻ (പ്രവാചകന്മാരുടെ മുദ്ര) ആണ് എന്ന മുസ്‌ലിംകളുടെ അടിസ്ഥാന വിശ്വാസമാണ്. അതായത് ആദം നബി തൊട്ട് ആരംഭിക്കുകയും നോഹ, അബ്രഹാം, മോസസ്, ക്രിസ്തു മുതലായ പ്രവാചക പരമ്പരകളിലൂടെ കടന്നു വരികയും ചെയ്ത പ്രവാചകത്വം മുഹമ്മദ് നബി യിൽ അവസാനിച്ചു എന്നാണ് മുസ്‌ലിംകൾ വിശ്വസിക്കുന്നത്. ഖാദിയാനികൾ അവരുടെ നേതാവിനെ ഈ പരമ്പരയിൽ ചേർക്കുന്നില്ലെങ്കിലും മുസ്‌ലിം സമുദായത്തിന്ന് ദൈവിക മാർഗ്ഗദർശനം നൽകാൻ വെളിപാടുകൾ കൊണ്ടനുഗ്രഹീതനായ ഒരാളായി കരുതുന്നു.

ഈ ഒരു പശ്ചാത്തലത്തിൽ അവരെ മുസ്‌ലിം സമുദായത്തിൽ നിന്നും പുറം തള്ളാനുള്ള മുഖ്യധാരാ മുസ്‌ലിംകളുടെ നിലപാട് പല സന്ദർഭങ്ങളിലും കോടതികളിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. 1923 ൽ മദ്രാസ് ഹൈക്കോടതിയിൽ ഇന്ത്യയിലെ ഏറ്റവും സമുന്നതനായ നിയമജ്ഞൻ സർ സഫറുല്ലാഹ് ഖാൻ അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന്റെ കേസ് വാദിക്കുകയും തനിക്ക് അനുകൂലമായി വിധി സമ്പാദിക്കുകയും ചെയ്തു. ഈ വിധി Naratakat Vs Parakkal, AIR, Mad 171 എന്ന പേരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സ്വാതന്ത്ര്യാനന്തരം ഈ പ്രശ്നം വീണ്ടും കേരള ഹൈക്കോടതിക്ക് മുമ്പാകെ വരുകയുണ്ടായി. ജസ്റ്റീസ് വി ആർ കൃഷ്ണയ്യർ, സർ സഫറുല്ലാഹ് ഖാന്റെ മദ്രാസ് ഹൈക്കോടതിയിലെ വാദങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് അഹ്മദികളും വിശാലമായ മുസ്‌ലിം സമുദായത്തിന്റെ ഭാഗം തന്നെയാണ് എന്ന് വിധിച്ചത്. (Shihabuddin Thangal Case 1971) സഫറുല്ലാഹ് ഖാനെ പോലെ ഒരാൾക്ക് അന്തർ ദേശീയ വേദികളിൽ ഇസ്‌ലാമിക് റിപ്പബ്ലിക്ക് ഓഫ് പാകിസ്താൻ എന്ന രാജ്യത്തെ പ്രതിനിധീകരിക്കാമെങ്കിൽ എങ്ങിനെ ഈ സമുദായത്തെ അമുസ്‌ലിംകളായി പ്രഖ്യാപിക്കാൻ സാധിക്കും എന്ന് ആ വിധിയിൽ ജസ്റ്റിസ് കൃഷ്ണയ്യർ അത്ഭുതം കൂറുന്നുണ്ട്. പാകിസ്താൻ തന്റെ അതിർത്തികളിൽ നിന്ന് ഖാദിയാനി മുസ്‌ലിം ആയിപ്പോയി എന്ന കുറ്റത്തിന്റെ പേരിൽ സർ സഫറുല്ലാഹ് ഖാനെ അതിന് ശേഷം പുറത്താക്കിയ വിവരം പണ്ഡിതനായ ജസ്റ്റീസ് കൃഷ്ണയ്യർ അറിഞ്ഞിട്ടുണ്ടായിരിക്കില്ല.

എന്റെ ഈ തൊഴിൽ ജീവിതം ആരംഭിച്ച നാൾ മുതൽ ഞാൻ സ്കൂൾ വിദ്യാർത്ഥിയായ കാലം തൊട്ട് കേൾക്കുകയും വായിക്കുകയും ചെയ്ത അത്യുന്നത നിയമ പ്രതിഭയായ സർ സഫറുല്ലാഹ് ഖാനുമായുള്ള കൂടികാഴ്ച്ച ഈ കൊച്ചു ലോകത്ത് എവിടെവെച്ചായാലും എപ്പോഴെങ്കിലും സംഭവിക്കുമെന്ന് ഞാൻ സ്വപ്നം കണ്ടിരുന്നു. എന്റെ ആഗ്രഹം 1971 ൽ സഫലമായി. ഞാൻ ലണ്ടനിൽ സ്കൂൾ ഓഫ് ഓറിയന്റൽ ആന്റ് ആഫ്രിക്കൻ സ്റ്റഡീസിൽ (SOAS) പഠിക്കുമ്പോൾ ഹേഗിലെ ഇന്റർനാഷനൽ കോർട്ട് ഓഫ് ജസ്റ്റീസിന്റെ പ്രസിഡന്റായ സർ സഫറുല്ലാഹ് ഖാനെ SOAS ആദരിക്കുകയുണ്ടായി. ഉപഭൂഖണ്ഡത്തിന്റെ മഹാനായ പുത്രനുമായി അൽപ സമയം പങ്കിട്ടത് എന്റെ ജീവിതത്തിലെ അവിസ്മരണീയമായ അനുഭവമായിരുന്നു. ഈ അവസരത്തിൽ അദ്ദേഹത്തോടൊപ്പം ഞാനെടുത്ത ഫോട്ടോ ഒരു അമൂല്യ നിധിപോലെ ഞാൻ സൂക്ഷിക്കുന്നു. (*വിവ: എ.എം*)



# ഇസ്‌ലാം, ഡമോക്രസി, ഖിലാഫത്ത്

ലോകപ്രശസ്തമായ ദ ഇക്ണോമിസ്റ്റ് (The Economist) മാഗസിനിൽ
വന്ന ലേഖനത്തോടുള്ള പ്രതികരണം

**നഖാഷ് അഹ്മദ് യു. എസ്. & ഷഹ്സാദ് അഹ്മദ്. യു. കെ**

ഇസ്‌ലാമിന് ഉദാര ജനാധിപത്യവുമായി ചേർന്നു പോകാനാവുമോ? ഒരു ജനാധിപത്യ രാഷ്ട്രീയ ഭരണകൂടം നടത്തിക്കൊണ്ടു പോകാൻ ശരീഅത്ത് നിയമങ്ങൾ ഭരണ നിയമങ്ങളായി മാറ്റാൻ പറ്റുമോ? ഈ അടുത്ത കാലത്ത് ഈ ചോദ്യങ്ങൾ ശക്തമായ തോതിൽ ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പാശ്ചാത്യ ദേശങ്ങളിലുള്ള ജനങ്ങൾ അത്ഭുതപ്പെടുന്നത് മുസ്‌ലിംകൾക്ക് സഹിഷ്ണുത പുലർത്താനും ഒരു ബഹുസ്വര സമൂഹത്തിൽ ജീവിക്കാനും സാധിക്കുമോ എന്നാണ്. എല്ലാ വിശ്വാസങ്ങളും സ്വാഗതം ചെയ്യപ്പെടുന്ന ഒരു സമൂഹവുമായി സമാധാനപരമായ സഹവർത്തിത്വത്തിൽ കഴിയാൻ ഇസ്‌ലാം മുസ്‌ലിംകളെ അനുവദിക്കുമോ? **'**Dreaming of a Caliphate**'** എന്ന പേരിൽ The Economist. 12 സെപ്തംബർ 2011 പ്രസിദ്ധീകരിച്ച **'ഇക്കണോമിസ്റ്റി'**ൽ ലേഖകൻ അഭിപ്രായപ്പെടുന്നത് *'പൂർണ്ണ വികസിതമായ ഉദാര ജനാധിപത്യവുമായി (Full-blown Liberal Democracy) അനുരഞ്ജനത്തിൽ വർത്തിക്കാൻ ഇസ്‌ലാമിന്ന് പ്രയാസകരമാണ് എന്നതിനെ പറ്റി എന്തെങ്കിലും വാദിക്കുക എന്നത് ഒരു ഫാഷനായി തീർന്നിരിക്കുന്നു.'* എന്നാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ കൂടുതൽ കൂടുതൽ ആളുകൾ വിശ്വസിച്ചു വരുന്നത് ഇസ്‌ലാമിന്ന് അതായത് മുസ്‌ലിംകൾക്ക് സെക്കുലർ അവകാശങ്ങളെയും, സ്വാതന്ത്ര്യത്തെയും, ജനാധിപത്യത്തെയും ബഹുസ്വരതയെയും പിന്തുണക്കാൻ സാദ്ധ്യമല്ല എന്നാണ്.

ഇത് ഉത്തരം നൽകപ്പെടേണ്ട ഇസ്‌ലാമിനെതിരെയുള്ള ഗുരുതരമായ ഒരാരോപണമാണ്. ഇക്കണോമിസ്റ്റിലെ കുറിപ്പുകൾ പ്രകാരം ഇസ്‌ലാം സന്ദേഹികൾ (Islamosceptics) ഉന്നയിക്കുന്ന ഒരു ആരോപണം ഇങ്ങിനെയാണ്. മുസ്‌ലിംകൾ പുനരുജ്ജീവിപ്പിക്കാനാഗ്രഹിക്കുന്ന കാലിഫേറ്റ്(Caliphate) നിശ്ചയമായും രാഷ്ട്രീയ പശ്ചാത്തലമുള്ളതാണ്. ഒരു ആദർശ ഭരണ മാതൃക എന്ന നിലക്ക് ഇസ്‌ലാമിക ലോകത്ത് ആകെ സ്വാധീനമുള്ള മതരാഷ്ട്രീയ അധികാരത്തിന്റെ ഇരിപ്പിടമായാണ് മുസ്‌ലിംങ്ങൾ കാലിഫേറ്റിനെ അഥവാ ഖിലാഫത്തിനെ കാണുന്നത്. അങ്ങിനെയാണെങ്കിൽ മതനിരപേക്ഷമായ ജനകീയ ഭരണകൂടത്തെ ഒരു നീക്ക്പോക്ക് എന്നനിലയിലായിരിക്കും മുസ്‌ലിംകൾ എപ്പോഴും കണക്കാക്കുക. അവർക്കുള്ള മറ്റൊരു ആശങ്ക, ഇസ്‌ലാമിലെ ശിക്ഷാ നിയമത്തെ പറ്റിയും കുടുംബ നിയമത്തെക്കുറിച്ചാണ്. അവ സ്ത്രീപുരുഷ സമത്വത്തിന്റെ ലിബറൽ ആശയങ്ങളുമായി പൊരുത്തപെട്ടുപോകുമോ?. അപ്രകാരം അമുസ്‌ലിംകളിൽ ശരീഅത്ത് നിയമങ്ങൾ അടിച്ചേൽപ്പിക്കപ്പെടുമോ എന്നുമാണ്.

ഇസ്‌ലാമിനെ സംബന്ധിച്ചുള്ള ഇത്തരം സങ്കൽപ്പങ്ങളിൽ ചില സംശയങ്ങൾ അന്തർഭവിച്ചിട്ടുണ്ട്. അതിൽ ആദ്യത്തേത് ഖിലാഫത്തിന്റെ സ്വഭാവമെന്തായിരിക്കും എന്നതിനെക്കുറിച്ചാണ്. അത് രാഷ്ട്രീയമാണോ? അതോ ആത്മീയമാണോ? മത നിരപേക്ഷമായി തെരഞ്ഞടുക്കപെട്ട ഒരു ഗവൺമെന്റിനെ അധികാരത്തെ സംബന്ധിച്ച് എന്താണ് ഇസ്‌ലാമിന്ന് പറയാനുള്ളത്? സമത്വത്തിന്റെ ഉദാര വീക്ഷണങ്ങളുമായി എങ്ങിനെ ഇസ്‌ലാമിലെ കുടുംബ നിയമവും ക്രിമിനൽ നിയമവും പൊരുത്തപെടുന്നു. ഈ ചോദ്യങ്ങൾക്കെല്ലാം ഖുർആന്റേയും ഹദീസിന്റെയും പരിശുദ്ധ പ്രവാചകന്റെ മാതൃകയുടെയും അടിസ്ഥാനത്തിൽ സൂക്ഷ്മമായ പഠനം നടത്തി ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ ഖിലാഫത്ത് ഒരു ആത്മീയ സ്ഥാപനമാണ്. രാഷ്ട്രീയ സ്ഥാപനമല്ല. ഒരു ജനകീയ പരമാധികാര ഭരണകൂടത്തെ ഇസ്‌ലാം നിരോധിക്കാതിരിക്കുന്നു എന്ന് മാത്രമല്ല, വാസ്തവത്തിൽ അതിനെ അംഗീകരിക്കുകയും ചെയ്യുന്നു. അതുപോലെ ഒരാളുടെ മതം, അത് വിശ്വസിക്കാത്ത മറ്റൊരാളിൽ അടിച്ചേൽപ്പിക്കുന്നതിനെ ഇസ്‌ലാം നിരോധിക്കുകയും ചെയ്യുന്നു.

### ഖിലാഫത്ത്: രാഷ്ട്രീയമോ? ആത്മീയമോ?

ഏറ്റവും സുപ്രധാനമായ ചോദ്യം ഖിലാഫത്തിന്റെ യഥാർത്ഥ സ്വഭാവത്തെക്കുറിച്ചുള്ളതാണ്. പല

മുസ്ലിംകളും അത് പോലെ അമുസ്ലിംകളും കരുതുന്നത് ഖിലാഫത്ത് എന്നത് കേവലം ഒരു ആത്മീയ സ്ഥാപനമല്ല മറിച്ച അത് ഒരു രാഷ്ട്രീയ സ്ഥാപനമാണെന്നാണ്. എന്തുതന്നെയായാലും ഇത് ഖിലാഫത്തിനെ സംബന്ധിച്ചുള്ള ഒരു തെറ്റിദ്ധാരണയാണ്. ഇസ്ലാമിക ഖിലാഫത്തിനെ യഥാർത്ഥ അർത്ഥവും പ്രസക്തിയും എന്താണെന്നതിനെ പറ്റിയുള്ള അറിവില്ലായ്മയിൽ നിന്നും ഉരുവം കൊണ്ടതാണ്. ആരാണ് ഖലീഫ?. അറബിയിൽ ഖലീഫ എന്ന പദത്തിന്ന് പിൻഗാമി, പ്രതിനിധി, നിയുക്തൻ എന്നൊക്കെയാണ് അർത്ഥം. മറ്റൊരർത്ഥത്തിൽ ഒരു പ്രവാചകന്റെ ദൗത്യ പൂർത്തീകരണത്തിന്ന് അദ്ദേഹത്തിന്റെ വിയോഗത്തെ തുടർന്ന് ദൈവത്താൽ നിയോഗിക്കപ്പെടുന്ന പ്രതിനിധി എന്നാണ്. ഈയൊരർത്ഥ കൽപ്പന ഇസ്ലാമിക ഖിലാഫത്തിന്ന് വേണ്ടി ശ്രമിക്കുന്ന ലോകത്തിലെ മിക്ക മുസ്ലിം സംഘടനകളുടെയും ശ്രമങ്ങളെ വൃഥാവിലാക്കിക്കളയുന്നു.

അടുത്ത ചോദ്യം, എന്താണ് ഖിലാഫത്തിന്റെ ദൗത്യം? എന്നാണ്. അത് രാഷ്ട്രീയമാണോ? അല്ലെങ്കിൽ ആത്മീയമാണോ? ദൈവത്തിന്റെ പ്രവാചകന്മാർ ദേശങ്ങൾ പിടിച്ചെടുക്കാനോ ദേശാതിർത്തികൾ വികസിപ്പിക്കാനേ ഭരണകൂടം സ്ഥാപിക്കാനോ അല്ല വരുന്നത്. പകരം അവ ഏക ദൈവാരാധന സ്ഥാപിക്കാനും ജനങ്ങളെ ആത്മീയവും ധാർമ്മികവുമായി ജാഗരപ്പെടുത്താനുമാണ് വരുന്നത്. വിശുദ്ധ ഖുർആൻ വളരെ വ്യക്തമായി പ്രവാചക നിയോഗത്തിന്റെ ലക്ഷ്യം വിശദീകരിക്കുന്നു: ***'നിങ്ങൾക്ക് നമ്മുടെ സൂക്തങ്ങൾ ഓതിക്കേൾപ്പിക്കുകയും നിങ്ങളെ സംസ്ക്കരിക്കുകയും നിങ്ങൾക്ക് ഗ്രന്ഥവും ജ്ഞാനവും പഠിപ്പിച്ചു തരികയും നിങ്ങൾ മുമ്പ് അറിഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ നിങ്ങളെ അറിയിക്കുകയും ചെയ്യുന്ന നിങ്ങളിൽ നിന്നുള്ള ഒരു ദൂതനെ നിങ്ങളിൽ നിയോഗിച്ചത് പോലെ '*** (2:152)

പ്രവാചകന്മാരുടെയും അപ്രകാരം അവരുടെ ഖലീഫമാരുടേയും ദൗത്യം ദൈവത്തിന്റെ ദൃഷ്ടാന്തങ്ങൾ വിവരിക്കുകയും ജനങ്ങളെ ശുദ്ധീകരിക്കുകയും സംസ്ക്കരിക്കുകയും മതത്തെക്കുറിച്ച് അവരെ പഠിപ്പിക്കുകയും ചെയ്യുക എന്നതാണ്. അവരിൽ വിവേകം ഉണ്ടാക്കുക വഴി അവരുടെ ധാർമിക നിലവാരത്തെ പ്രവാചകൻ ഉയർത്തുന്നു. ഈ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ പ്രവാചകന്ന് ഒരു രാഷ്ടത്തിന്റെയോ രാഷ്ട്രീയാധികാരത്തിന്റെയോ ആവശ്യമില്ല. പോപ്പ് പോലും കോടിക്കണക്കിന്ന് കത്തോലിക്കരെ നയിക്കാൻ രാഷ്ട്രീയാധികാരത്തിന്റെ ആവശ്യമില്ലെന്നിരിക്കെ ഹൃദയത്തെ അഗാതമായി സ്വാധീനിക്കാൻ കഴിയുന്ന ഇസ്ലാം മതത്തിന്ന് അതിന്റെ ആവശ്യമെന്ത്? ഖലീഫയിൽ നിന്നും രാഷ്ട്രീയാധികാരം എടുത്തുമാറ്റാൻ കഴിയില്ല എന്ന് പറഞ്ഞുകൊണ്ട് ചിലർ ഇതിനെ എതിർക്കുന്നു. ചോദ്യം ഇതാണ് ഒരു ഖലീഫക്ക് രാഷ്ട്രീയാധികാരം ആവശ്യമുണ്ടോ? വിശുദ്ധ ഖുർആന്റെ പഠനത്തിൽ നിന്നും രാഷ്ട്രീയാധികാരം വേണമെന്ന് വ്യക്തമാവുന്നില്ല. എല്ലാറ്റിന്നും പുറമേ യേശു ഒരു പ്രവാചകനായിരുന്നു. അദ്ദേഹത്തിന്ന് രാഷ്ട്രീയാധികാരം ഉണ്ടായിരുന്നില്ല. മക്കാ ജീവിത കാലഘട്ടത്തിൽ മുസ്ലിംകളുടെ ആത്മീയ നേതാവായിരുന്ന റസൂൽ തിരുമേനി(സ)ക്ക് രാഷ്ട്രീയാധികാരമുണ്ടായിരുന്നില്ല. രാഷ്ട്രീയാധികാരം പിടിച്ചെടുക്കാൻ അദ്ദേഹം ഒരു ശ്രമവും ചെയ്തില്ല. ഹദ്റത്ത് അലി (റ)യുടെ കാലത്ത് അമീർ മുആവിയായുടെ കൈകളിലായിരുന്നു സകല അധികാരങ്ങളും കേന്ദ്രീകരിച്ചിരുന്നത്. എങ്കിൽ പോലും ഹദ്റത്ത് അലി (റ) ആയിരുന്നു മുസ്ലിംകളുടെ ആത്മീയ നേതാവ്. ഖലീഫക്ക് കേവലം രാഷ്ട്രീയാധികാരം വേണമെന്ന് നിർബന്ധമില്ല എന്നതിന്ന് നിരവധി തെളിവുകൾ ഇസ്ലാമിക ചരിത്രത്തിലുണ്ട്. ഖലീഫക്ക് രാഷ്ട്രീയാധികാരമില്ലെങ്കിൽ പോലും മുസ്ലിംകൾ വിശ്വസിക്കുന്നത് അധികാരം അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കണം എന്നാണ്. ഇസ്ലാമിനെ സംബന്ധിച്ച് സൂക്ഷ്മ പഠനം മനസ്സിലാക്കിത്തരുന്നത് ഇസ്ലാമിന്ന് ലിബറൽ ഡമോക്രസി സ്വീകരിക്കാമെന്ന് മാത്രമല്ല യഥാർത്ഥത്തിൽ ഇസ്ലാം ഇഷ്ടപ്പെടുന്നതും അതാണ്.

## ഇസ്ലാം, ഡമോക്രസി, ലിബറലിസം

രാഷ്ട്ര ഭരണത്തെ സംബന്ധിച്ചും ഭരണ സംവിധാനത്തെ സംബന്ധിച്ചും ഇസ്ലാമിൽ എന്താണ് പറയുന്നത്? ആദ്യമായി അത് ജനാധിപത്യത്തിന്റെ മുഖ്യ ഉപാധിയെ അംഗീകരിക്കുന്നു. അതായത് ജനങ്ങൾക്ക് അവർ ജീവിക്കുന്ന രാജ്യത്ത് അഭിപ്രായ സ്വാതന്ത്ര്യമുണ്ടായിരിക്കണം എന്നതാണ് ആ ഉപാധി.

***അവരുടെ കാര്യങ്ങൾ അവർ പരസ്പരം കൂടിയാലോചിക്കും*** (42:40)

ഇവിടെ പരസ്പരം കൂടിയാലോചനക്കാണ്. ഊന്നൽ നൽകിയിക്കുന്നത്. വാസ്തവത്തിൽ ഇതല്ലേ ജനാധി പത്യത്തിന്റെ മൂലാധാരം. വോട്ട് രേഖപ്പെടുത്തുക എന്നത് തന്നെ ഒരു തരത്തിലുള്ള പരസ്പര കൂടിയാലോ ചനയാണ്. ഏതൊരു രാഷ്ട്രത്തിന്നും ഇസ്ലാം രണ്ട് തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. ഒന്നാമതായി ജനങ്ങളോട് അവർക്ക് നൽകപ്പെട്ട ഉത്തരവാദിത്വത്തെക്കുറിച്ച് ബോധവാന്മാരായിരിക്കണമെന്ന് ഒരു വശത്ത് പറയുന്നു.

***'നിശ്ചയമായും അല്ലാഹു അമാനത്തുകൾ അതിന്റെ അവകാശികൾക്ക് ഏൽപ്പിക്കുണമെന്ന് നിങ്ങളോട് കൽപ്പിക്കുന്നു. ജനങ്ങൾക്കിടയിൽ നിങ്ങൾ വിധികൽപ്പിക്കുമ്പോൾ നിങ്ങൽ നീതിപൂർവ്വം വിധി കൽപ്പിക്കേണം. അല്ലാഹു***

***നിങ്ങളോട് ഉപദേശിക്കുന്നതെന്തോ അത് ഏറ്റവും ഉത്തമമായതാകുന്നു. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ലത് പോലെ കാണുന്നവനുമാകുന്നു.' (4:59)***

ജനാധിപത്യത്തിലെ ഏതൊരു തെരഞ്ഞെടുപ്പ് പ്രക്രിയയും വിശ്വാസത്തിലും സത്യസന്ധതയിലുമധിഷ്ഠിതമായിരിക്കും. വോട്ടർക്ക് ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വം, വിശ്വസ്തതയോടെ ഏൽപ്പിക്കപ്പെട്ട മുതൽ (അമാനത്ത്) പോലെയാണ്. അയാൾ ദൈവത്തോട് അതിന് ഉത്തരം പറയാൻ ബാദ്ധ്യസ്ഥനാണ് അതിനാൽ അയാൾ ഏറ്റവും അനുയോജ്യനായ ആളെ അധികാരസ്ഥാനത്തേക്ക് തിരഞ്ഞെടുക്കേണ്ടതുണ്ട്. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഒരു മുസ്‌ലിം മുസ്‌ലിമിനെ തിരഞ്ഞെടുക്കണമെന്നല്ല ഈ വചനത്തിൽ പറയുന്നത്. പകരം ഏതൊരാളാണോ ഒരു സ്ഥാനത്തേക്ക് യോഗ്യനായത് അയാളുടെ മത വിശ്വാസം പരിഗണിക്കാതെ അയാളെ തിരഞ്ഞെടുക്കേണമെന്നാണ്. പ്രസക്തമായ ചോദ്യമിതാണ്. യഥാർത്ഥ സത്യം ഇതാണെങ്കിൽ എന്ത് കൊണ്ടാണ് വളരെ കുറച്ച് മാത്രം ഇസ്‌ലാമിക രാജ്യങ്ങളിൽ ജനാധിപത്യം.? ഉദാര ജനാധിപത്യത്തിന്റെ കാര്യം നമുക്ക് തൽക്കാലം വിടാം. ജനാധിപത്യത്തെപറ്റി ലോക വ്യാപകമായി നിരീക്ഷണം നടത്തുന്ന ഫ്രീഡം ഹൗസ് (Freedom House) എന്ന സംഘടനയെ ഉദ്ദരിച്ച് കൊണ്ട് ഇക്കണോമിസ്റ്റിലെ ലേഖനത്തിൽ പറയുന്നത് മുസ്‌ലിം ഭൂരിപക്ഷമുള്ള മൂന്ന് രാജ്യങ്ങളിൽ മാത്രമെ ജനാധിപത്യമുള്ളൂ എന്നാണ്.

ഇക്കണോമിസ്റ്റ് ഉദ്ദരിക്കുന്ന ജനാധിപത്യം അനുവദിക്കുന്ന രാജ്യങ്ങളിൽ പെട്ടതാണ് ഇന്തോനേഷ്യ എന്നത് അത്ഭുതകരമാണ്. മുഖ്യധാരാ മുസ്‌ലിംകളുടെ മത വിശ്വാസവുമായി വ്യത്യസ്ത രീതിയിൽ ഇസ്‌ലാമിനെ വ്യാഖ്യാനിക്കുന്ന അഹ്മദികളെ മതവിശ്വാസത്തിന്റെ പേരിൽ നിഷ്ഠൂരമായി അടിച്ചു കൊന്നത് ഇന്തോനേഷ്യയിൽ വെച്ചാണ്. കിരാതമായ ഈ കൃത്യം അവഗണിച്ചു കൊണ്ട് തന്നെ മേൽപറഞ്ഞ സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാം ജനാധിപത്യവുമായി സമരസപ്പെട്ടുപോകുമോ എന്ന ഗൗരവമായ ചിന്തയിലേക്ക് ഒരാൾ ആനയിക്കപ്പെടുന്നു.

ഒരു സാർവ്വജനീന മതത്തിന്ന് വേണ്ട എല്ലാ സവിശേഷതകളും ഇസ്‌ലാമിനുണ്ട്. എല്ലാവിധ സമൂഹങ്ങൾക്കും ഇസ്‌ലാം അവർക്ക് വേണ്ടത് നൽകുന്നു. അതായത് വിവിധ സമൂഹങ്ങൾക്ക് വിവിധ തരത്തിലുള്ള ഭരണ വ്യവസ്ഥകളാണ് അവശ്യമായിട്ടുള്ളത്. വിശുദ്ധ ഖുർആൻ നിരവധി രാഷ്ട്രീയ ഭരണ വ്യവസ്ഥകളെ സംബന്ധിച്ച് പറയുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (1928–2003) ഇപ്രകാരം വിവരിക്കുന്നു:

*'വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ അവർക്ക് അനുയോജ്യമായ ഏതൊരു ഭരണ വ്യവസ്ഥയും അവരുടെ സമൂഹത്തിന്റെ പാരമ്പര്യ പൈതൃകത്തിനനുസരിച്ച് ജനാധിപത്യം, രാജാധിപത്യം, ഗോത്രീയം, ഫ്യൂഡൽ എന്നീ ഭരണക്രമങ്ങൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഭരണ വ്യവസ്ഥകൾ അവരുടെ സമൂഹങ്ങൾക്കനുസ്തൃതമായി സ്വീകരിക്കാവുന്നതാണ്.'*

*എന്തുതന്നെയായിരുന്നാലും വിശുദ്ധ ഖുർആൻ ജനാധിപത്യമാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്. മുസ്‌ലിംകളോട് ജനാധിപത്യം സ്വീകരിക്കാനാണ് ഉപദേശിക്കപ്പെട്ടിട്ടുള്ളത്. അത് പശ്ചാത്യ ജനാധിപത്യ ശൈലി അപ്പാടെ പകർത്തുക എന്ന അർത്ഥത്തിലല്ല.* 1

ഒരു ഭരണക്രമത്തിൽ ജനാധിപത്യമില്ലാതിരിക്കുകയും ജനങ്ങളുടെ അംഗീകാരം അതിനുണ്ടാവുകയും ചെയ്യുന്നു. അവിടെ അപ്പോഴും ജനങ്ങളിലാണ് അധികാരം നിക്ഷിപ്തമായിരിക്കുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. വിശുദ്ധ ഖുർആൻ ഒരു വിധത്തിലുള്ള ഭരണ സംമ്പ്രദായങ്ങളെയും അപലപിക്കുന്നില്ല. എന്നിരുന്നാലും ഒരു മാതൃകാ ഭരണക്രമം എന്ന നിലയിൽ അത് ജനാധിപത്യത്തെയാണ് ഏറ്റവും ഇഷ്ടപ്പെടുന്നത്. ഒരു ഭരണ വ്യവസ്ഥയിൽ സാമൂഹികവും സാമ്പത്തികവുമായ ഘടകങ്ങളാണ് നിർണ്ണായകമായിട്ടുള്ളത്. ഇക്കണോമിസ്റ്റിലെ ലേഖനം ചൂണ്ടിക്കാണിക്കുന്നത് പോലെ ഈ രണ്ട് ഘടകങ്ങളാണ് കാതലായ പങ്ക് വഹിക്കുന്നത്. ഈ അർത്ഥത്തിൽ സാക്ഷരതയും സമ്പത്തും കുറഞ്ഞ മറ്റു ജനാധിപത്യ ഭരണകൂടങ്ങളിലുള്ളത് പോലെയുള്ള പ്രശ്നങ്ങൾ തന്നെയാണ് മുസ്‌ലിം രാജ്യങ്ങളും പങ്കിടുന്നത്. പക്ഷേ അധികമായുള്ള പ്രശ്നം മൗലവിമാരും മുല്ലമാരും രാഷ്ട്രീയാധികാരം കൈയ്യിലെടുത്ത് മതാധികാരത്തിന്റെ കുത്തക സ്ഥാപിക്കാൻ ശ്രമിക്കുന്നു എന്നതാണ്. വിശുദ്ധ ഖുർആനെയും ഹദീസിനെയും പറ്റി ആഴത്തിൽ ചിന്തിക്കാതിരിക്കുകയും ജനങ്ങൾ നിരക്ഷരരായിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ ഈ മതവത്ക്കരണം ഏറ്റവും എളുപ്പത്തിൽ നടക്കുന്നു, അതു കൊണ്ടാണ് ഹദ്റത്ത് മിർസാ ത്വാഹിർ(റഹ്)എഴുതിയത്.

പൊതുജനങ്ങൾ ആശയക്കുഴപ്പത്തിലാണ്. നിങ്ങളുടെ രാഷ്ട്രീയ പ്രകടന പത്രികക്ക് രൂപം നൽകാനും മാർഗ്ഗ ദർശനം നൽകാനും നിങ്ങൾ ദൈവത്തിന്റെയും റസൂൽ തിരുമേനി (സ)യുടെയും വചനത്തെയാണോ ഇഷ്ടപ്പെടുന്നത്? അതല്ല ദൈവരഹിതവും ദൈവഭയമില്ലാത്തവരുമായ ആളുകളെയാണോ ഇഷ്ടപ്പെടുന്നത്?2 (തുടരും)

**ഗ്രന്ഥ സൂചി:**

1. Hadrath Mirza Tahir Ahmad (rh) Islam's Response to Contemporary Issues p. 230
2. Ibid. p. 236

# അൽ കൗസർ ഒരു വിശദീകരണം

റസൂൽ തിരുമേനിക്ക് ജനസമൃദ്ധിയുടെ അൽകൗസർ നൽകപ്പെടുകയും ശത്രുക്കൾ സന്താനരാഹിത്യത്തിന്റെ അബ്തറുകളായി മാറുകയും ചെയ്തു. വിശുദ്ധ ഖുർആനിലെ ഏറ്റവും ചെറിയ സൂറത്തിന്റെ വിവരണം.

**മൗലാനാ മുഹമ്മദ് ഉമർ**

വിശുദ്ധ ഖുർആന്റെ 114 അദ്ധ്യായങ്ങളിൽ മൂന്നു തിരു സൂക്തങ്ങൾ മാത്രമടങ്ങിയ 108-ാമ ത്തെ അദ്ധ്യായമായ അൽ കൗസർ അത്ഭുതകരമായ അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന അദ്ധ്യായമാണ്. വിശുദ്ധ ഖുർആനിലെ ഏറ്റവും ചെറിയ ഈ അദ്ധ്യായവും വിശുദ്ധ ഖുർആനിലെ ഇതര അദ്ധ്യായങ്ങളെ പോലെ തന്നെ തത്വജ്ഞാന നിർഭര വും വിജ്ഞാന സമ്പൂർണ്ണവുമാണ്.

അറേബ്യയിൽ മക്കക്കും മദീന ക്കും ഇടയിൽ ഉകാസ് എന്ന സ്ഥലത്ത് ഓരോ വർഷവും മഹോത്സവം നടക്കാറുണ്ടായിരു ന്നു. അതിനോടനുബന്ധിച്ച് ഒരു കവി സമ്മേളനം നടത്തപ്പെടാറുണ്ടാ യിരുന്നു. തദവസരത്തിൽ ആ വർഷം രചിക്കപെട്ട കവിതകളിൽ സമ്മാനർഹമായ കവിത കഅ്ബ ത്തുല്ലായിൽ കെട്ടിതൂക്കപ്പെട്ടിരുന്നു. അൽ കൗസർ എന്ന അദ്ധ്യായം കവിതാ രൂപത്തിലും പ്രാസമൊപ്പി ച്ചതുമായതിനാൽ ആരോ ഒരാൾ ഒരു ഫലകത്തിൽ ഈ ഖുർആൻ അദ്ധ്യായം കെട്ടിത്തൂക്കുകയുണ്ടാ യി. ആ വർഷത്തിൽ കവിതാ സമ്മേളനത്തിനു ശേഷം കഅ്ബ യിൽ അത്വരെ കെട്ടിത്തൂക്കപ്പെട്ടി രുന്ന കവിതകൾ പരായണം ചെയ്തുകൊണ്ട് എല്ലാ കവികളും പ്രസ്തുത ഫലകം തൂക്കപ്പെട്ടിരുന്ന സ്ഥലത്ത് ഒത്തുചേർന്ന് ഈ നിസ്തുല കവിത എഴുതിയത് ആരായിരിക്കും എന്നതിനെ കുറിച്ച് ചർച്ച ചെയ്യപ്പെടുകയുണ്ടായി. അവസാനം ഒരു കവി പ്രസ്തുത അദ്ധ്യായത്തിലുള്ള മൂന്ന് ആയത്തു കൾക്കും ശേഷം *'മാ ഹാദാ കലാമുൻ ബശർ'* ഇത് മനുഷ്യ നിർമ്മിതമായ കവിതയല്ല എന്ന് എഴുതി ചേർത്തു. അങ്ങനെ മനുഷ്യനിർമ്മിതമായതല്ല ഈ കവിത എന്ന് പ്രഗത്ഭരായ കവികളെല്ലാം ഏക സ്വരത്തിൽ ഏറ്റു പറഞ്ഞു.

ഇനി നമുക്ക് പ്രസ്തുത വചന ത്തിലെ ഓരോ അദ്ധ്യായത്തിന്റെ യും അർത്ഥമെന്താണെന്ന് നോ ക്കാം.

**'ഇന്നാ അഅ്ത്വയ്നാക്കൽ കൗസർ'**

തീർച്ചയായും നിനക്ക് നാം കൗസർ തന്നനുഗ്രഹിച്ചിരിക്കുന്നു

**'ഫസല്ലി ലി റബ്ബിക്ക വ അൻഹർ'**

അതിനാൽ നീ നന്ദി സൂചക മായി നിന്റെ നാഥനെ സ്തുതിച്ച് കൊണ്ട് നമസ്ക്കാരം അനുഷ്ഠി ക്കുകയും എല്ലാവിധ ത്യാഗങ്ങൾ ക്കും സന്നദ്ധനാവുകയും ചെയ്യുക.

**'ഇന്ന ശാനിയക്ക ഹുവൽ അബ്ത്തർ'**

അപ്പോൾ നിന്റെ ശത്രുക്കൾ സന്താനരഹിതരായിത്തീരുകയും ചെയ്യുന്നതായിരിക്കും.

അതായത് അവർ തങ്ങളുടെ ഉദ്ദേശ സാഫല്യമുള്ളവരായി തീരുന്നവരല്ല. റസൂൽ തിരുമേനി (സ) ക്കെതിരായ അവരുടെ ശത്രുതാ പ്രവർത്തിയിൽ അവർക്ക് പിന്തുടർച്ചക്കാരുണ്ടാകില്ല. ഹദറത്ത് നബി കരീം (സ) ന്ന് അബ്തർ അഥവാ ആൺ സന്താനങ്ങളില്ലാ ത്തവൻ എന്ന ശത്രുക്കളുടെ പരിഹാസത്തിന്ന് ഉള്ള മറുപടി കൂടിയാണ് ഈ വചനം.

ഇനി കൗസർ എന്ന വാക്കിന്റെ അർത്ഥം എന്താണെന്ന് നോക്കാം

അറബി നിഘണ്ടുക്കൾ കൗസർ എന്ന വാക്കിന്ന് മൂന്ന് അർത്ഥമാണു കൊടുത്തിരിക്കുന്ന ത്.

1. ***അൽ കൗസറു മിൻ കുല്ലി ശൈയ്യിൻ***

ഭൗതികവും ആത്മീയവുമായ ഓരോ വസ്തുക്കളും ധാരാളമായി നൽകുക.

2. ***അസ്സയിദുൽ കസീറുൽ ഖൈരി.***

എല്ലാ നന്മകളും അനുഗ്രഹങ്ങ ളും ധാരാളമായി ഉൾക്കൊള്ളുന്ന ഒരാത്മീയ നേതാവ്

3. ***അർറജുലുൽ കസീറുൽ അത്വാ യി വൽ ഖൈർ***

വലിയ ദാനശീലനും അധിക മായ നന്മകളും വിതക്കുന്ന പുരുഷൻ.

ബുഖാരിയിലെ ഒരു നിവേദ നമനുസരിച്ച് ഹദ്റത്ത് ആയിശാ (റ) യോട് കൗസർ എന്നാൽ എന്താണെന്ന് ചോദിച്ചപ്പോൾ, 'സ്വർഗ്ഗത്തിൽ ഒഴുകുന്നതും ഹദ്റ ത്ത് റസൂൽ തിരുമേനി(സ)ക്ക്

പ്രത്യേകമായി നൽകപ്പെട്ടതും ആയ നദി 'എന്ന് പറയുകയുണ്ടായി.

ഹദ്റത്ത് ഇബ്നു അബ്ബാസ് ഇപ്രകാരം നിവേദനം ചെയ്യുന്നു.: **'അൽ കൗസർ'** എന്നാൽ **'അൽ ഖൈറുൽ കസീറു'** അധികമായ നന്മകൾ ഉള്ള ആൾ എന്നാണർ ത്ഥം.

വിശുദ്ധ ഖുർആനിലെ ഒരു വാക്കിന്നു എന്തെല്ലാം അർത്ഥങ്ങൾ നിഘണ്ടുവിൽ കൊടുത്തിരിക്കുന്നുവോ അവയൊക്കെ വിശുദ്ധ ഖുർആനിൽ പ്രയുക്തമാവുന്നതാണ്.

**'അബ്തർ'** എന്ന വാക്കിന്ന് **'ആൺ സന്തതിയറ്റവൻ'** എന്നർത്ഥം. റസൂൽ തിരുമേനി(സ) ക്ക് ആൺ സന്താനങ്ങളില്ലാത്തതിനാൽ അതൊരയോഗ്യതായി കണക്കാക്കി മുശ്രിക്കുകൾ ആ പുണ്യാത്മാവിനെ പരിഹസിക്കാറുണ്ടായിരുന്നു. റസൂൽ തിരുമേനി (സ) യുടെ ശത്രുവായിരുന്ന ആസിബ്നു വായിലും കൂട്ടരും 'മുഹമ്മദ് ആൺ സന്തതിയില്ലാത്തവനായത് കൊണ്ട് അദ്ദേഹത്തിന്റെ കാലശേഷം ഈ പ്രസ്ഥാനം സ്വയം നശിച്ചു പോകുന്നതാണ്. അതുകൊണ്ട് അദ്ദേഹത്തെ എതിരിട്ട് നശിപ്പിക്കേണ്ടുന്ന ആവശ്യം തന്നെ ഇല്ല.' എന്ന് പറഞ്ഞുകൊണ്ടിരുന്നു. ഇതിന്നുള്ള മറുപടിയായി അല്ലാഹു തഅലാ ഈ അദ്ധ്യായത്തിൽ അദ്ദേഹം ആൺ സന്തതിയറ്റവനല്ല മറിച്ച് അദ്ദേഹത്തിൽ വിശ്വസിച്ചിരുന്ന കോടാനുകോടി വിശ്വാസികൾ അദ്ദേഹത്തിന്റെ ആത്മീയ സന്തതികളാണ്. വിശുദ്ധ ഖുർആൻ മറ്റൊരിടത്ത് ഇപ്രകാരം പറയുന്നു:

***'മുഹമ്മദ് ഞങ്ങളിൽപ്പെട്ട ഒരാളുടെയും പിതാവല്ല. മറിച്ച് അദ്ദേഹം റസൂലുല്ലാഹും അല്ലാഹുവിന്റെ ദൂതനും ഖാത്തമുന്നബിയ്യീനും (പ്രവാചകന്മാരുടെ മുദ്ര) യുമാണ്. (ആത്മീയ സന്തതികളുമാണ്.)'***

ഹദ്റത്ത് റസൂൽ തിരുമേനി (സ) ഒരിക്കൽ ഇപ്രകാരം പറഞ്ഞു: ഞാൻ ഒരു ദർശനത്തിൽ സ്വർഗ്ഗത്തിൽ ചെന്നതായി കാണപ്പെടുകയുണ്ടായി. അപ്പോൾ ഒരു മലക്ക് സ്വർഗ്ഗത്തിലെ നാമങ്ങൾ പറഞ്ഞുകൊണ്ട് രണ്ട് കുല മുന്തിരിപ്പഴം കാണിക്കുകയുണ്ടായി. അതിൽ നിന്ന് ഒരു കുല എനിക്ക് തന്നുകൊണ്ട് ഇത് താങ്കൾക്കുള്ളതാണ് എന്ന് പറഞ്ഞു. മറ്റെക്കുല ആർക്കുള്ളതാണെന്ന് ചോദിച്ചപ്പോൾ ഇത് അബൂജഹലിന്നുള്ളതാണെന്ന് പറഞ്ഞപ്പോൾ ഞാൻ വളരെയധികം പരിഭ്രമിച്ചു. എന്റെ കണ്ണുകൾ തുറന്നു. എന്ത് അല്ലാഹുവിന്റെ പക്കൽ എനിക്കും ഇസ്ലാമിന്റെ ബദ്ധശത്രുവായ അബൂജഹലിന്നും ഒരേ സ്ഥാനമാണോ ഉള്ളത് എന്ന് തോന്നിപ്പോയി. അതിന്ന് ശേഷം നടന്ന ബദ്ർ യുദ്ധത്തിൽ അബൂജഹൽ വധിക്കപ്പെട്ടു. പിന്നീട് മക്കാ വിജയമുണ്ടായപ്പോൾ അയാളുടെ മകൻ ഇക്രിമ, തന്നെ മുസ്ലിംകൾ ഉപദ്രവിക്കുമോ എന്ന ഭീതികൊണ്ട് അവിടെ താമസിക്കാൻ ഇഷ്ടപ്പെടാതെ ഓടിപ്പോവാനൊരുങ്ങുകയായിരുന്നു. ഇതറിഞ്ഞ് അദ്ദേഹത്തിന്റെ ഭാര്യ കാരുണ്യമൂർത്തിയായ മുഹമ്മദ് നബി (സ) യുടെ പെരുമാറ്റം ഞങ്ങളോട് വളരെയധികം സൗഹൃദപരമാണെന്നും താങ്കളദ്ദേഹത്തെ കണ്ടതിന്ന് ശേഷം ഒരു തീരുമാനത്തിൽ എത്തുക എന്ന് പറഞ്ഞു. അങ്ങനെ ഇക്രിമ അദ്ദേഹത്തിന്റെ ഭാര്യയോടൊപ്പം റസൂൽ തിരുമേനി(സ) യുടെ തിരുസന്നിധിയിൽ ഹാജരായി കാര്യം വിവരിച്ചു. താങ്കളുടെ ഭാര്യപറഞ്ഞത് ശരി തന്നെയാണ് താങ്കളിവിടെ താമസിക്കുകയാണെങ്കിൽ മാപ്പ് നൽകുന്നതാണെന്നും പറഞ്ഞു. ഇത് തന്റെ ഭാഗ്യമാണെന്നും ഒരിക്കലും തനിക്ക് മാപ്പ് ലഭിക്കുമെന്ന് അദ്ദേഹം കരുതിയിരുന്നില്ല. ദൈവനിയുക്തനായ ഒരു പ്രവാചകനിൽ നിന്നല്ലാതെ ഇങ്ങനെ ഒരു പെരുമാറ്റം ഉണ്ടാവുന്നതല്ല എന്നു കരുതിയ അദ്ദേഹം ഉടനെ ശഹാദത്ത് കലിമ ഉച്ചരിച്ച് കൊണ്ട് നബി (സ) തിരുമേനിയുടെ ദാസത്വം സ്വീകരിക്കുകയും തിരുനബി (സ) ആത്മീയ സന്തതികളിൽ ഒരാളായി ത്തീരുകയും ചെയ്തു. അപ്പോൾ അല്ലാഹു എനിക്ക് കാണിച്ചു തന്ന ആത്മീയ ദർശനത്തിന്റെ സാക്ഷാത്ക്കാരകാരമാണെന്ന് അരുൾ ചെയ്തു. അപ്പോൾ അബ്തർ അഥവാ അനന്തരാവകാശിയില്ലാത്ത സന്താനരഹിതൻ നബികരീം (സ) അല്ല. അബുജഹലായിരുന്നു എന്ന അല്ലാഹു തെളിയിച്ചു കാട്ടുകയുണ്ടായി. അബൂജഹലിന്റെ മകൻ ഇക്രിമ ഇസ്ലാം മതം സ്വീകരിച്ചത് കൊണ്ട് അബൂജഹലായിരുന്നു സന്താന രഹിതനായത്. അതേ പ്രകാരം ഇസ്ലാമിന്റെയും നബി കരീം (സ)ന്റെയും ബദ്ധശത്രുവായിരുന്ന വലീദ് (ഹദ്റത്ത് ഖാലിദ്ബ്നു വലീദിന്റെ പിതാവ്) ഖാലിദ്ബ്നു വലീദ് ഇസ്ലാം മതം സ്വീകരിച്ചതോടെ അദ്ദേഹത്തിന്റെ പിതാവിന്റെ ഇസ്ലാമിനോടുള്ള ശത്രുതയുടെ പാരമ്പര്യം മുറിഞ്ഞു പോകുകയും റസൂൽ തിരുമേനി (സ) യുടെ ശിഷ്യത്വം സ്വീകരിച്ച് ഇസ്ലാമിന്ന് വേണ്ടി ഉജ്ജ്വലമായ യുദ്ധങ്ങൾ നടത്തി ഇസ്ലാമിന്റെ വിശ്വജേതാവായി മാറുകയുചെയ്തു. അത്പോലെ ഇസ്ലാമിന്റെയും റസൂൽ തിരുമേനി(സ) യുടെയും ശത്രുവായിരുന്നു ഇസ്ലാമിന്റെ വീരപോരളിയായിരുന്ന അംറ്ബ്നു ആസിന്റെ പിതാവായ അംറ്ബ്നു വായിൽ. അങ്ങനെ റസൂൽ കരീം (സ) ന്റെ നിരവധി ശത്രുക്കൾക്ക് അവരുടെ ശത്രുത്വത്തിന്റെ പിന്തുടർച്ചക്കാരില്ലാതെ നശിക്കുകയും അറേബ്യ മുഴുവൻ മാത്രമല്ല ലോകത്തിന്റെ വിദൂര കോണുകളിൽ വരെ പിന്നീടുള്ള കാലമത്രയും റസൂൽ തിരു മേനി (സ)യുടെ ആത്മീയ സന്താനങ്ങൾ നിറഞ്ഞു കൊണ്ടിരിക്കുകയും ചെയ്തു. അപ്പോൾ ആ കൊച്ചു സൂറത്തിൽ പറഞ്ഞത് പോലെ റസൂൽ തിരുമേനി(സ) സന്താനങ്ങളാൽ ധന്യനും ശത്രുക്കൾ സന്താന രഹിതരുമാവുകയായിരുന്നു.

**ശേഷം പേജ് 43 ൽ**

# ആഗോള യുദ്ധ സാഹചര്യവും സമാധാനത്തിലേക്കുള്ള പാതയും

എറണാകുളം അന്തരാഷ്ട്രാ പുസ്തകോത്സവത്തിൽ 10 ഏപ്രിൽ 2022 ന് ആഗോള യുദ്ധസാഹചര്യവും സമാധാനത്തിലേക്കുള്ള പാതയും എന്ന വിഷയത്തെ അധികരിച്ചു നടന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം. (കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

എ. എം. മുഹമ്മദ് സലീം

### പശ്ചിമേഷ്യ ലോക സംഘർഷങ്ങളുടെ എപിക് സെന്റർ

ഇക്കാലത്തെ ആഗോള സംഘർഷങ്ങളുടെ എപിക് സെന്റർ എപ്പോഴും പശ്ചിമേഷ്യയാണ്. ഇതിന്റെ വേരുകൾ ഒന്നാം ലോക മഹായുദ്ധകാലഘട്ടത്തിൽ എത്തിനിൽക്കുന്നു. സഖ്യശക്തികളും കേന്ദ്രീയ ശക്തികളും തമ്മിലായിരുന്നു യുദ്ധം കേന്ദ്രീയ ശക്തികളായ ജർമ്മൻ സഖ്യത്തിലായിരുന്നു മുസ്ലിം ലോകത്തിന്റെ ഖിലാഫത്തിന്റെ പ്രാധിനിത്യം വഹിച്ച തുർക്കി. എന്നാൽ അറബ് ലോകം തുർക്കി ഖിലാഫത്തിനെതിരെ ബ്രിട്ടൻ–ഫ്രാൻസ് നയിച്ച സഖ്യശക്തികൾക്കായിരുന്നു യുദ്ധത്തിലുടനീളം പിന്തുണ നൽകിയത്. ജയിച്ചാൽ തുർക്കി ഖിലാഫത്തിന്റെ ഭരണ പ്രദേശങ്ങൾ തദ്ദേശീയരായ അറബികൾക്ക് നൽകുമെന്നായിരുന്നു വാഗ്ദാനം. മക്കയിലെ ശരീഫ് ഹുസൈനും മക്മേഹോൻ എന്ന ബ്രിട്ടീഷ് മിലിറ്ററി ഓഫീസറുമായുണ്ടാക്കിയ Hussain- McMahon Agrement പ്രകാരവും സൈനിക പരിശീലകനും ബ്രിട്ടീഷ് ചാരനും ഏജന്റുമായ ടി. എസ്സ് ലോറൻസ് അറബികൾക്ക് നൽകിയ ഉറപ്പ് പ്രകാരവും തുർക്കിയുടെ പ്രദേശങ്ങൾ അറബികൾക്ക് തന്നെ നൽകുമെന്നായിരുന്നു കരാർ വ്യവസ്ഥ. തങ്ങളുടെ സ്വന്തം ഖിലാഫത്തിനെതിരെ നിന്ന് അറബികൾ സഹായിച്ച സഖ്യകക്ഷികൾ യുദ്ധം ജയിച്ചപ്പോൾ വാഗ്ദാനം പാലിച്ചില്ല എന്ന് മാത്രമല്ല പരാജയപ്പെട്ട തുർക്കി ഖിലാഫത്തിന്റെ ഭരണ പ്രദേശങ്ങൾ ബ്രിട്ടനും ഫ്രാൻസും റഷ്യയും ചേർന്ന് സ്വയം പങ്കിട്ടെടുത്തു. ഫലസ്തീനിൽ നിന്നും തദ്ദേശീയരായ അറബികളെ പുറത്താക്കി വിഭജിച്ച് ഇസ്റയേൽ രൂപീകരിക്കുകയും ചെയ്തു. സ്വാഭാവികമായും അറബികൾക്ക് ലഭിക്കേണ്ട ആ പ്രദേശങ്ങൾ യുദ്ധശേഷം അവർക്ക് ലഭിച്ചില്ല.

അറബികൾക്ക് നൽകിയ വാഗ്ദാനത്തിന്ന് വിരുദ്ധമായി രഹസ്യമായി 1916 മെയ് 10 ന്ന് സഖ്യകക്ഷികളിൽ പെട്ട ബ്രിട്ടീഷ് പ്രതിനിധിയായ Sir Mark Sykes ഫ്രെഞ്ച് പ്രതിനിധി Georges Picot ചേർന്ന് Sykes–Picot Agreement എന്ന ഒരു നിഗൂഢ കരാരിൽ ഒപ്പുവെച്ചിരുന്നു. വാസ്തവത്തിൽ ഈ രഹസ്യകരാറിലൂടെ യുദ്ധം ജയിച്ച ശേഷം സഖ്യ കക്ഷികൾ അറബികളെ വഞ്ചിക്കുകയായിരുന്നു. സൈക്സ് പിക്കോട്ട് രഹസ്യ കരാർ പ്രകാരം അറേബ്യൻ ഉപദ്വീപ് ഒഴിച്ച് ബാക്കി അറബ് പ്രദേശങ്ങൾ ജോർദ്ദാൻ നദിക്കും മദ്ധ്യധരണ്യാഴിക്കും ഇടക്കുള്ള പ്രദേശങ്ങളും ദക്ഷിണ ഇറാഖും ബ്രിട്ടനും വടക്കൻ ഇറാഖ്, സിറിയ, ലബനാൻ എന്നിവ ഫ്രാൻസിന്നും ഇസ്താംബൂൾ നഗരവും ബോസ്ഫറസ് കടലിടുക്കും ആർമീനിയയും റഷ്യയും പങ്കിട്ടെടുക്കും. പലസ്തീനിൽ ജൂതന്മാർക്ക് ഒരു രാജ്യം നൽകും എന്നായിരുന്നു കരാർ. യുദ്ധം ജയിച്ച ബ്രിട്ടനും ഫ്രാൻസും റഷ്യയും ആ പ്രദേശം തദ്ദേശീയർക്ക് നൽകാതെ അവരുടെ നിയന്ത്രണത്തിലാക്കി. അറബികൾ Sykes– Picot രഹസ്യക്കരാർ അറിഞ്ഞിരുന്നില്ല. സാറിസ്റ്റ് റഷ്യയായിരുന്നു കരാറിൽ ഒപ്പിട്ടത്. 1917 ൽ റഷ്യൻ വിപ്ലവം നടന്നതിന് ശേഷം ഈ രഹസ്യക്കരാർ പ്രകാരമുള്ള വിഹിതം റഷ്യക്ക് കിട്ടാതായപ്പോൾ പ്രസിഡന്റായിരുന്ന ലെനിൻ അവരുടെ രഹസ്യ രേഖാ ശേഖരത്തിലുണ്ടായിരുന്ന സൈക്സ് പിക്കോട്ട് കരാർ 1917 നവംമ്പർ 23 ന്ന് പരസ്യപ്പെടുത്തി. അപ്പോഴാണ് അറബികളും ലോകവും ഈ വഞ്ചനയെ പറ്റി അറിയുന്നത്.

ഒന്നാം ലോക മഹായുദ്ധം നയിച്ച സഖ്യ കക്ഷികളാണ് പശ്ചിമേഷ്യ ഒരു സംഘർഷഭൂമി യാക്കിയത്. പിന്നീട് ബ്രിട്ടീഷുകാർ പലസ്തീനിൽ ഇസ്രയേൽ രൂപീക രിക്കുന്നതിന്ന് മുന്നോടിയായി ബാൽഫർ പ്രഖ്യാപനം നടത്തി. തുർക്കി ഭരണ പ്രദേശങ്ങളുടെ സ്വാഭാവിക അതിർത്തികൾ മാറ്റിമറി ച്ചു. ജനങ്ങൾക്ക് ഹിതകരമല്ലാത്ത ഭരണാധികാരികളെ വാഴിച്ചു. ജനങ്ങളെ വിഭജിച്ചതും പുതിയ രാജ്യങ്ങൾ സൃഷ്ടിച്ചതും ഇസ്ര യേലിനെ അവിടെ കുടിയിരുത്തിയ തും ബ്രിട്ടനും ഫ്രാൻസും അടങ്ങു ന്ന സാമ്രാജ്യത്വ ശക്തികളായിരു ന്നു. തങ്ങൾക്ക് ബൈബിളിൽ യഹോവ വാഗ്ദാനം ചെയ്ത പ്രദേശമാണ് യൂഫ്രട്ടീസ് നദിക്കും നൈൽ നദിക്കും ഇടയിലുള്ള പലസ്തീൻ ഭൂമി എന്ന അവകാശം പറഞ്ഞാണ് ആയിരക്കണക്കിന് വർഷങ്ങളായി അവിടെ പാർത്തു വരുന്ന ഒരു ജനതയെ ആട്ടിപുറ ത്താക്കി ഇസ്റയേൽ അവിടെ രാഷ്ട്രം സ്ഥാപിച്ചത്. തികച്ചും വംശീയവും മതപരവുമായ ഈ വാദം ഇസ്റയേലിനു വേണ്ടി ബ്രിട്ടനും റഷ്യയും അമേരിക്കയും മടക്കം സാമ്രാജ്യത്ത ശക്തികൾ ഐക്യരാഷ്ട്രസഭയിൽ പല സമ്മർദ്ദ തന്ത്രങ്ങളിലൂടെയും നിലപാടുകളി ല്ലാത്ത ചെറുരാജ്യങ്ങളെയും ഭീഷണിപ്പെടുത്തിയും പ്രലോഭിപ്പി ച്ചും വോട്ടിംങ്ങ് തിയതി മാറ്റിവെച്ചു മാണ് പാസ്സാക്കിയത്. ഇസ്റയേൽ പലസ്തീൻ എന്നീ രണ്ടു രാജ്യങ്ങൾ വരണമെന്നയിരുന്നു യു എൻ പ്രമേയം അനുശാസിച്ചത്. പക്ഷേ മണ്ണിന്റെ മക്കളായ പലസ്തീകൾക്ക് ഇസ്റയേലികളാൽ നിരന്തരം അക്രമിക്കപ്പെടുകയും ചോരയും കണ്ണീരും ചാലിട്ടൊഴുകുന്ന തങ്ങളു ടെ മാതൃഭൂമിയിൽ ഗസ്സയിലും വെസ്റ്റ് ബാങ്കിലും അഭയാർത്ഥിക ളായി കഴിയുകയാണ്. ഈ അന്ത നീതി അരങ്ങേറിയത് ലോകത്ത് സമാധാനം സ്ഥാപിക്കാൻ ബാദ്ധ്യ തയുള്ള യുഎന്നിലാണ്. പശ്ചി മേഷ്യയിലെ നിലക്കാത്ത സംഘർ ഷങ്ങൾക്ക് കാരണം ഈ നീതിഹത്യ യാണ്.

## യൂറോപ്പും ഉയർന്നുവരുന്ന വലത്പക്ഷ തീവ്രവാദവും

ലോകമഹായുദ്ധങ്ങളിലേക്ക് നയിച്ച ഫാസിസവും നാസിസവും തീവ്രദേശീയതയും ഉയർന്നു വന്നത് യൂറോപ്പിലാണ്. അത്പോലെ പാർലമെന്ററി ഡമോക്രസി, സെക്കു ലറിസം, ലിബറലിസം മുതലായ ആധുനിക രാഷ്ട്രീയത്തിലെ നല്ല മാതൃകകൾ ലോകത്തിന് നൽകിയ തും യൂറോപ്പിൽ നിന്നാണ്. ഇന്ന് വീണ്ടും യൂറോപ്പിൽ സങ്കുചിത ദേശീയവാദത്തിന്റെയും തീവ്ര വലത് പക്ഷകക്ഷികളുടെയും അടി യൊഴുക്കൾ ഭയാനകമാംവിധം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അതിതീവ്ര ദേശീയത, വിദേശികളോടുള്ള വെറി, കുടിയേറ്റ വിരുദ്ധത, ഇസ്ലാമോഫോബിയ, ആന്റിസെമി റ്റിസം, വെള്ളവംശീയത, പഴയ നാസീ ബന്ധമുള്ളവരെ വാഴ്ത്തി പ്പറയൽ, യുദ്ധോത്സുകത മുതലായ പ്രതിലോമ പ്രവണതകൾ അവിടെ സജീവമാണ്. ഒരു കാലത്ത് ഫാസി സത്തെ അകറ്റിയിരുന്ന യൂറോപ്പ് ഇന്ന് ഫാസിസത്തിന്ന് സമാനമായ വാദങ്ങളുള്ള ന്യൂജനറേഷൻ പാർട്ടി കളുടെ നാടാണ്. ജർമനിയിലെ **AfD** പാർട്ടി. ഇറ്റലിയിലെ ബ്രദേഴ്സ് ഓഫ് ഇറ്റലി അഥവാ ഫ്രാറ്റേലി ഡി ഇറ്റാലിയ പാർട്ടി, ഫ്രാൻസിലെ മറീൻ ലീ പെന്നിന്റെ നാഷണൽ ഫ്രണ്ട്, നെതർലണ്ട്സിലെ പാർട്ടി ഓഫ് ഫ്രീഡം, ഓസ്ട്രിയയിലെ ഫ്രീഡം പാർട്ടി, പോളണ്ടിലെ ലോ ആന്റ് ജസ്റ്റീസ് പാർട്ടി മുതലായ തീവ്ര വലത്പക്ഷ പാർട്ടികൾ യൂറോപ്പിലെ ഫാസിസ്റ്റ് നാസീ ചേരുവകളുള്ള പാർട്ടികളാണ് ഇവർ പൊതു തിരഞ്ഞെടുപ്പുകളിൽ ക്രമേണ മേൽകൈ നേടിക്കൊണ്ടിരിക്കുകയാ ണ്. ഈ തീവ്ര ദേശീയപാർട്ടികൾ യൂറോപ്യൻ യൂണിയനെതിരായ വികാരം Euroscepticism വെച്ചു പുലർത്തുന്നവരാണ്. ബ്രിട്ടൻ ബ്രെക്സിറ്റിലൂടെ യൂറോപ്യൻ യൂണിയൻ വിട്ടുപോയത് ഈ വികാരത്തിന്റെ ബലതന്ത്രത്തിന്റെ ഫലമായിട്ടാണെന്നാണ് വിലയിരു ത്തപ്പെടുന്നത്. ഇപ്പോഴത്തെ കോവി ഡ് പോലെയുള്ള അതിദ്രുത പകർച്ച വ്യാധി അന്തർദേശീയതയുടെ സ്വഛന്ദ പാരസ്പര്യത്തിന് വിഘാത മായിതീരുകയും തീവ്രദേശീയതക്ക് ആക്കം കൂട്ടുകയും ചെയ്തുവോ എന്നും സംശയിക്കേണ്ടിയിരിക്കു ന്നു.

യൂറോപ്പിൽ മാത്രമല്ല ഏഷ്യൻ രാജ്യങ്ങളിലും വംശീയവും മതപരവുമായ തീവ്രദേശീയതയും അവരുടെ യുദ്ധോത്സുകതയും ലോക സമാധാനത്തിന് ഗുരുതര മായി ബാധിച്ച് ഈ കാലഘട്ടത്തി ന്റെ ആതുരതയാണെന്ന് കരുതേ ണ്ടിയിരിക്കുന്നു. പുടിൻ ഉക്രയ്ൻ അക്രമണത്തിന് മുന്നോടിയായി ചെയ്ത പ്രസ്താവനയിൽ ഉക്രയ്ൻ ആക്രമണത്തിന്റെ അവിടുത്തെ നാസീ മോചനവും സൈനികമായ നിർവീര്യമാക്കലുമാണെന്നായിരുന്നു (Demilitarisation and Denazification) പ്രസ്താവിച്ചത്.

1945 മുതൽ 1991 വരെ അമേരി ക്കയുടെ നാറ്റോവും സോവ്യറ്റ് യൂണിയനും നേതൃത്വത്തിലുള്ള വാഴ്സാ സഖ്യവും തമ്മിൽ ശീതയുദ്ധകാലത്ത് ഒരു ശാക്തിക സംന്തുലനം ലോകത്തുണ്ടായിരു ന്നു. 1991 ൽ യുഎസ്എസ്ആർ നോടൊപ്പം വാഴ്സാ സഖ്യവും പൊട്ടിത്തകർന്നു. ലോകവേദിയിൽ നിന്ന് നിഷ്ക്രമിച്ചതോടെ അമേരിക്ക യുടെ അക്രമാസക്തമായ ഏക ധ്രുവ ലോകത്തിന്റെ കുതിപ്പാണ് പിന്നീട് കാണുന്നത്. 1990 അമേരി ക്കൻ പ്രേരണയോടെയുള്ള ഇറാഖി ന്റെ കുവൈത്ത് ആക്രമണവും തുടർന്ന് ഇറാഖിനെതിരെ നടന്ന ഗൾഫ് യുദ്ധം മുതൽ പശ്ചിമേഷ്യ യിലും ലോകത്തെല്ലായിടത്തും അമേരിക്കൻ ആഭിമുഖ്യത്തിലുള്ള ഏകധ്രുവലോകത്തിന്റെ കിരാത മായ ഇടപെടലുകളാണ് കണ്ടത്. ലിബിയ, യമൻ, സിറിയ, പലസ്തീൻ, അഫ്ഘാനിസ്ഥാൻ എന്നിങ്ങനെ നീളുന്നു ആ പട്ടിക. ഇങ്ങനെ

അമേരിക്കൻ ആഭിമുഖ്യത്തിലുള്ള ഏകധ്രുവലോകം അനീതിപരവും അക്രമാസക്തവും അപ്രതിരോധ്യവുമായ സംഹാര പദ്ധതികളുമായി മുന്നേറി കൊണ്ടിരുക്കുമ്പോഴായിരുന്നു പൊടുന്നനെ റഷ്യയുടെ ഉക്രയ്ൻ ആക്രമണം.

1991 ന് ശേഷം റഷ്യയും അമേരിക്കയുടെ നാറ്റോ മിലിറ്ററി അലയൻസും (NATO Military Alliance) തമ്മിൽ സമാധാനത്തിന് വേണ്ടിയുള്ള പങ്കാളിത്തം (Partnership for Peace) എന്ന പേരിൽ ഒരു രൂപരേഖയുണ്ടാക്കി പ്രവർത്തിക്കുകയും ചെയ്തിരുന്നു. ആ കാലഘട്ടങ്ങളിലായിരുന്നു മേൽപറഞ്ഞ അമേരിക്കൻ താണ്ഡവങ്ങൾ റഷ്യയുടെ മൗനാനുവാദത്തോടെ ലോകത്ത് നടന്നത്. ഭീകരതക്കെതിരായ യുദ്ധം, ട്വിൻ ടവർ ആക്രമണത്തെതുടർന്ന് അഫ്ഘാനിസ്ഥാനെ കീഴടക്കൽ, മയക്കുമരുന്നിനെതിരെയുള്ള പോരാട്ടം, വ്യവസായിക സഹകരണം എന്നീ വിഷയങ്ങളിലായിരുന്നു നാറ്റോ-റഷ്യ സഹകരണം പ്രവർത്തിച്ചത്. പഴയ വാഴ്സാ സഖ്യരാജ്യങ്ങളിലേക്കും ബാൽക്കൺ രാജ്യങ്ങൾക്ക് അംഗത്വം നൽകി റഷ്യയെ വളയുക എന്ന നാറ്റോ പദ്ധതിയും അത്പ്രകാരമുള്ള മിസ്സെയിൽ വിന്യാസവുമാണ് റഷ്യയുമായി അമേരിക്ക അകലാൻ തുടങ്ങിയത്. 2014 ലെ ക്രിമിയാ അക്രമണം റഷ്യ- അമേരിക്കാ ബലാബലത്തിന് വീണ്ടും തുടക്കം കുറിച്ചിരിക്കുന്നു. ഇപ്പോഴിതാ ഉക്രയിൻ ആക്രമണവും. ശാക്തിക ചേരികൾ തിരിച്ചു വരുമോ എന്ന ഭീതി പരക്കുകയാണ്.

ഉക്രയിനിൽ റഷ്യ ഭീതി മുൻകൂട്ടി കണ്ട് ആക്രമിച്ചു എന്ന വാദം അന്താരാഷ്ട്രാ നീതി തത്വങ്ങൾക്ക് തികച്ചും വിരുദ്ധമാണ്. Premative War, Right To Self-defense, The War to End War എന്നിങ്ങനെ നയതന്ത്ര ഭാഷയിൽ ഓമനപേരിട്ട് ഒരു പരമാധികാര രാഷ്ട്രത്തിനെതിരെ ഇത്തരം അതിക്രമങ്ങൾ യു എൻ ചാർട്ടറിന്റെയും അന്താരാഷ്ട്ര നിയമങ്ങളുടെയും നീതിതത്വങ്ങളുടെയും ലംഘനമാണ്. അമേരിക്കയും ഇസ്റയേലും ഇത്തരം അക്രമങ്ങൾ എത്രയോ തവണ നടത്തിയവരാണ്. പച്ചക്കള്ളം ഇറാഖിനെതിരെ പ്രചരിപ്പിച്ച് ഇറാഖ് യുദ്ധവും നടത്തിയത് ഈയടുത്തായിരുന്നുവല്ലോ. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾക്ക് കാരണവും ആക്രമിരാജ്യങ്ങളുടെ ഇത്തരം തോന്നലുകളാണ്. ഒരു രാജ്യത്തിനെതിരെയുള്ള പരാതി സത്യമായതാണെങ്കിൽ തന്നെ നിയമ മാർഗ്ഗേണ മാത്രമേ അത് പരിഹരിക്കാൻ പാടുള്ളൂ. കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന കാട്ടിലെ നീതിശാസ്ത്രം സാർവ്വത്രിക നീതിതത്വങ്ങൾക്ക് വിരുദ്ധമാണ്. ശക്തമായ നീതിവ്യവസ്ഥയും നീതിപാലന സ്ഥാപനവും ശൂന്യമായികിടക്കുന്ന അന്തർദേശീയ രംഗത്ത് ഇത്തരം ശക്തിപ്രകടനങ്ങളാണ് വാഴുന്നത്. ഈ അനീതി വാഴ്ച്ചയുടെ ആവൃത്തി കൂടുമ്പോഴാണ് ലോകമഹായുദ്ധം ആരഭിക്കുക. ഏതായാലും റഷ്യയുടെ ഉക്രയിൻ ആക്രമണം ആയുധ നിർമ്മാതാക്കൾക്കും വ്യാപാരികൾക്കും സുവർണ്ണകാലം സമ്മാനിച്ചിരിക്കുകയാണ്.

### ഭൂമി പാഴ്നിലമാവാതിരിക്കട്ടെ

ഇനിയൊരുയുദ്ധം മനുഷ്യരാശിക്ക് താങ്ങാൻ സാദ്ധ്യമല്ല. നാളിതുവരെ മനുഷ്യനുണ്ടാക്കിയ നാഗരിക സംസ്കൃതികൾക്കൊപ്പം അതിനെ നശിപ്പിക്കാനുള്ള സംഹാരശക്തിയും അവൻ ആർജ്ജിച്ചിരിക്കുന്നു. ഭൂമിയിലെ വിഭവങ്ങളും നിർമ്മിതികളുമെല്ലാം മനുഷ്യൻ നന്നായി പ്രവർത്തിക്കാനുള്ള പരീക്ഷണാലയമാണ്. കുറഞ്ഞ കാലം മാത്രം ഭൂമിയിൽ വസിക്കുന്ന മനുഷ്യൻ നില മറന്ന് പിടിച്ചടക്കാനും കയ്യടക്കാനും വേണ്ടി അനീതിയും അക്രവും അധാർമികതയും പ്രവർത്തിച്ചാൽ അല്ലാഹു ഭൂമിയെ ഒരു പാഴ്നിലമാക്കിക്കളയും എന്ന് ഖുർആൻ നൽകിയ താക്കീത് ഉണർത്തിക്കൊണ്ട് ഈ വിഷയാവതരണം അവസാനിപ്പിക്കുന്നു. ഖുർആൻ പറയുന്നു:

**'മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. അവർ മടങ്ങുന്നതിന്നു വേണ്ടി(30:42) തീർച്ചയായും ഭൂതലത്തിലുള്ള എല്ലാ വസ്തുക്കളും നാം അതിന്ന് ഒരു അലങ്കാരമാക്കി വച്ചിരിക്കുന്നു. ഏറ്റവും നന്നായി പ്രവർത്തിക്കുന്നവൻ ആരാണെന്ന് അവരെ പരീക്ഷിക്കുന്നതിന്ന് വേണ്ടി. (ഒരുനാൾ) അതിന്മേലുള്ളതിനെ നാം തരിശു നിലമാക്കി മാറ്റുന്നതാണ്.(18:8)**

**ആണവ യുദ്ധത്തിന്റെ എല്ലാ വിപത്തുകളിൽ നിന്നും അല്ലാഹു നമ്മെ രക്ഷിക്കട്ടെ**



# യേശുവിന്റെ ദൈവ പുത്രത്വം ചരിത്ര പശ്ചാത്തലത്തിൽ ഒരു പരിശോധന

യേശുവിന്റെ ദൈവപുത്രത്തെ സംബന്ധിച്ച നാനാ വശങ്ങളെ കുറിച്ചും വിശകലനം ചെയ്തുകൊണ്ടുള്ള ലേഖനം. വിവ: കെ വി ഹസ്സൻ കോയ

അസ്ഗർ ഗൊറായ, മെക്സിക്കോ

യേശു ദൈവ പുത്രനാണ് എന്ന് തെളിയിക്കാനുള്ള ശ്രമത്തിൽ ക്രിസ്ത്യാനികൾ മുന്നോട്ടുവെക്കുന്ന വാദഗതികളിലൊന്ന് യേശു (അ) 'ദൈവ പുത്രൻ' എന്ന് വിളിക്കപ്പെട്ടു എന്നതാണ്. എന്തായാലും 'ദൈവ പുത്രൻ' പിതാവിനെ പോലെ ദിവ്യത്വമുള്ള ആളായിരിക്കേണ്ടതുണ്ടല്ലോ?

പഴയ നിയമം യേശുവിന്റെ വാക്കുകൾ ശ്രദ്ധാപൂർവ്വം പഠിച്ചാൽ യേശു ദിവ്യത്വമുള്ള ആളല്ല എന്ന നിഗമനത്തിൽ എത്തിച്ചേരും. യഥാർത്ഥത്തിൽ അദ്ദേഹം ഏക ദൈവ വിശ്വാസിയായിരുന്നു. 'ദൈവ പുത്രൻ' എന്ന പദം അദ്ദേഹം ആലങ്കാരികമായിട്ടാവണം ഉപയോഗിച്ചിരുന്നത്. ഒരിക്കലും താൻ ദിവ്യത്വമുള്ളവനായിരുന്നു എന്ന് തെളിയിക്കാനല്ല. (യോഹന്നാൻ 10: 34-36). അതിലുപരി യേശു ഈ പദം ധാരാളമായി ഉപയോഗിച്ചിരുന്നത് മനുഷ്യ പുത്രൻ എന്ന നിലക്കും ഏറ്റവും കൂടുതലായി ദൈവദാസൻ എന്ന നിലക്കുമാണ്.

ഒരു സാധാരണ മനുഷ്യൻ എന്നതിലുപരി ദൈവ പുത്രൻ എന്ന പദം എങ്ങനെയാണ് പ്രയോഗത്തിൽ വന്നത്? എന്ന ചോദ്യം അവശേഷിക്കുന്നു. യേശുവിന്റെ പ്രകൃതിയെ പറ്റിയുള്ള സത്യം കണ്ടെത്തുവാൻ ഒന്നാമതായി പിന്നീട് വന്ന വ്യാഖ്യാതാക്കളുടെ അഭിപ്രായങ്ങളെ കൂടാതെ തന്നെ അദ്ദേഹത്തിന്റെ വാക്കുകളുടെ പശ്ചാത്തലം നാം മനസ്സിലാക്കണം.

### ദൈവപുത്രൻ അക്ഷരാർത്ഥത്തിലും ആലങ്കാരികമായും

തുടക്കം മുതൽ പ്രധാനമായ കാര്യമെന്തെന്നാൽ ദൈവത്തിന്റെ രക്തവും മാംസവുമുള്ള പുത്രനായി യേശുവിനെ നാം മനസ്സിലാക്കരുതെന്നാണ്. എന്തെന്നാൽ അതിന്റെ അർത്ഥം ദൈവത്തിന് സന്താനോൽപ്പാദനത്തിനുള്ള ശരീരം ഉണ്ടായിരിക്കണമെന്നുള്ളതാണ്. അങ്ങനെ അവൻ മറിയമുമായി ബന്ധപ്പെട്ടുവെന്നാണ് തന്റെതന്നെ സ്വന്തം സൃഷ്ടി. അതിന്റെ ഫലമായി യേശു ജനിച്ചു. പകുതി ദൈവവും പകുതി മനുഷ്യനുമായി ഒരു വിചിത്ര ജീവി. അത്തരത്തിലുള്ള ഒരു ദൈവനിന്ദ നമ്മെ തലചുറ്റിക്കുകയാണ്.

യഥാർത്ഥത്തിൽ ദൈവ പുത്രൻ എന്ന ഈ പ്രയോഗത്തിന്റെ അർത്ഥമെന്താണ്? മുസ്ലിംകൾ നൽകുന്ന വ്യഖ്യാനം ഏകദൈവ വിശ്വാസവുമായി യോജിക്കുന്നതാണ്. അത് യേശുവിന് ദൈവത്വം നൽകുന്നില്ല. ചരിത്രപരമായി ജൂതന്മാർ ഉപയോഗിക്കുന്ന ദൈവ പുത്രൻ എന്ന പദത്തിനു യേശുവിന്റെ തന്നെ പ്രഖ്യാപനങ്ങളുമായി യോജിക്കുന്നതാണ്.

ഏതെങ്കിലും വിധത്തിലുള്ള നിഗമനത്തിലെത്താൻ യേശുവിന്റെ കാലത്തെ ദൈവപുത്രൻ എന്ന പദത്തിന്റെ സംജ്ഞാ ശാസ്ത്രത്തെ കുറിച്ചു പഠിക്കാൻ നാം തയ്യാറാവണം.

### ദൈവ പുത്രൻ എന്ന പദം ബൈബിളിൽ

ദൈവ പുത്രൻ എന്ന പദത്തെ കുറിച്ച് ചർച്ച ചെയ്യാൻ ബൈബിൾ പഴയ നിയമം വളരെ പ്രയോജനപ്രദമാണ്. എന്തെന്നാൽ ഈ പദം പുതിയ നിയമത്തിൽ നിന്നും ഉത്ഭവിച്ചതല്ല. അതുകൊണ്ട് ആദ്യമായി നാം മനസ്സിലാക്കേണ്ടത് ജൂതന്മാർ ഹിബ്രുവിലും അരമായ ഭാഷയിലും ഇതെങ്ങനെയാണ് ഉപയോഗിച്ചതെന്നാണ്. യേശു(അ) വും അദ്ദേഹത്തിന്റെ അനുയായികളും പ്രധാനമായും സംസാരിച്ചത്

ഹിബ്രു-അരമായ ഭാഷകളിലാണ്. ഗ്രീക്ക് ഭാഷയിലല്ല. ഇത് പ്രധാനമായ തെന്തെന്നാൽ ഹിബ്രു ഭാഷയിൽ പഴയ നിയമത്തിന്റെ ഏറ്റവും പഴയ എഴുത്തു പ്രതികൾ ഗ്രീക്കു ഭാഷയിലാണ്. അതുകൊണ്ട് സുവിശേഷങ്ങളിൽ കാണുന്ന ഗ്രീക്കു പദങ്ങൾ യേശുവും അനുയായികളും സംസാരിച്ച യഥാർത്ഥ ഹിബ്രു-അരമായ ഭാഷകളുടെ പരിഭാഷയാണ്. സ്വയം ഒരു ജൂതനെന്ന നിലയിൽ യേശുവിന്റെ ഭാഷയും പ്രബോധന ഭാഷയും പഴയ നിയമത്തിന്റെ ഹിബ്രു ശൈലിയിലാണ്.

ദൈവ പുത്രൻ, തന്റെ പുത്രൻ എന്നിവ പഴയ നിയമത്തിൽ പൊതുവിലും എങ്ങനെയാണെന്നാണ് നാം ആദ്യമായി മനസ്സിലക്കേണ്ടതുണ്ട്. അത് യേശുവും സമകാലീനരും സുവിശേഷ വിവരണങ്ങൾ എങ്ങനെയാണ് മനസ്സിലാക്കിയത് എന്നതിന്റെ വിവരം നമുക്ക് നൽകും.

## ദൈവ പുത്രൻ, (ഏതെങ്കിലും ഒരാൾ)തന്റെ പുത്രൻ എന്നീ പ്രയോഗങ്ങളുടെ ജൂത പശ്ചാത്തലം

പുത്രൻ എന്ന പദം പഴയ നിയമത്തിൽ വിപുലമായ തോതിൽ വൈവിധ്യമാർന്ന പശ്ചാത്തലത്തിൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. അതുപോലെ 'പുത്രൻ/തന്റെ സന്താനം' എന്ന രീതിയിൽ നിരവധി ആലങ്കാരിക പശ്ചാത്തലത്തിൽ കാണുന്നുണ്ട്. അവിടെ ആലങ്കാരിക പുത്രൻ എന്നതിന് ചില സവിശേഷതകളുണ്ട്. ചിലത് 'പിതാവ്'എന്ന് ആലങ്കാരികമായി ചേർക്കുന്നതാണ്.

'പുത്രൻ' എന്ന അർത്ഥത്തിൽ ഹിബ്രുവിൽ 'ബെൻ' എന്ന പദം ഉപയോഗിക്കുന്നുണ്ട്.. 'യെലെദ്' എന്ന ഹിബ്രു പദത്തിനും സന്താനം എന്നാണ് അർത്ഥം. 'സെറാ' എന്ന പദത്തിന് സന്തതി എന്നാണർത്ഥം. പഴയ നിയമത്തിൽ 'പുത്രത്വം'എന്ന അർത്ഥത്തിൽ അക്ഷരാർത്ഥത്തിലും ആലങ്കാരികമായും അതെല്ലാം ഉപയോഗിക്കപ്പെട്ടിട്ടുണ്ട്.

1. **അക്ഷരാർത്ഥത്തിൽ ജൈവി ക പിന്തുടർച്ചക്കാർക്ക്**

ഉദാ: അദ്ദേഹം ഒരു പട്ടണം പണിതു. അതിന് ഈനോക്ക് എന്ന് പേരിട്ടു. തന്റെ മകന്റെ പേരിൽ. (ഉൽപത്തി 14:17) ഇവിടെ കായേൻ എന്നത് ഈനോക്കിന്റെ ഔരസ പുത്രനാണ്.

2. **സാമാജികമായി വിശാലമായ അർത്ഥത്തിൽ.**

ബഹു വചനമായി 'പുത്രന്മാർ' എന്ന പദം ചിലപ്പോൾ യുവത്വത്തെ അല്ലെങ്കിൽ യുവാക്കളെ പരാമർശിക്കുന്നു (സദൃശവാക്യങ്ങൾ 7:7) ചിലപ്പോൾ സന്തതികളെയും 'വേദനയിൽ നിങ്ങൾ സന്തതികളെ കൊണ്ടു വരുന്നു.' (ഉൽപത്തി 3:16)

3. **യുവാക്കളായ കൂട്ടുകാരെ സ്നേഹപൂർവ്വമുള്ള അഭിസംബോധനാ രൂപത്തിൽ.**

വിദ്യാർത്ഥികൾ, അല്ലെങ്കിൽ ശ്രോതാക്കൾ പിതാവുമായി ബന്ധപ്പെട്ട പ്രഭാഷണം നിർവ്വഹിക്കുന്ന ആളുടെ അഭിസംബോധനയായിക്കൊണ്ട്. അതായത് 'എന്റെ സന്താനമേ നീ എന്റെ വാക്കുകൾ സ്വീകരിക്കുമെങ്കിൽ, എന്റെ ആജ്ഞകളുടെ നിധി നീ സ്വരൂപിക്കുമെങ്കിൽ' (സദൃശവാക്യങ്ങൾ 2:1)

4. **സംസാരിക്കുന്ന ഒരാൾ തന്റെ കീഴിലുള്ളവരെ അഭിസംബോധന ചെയ്യുന്നത് പ്രകടിപ്പിക്കാൻ.**

ഉദാ: എന്റെ പുത്രൻ ദാവീദെ, ഇത് നിന്റെ ശബ്ദമാണോ? ദാവീദ് പറഞ്ഞു. ഇത് എന്റെ ശബ്ദമാണ്. എന്റെ നാഥാ! ഓ രാജാവേ! (1 ശമുവേൽ 26:17) അല്ലെങ്കിൽ സംസാരിക്കുന്ന ആൾ സ്വയം തന്നെ കീഴാളനായി വിളിക്കുമ്പോൾ. (2 രാജാക്കന്മാർ 16:7)

5. **ഏതെങ്കിലും വിഭാഗത്തോടോ വ്യക്തികളോടോ ബന്ധപ്പെടുത്തുന്നതിന്.**

ഉദാഹരണമായി ആദമിന്റെ പുത്രനെ മനുഷ്യ കുലത്തിന്റെ ഭാഗമായി പരാമർശിക്കുമ്പോൾ. (യെഹെസ്ക്കേൽ 2:1) സാമൂഹികമോ ദേശീയമോ ഗോത്രപരമോ ആയ ഗ്രൂപ്പുകളെ പരാമർശിക്കുമ്പോൾ. ഉദാഹരണമായി 'ഇസ്റയേൽ സന്തതികളെ' ഇസ്റയേൽ ജനതയായി പരാമർശിക്കുന്നു. (ഉൽപത്തി 32:32)

6. **ഒരു പ്രത്യേക സമയത്തെ അല്ലെങ്കിൽ യുഗത്തെ സംബന്ധിക്കുന്നത്.**

ഉദാഹരണമായി 'രാത്രിയുടെ പുത്രൻ' ഒരു രാത്രിയുടെ പഴക്കമുള്ള ഒരു കാര്യത്തെ പരാമർശിക്കുന്നു. (യോനാ 4:10)

7. **എന്തെങ്കിലും ആദരവോ സ്ഥാനമോ അവസ്ഥയുമായി ബന്ധപ്പെട്ട പ്രയോഗം.**

അന്തിമമായ ഈ പ്രയോഗമാണ് ദൈവ പുത്രൻ എന്നതിന്റെ അർത്ഥത്തെ സംബന്ധിച്ച് നമ്മുടെ ചർച്ചയുടെ പ്രസക്തമായ ഭാഗം. ദൈവ പുത്രൻ എന്ന പദം താഴെ കൊടുത്ത് ഉദാഹരണവുമായി താരതമ്യപ്പെടുത്തുക.

***ബെൻ ഹായിൽ*** എന്നതിന്റെ അക്ഷരാർത്ഥം ശക്തിയുടെ പുത്രൻ എന്നാണ്. ഇത് ധൈര്യശാലിയായ ഒരു പട്ടാളക്കാരനെ പരാമർശിക്കുന്നു. അതായത് ഉഗ്രയുദ്ധം ചെയ്യുന്ന പട്ടാളക്കാരൻ (2 ശമുവേൽ 17: 10)

***ബെൻ ബെലിയാൽ*** അർത്ഥമാക്കുന്നത് 'ദുഷ്ടതയുടെ പുത്രൻ' അഥവാ സാത്താന്റെ പുത്രൻ ഇത് പരാമർശിക്കുന്നത് ദുഷ്ടനും കുഴപ്പക്കാരനുമായ വ്യക്തിയെയാണ്. (ആവർത്തനം 13: 14)

***ബെൻ ഒസാനി*** അക്ഷരാർത്ഥത്തിൽ 'ദാരിദ്ര്യത്തിന്റെ പുത്രൻ' അത് ദ്രോഹിതനായ ഒരു വ്യക്തിയെ പരാമർശിക്കുന്നു. (സദൃശവാക്യങ്ങൾ 31: 5)

***ബെൻ മൗത്ത്*** 'മരണത്തിന്റെ

പുത്രൻ' എന്ന് അക്ഷരാർത്ഥം മരണ വലയത്തിലെ ഉറ്റവൻ (സങ്കീർത്തനങ്ങൾ 79:11)

***ബെൻ ആദാം*** 'മനുഷ്യ പുത്രൻ' സാമൂഹികമായി താഴ്ന്ന നിലവാരത്തിലുള്ളവരെ പരാമർശിക്കുന്നു. (സങ്കീർത്തനങ്ങൾ 4: 2)

ഈ എല്ലാ അർത്ഥത്തിലും ഇതിന്റെ ഭാഷാ ഘടന സൂചിപ്പിക്കുന്നത് 'പുത്രൻ' എന്നത് ഒരു വിധത്തിലുള്ള സ്വഭാവചിത്രീകരണത്തിന് അല്ലെങ്കിൽ ആലങ്കാരികമായുള്ള പിതാവിനെയാണ് സൂചിപ്പിക്കുന്നത്. ജൂതശൈലിയിൽ വ്യക്തിയുമായി ദൈവപുത്രൻ എന്ന പദം ബന്ധിപ്പിച്ചാൽ കിട്ടുന്ന അർത്ഥം ഏതെങ്കിലും രീതിയിൽ ദൈവവുമായോ ദിവ്യത്വവുമായോ കൂട്ടിചേർക്കപ്പെട്ട വ്യക്തി എന്നാണർത്ഥം.

## യേശു ഉപയോഗിച്ച് 'തന്റെ പുത്രൻ' അർത്ഥത്തിൽ

'തന്റെ പുത്രൻ'എന്ന് യേശു (അ) ചില അവസരങ്ങളിൽ ഉപയോഗിച്ച പൊതു ഘടന എപ്പോഴും അതിന്റെ പൊതുവായതും സാധാരണമായതും സ്വീകൃതവുമായ ഉപയോഗത്തിലായിരുന്നു.

പുതിയ നിയമത്തിൽ ***ബെൻസൻ*** എന്ന ഹിബ്രു പദത്തിന്റെ സാധാരണ പരിഭാഷ ഗ്രീക്ക് പദമായ ***ഹുയിയോസ്*** ആണ്.

## അദ്ദേഹം ഉപയോഗിച്ച ഘടനയുടെ ചില ഉദാഹരണങ്ങൾ

*യേശു തന്റെ അനുയായികൾക്ക് രണ്ടു സഹോദരന്മാർക്ക് അനുവദിച്ച പേര് 'ഇടിമുഴക്കത്തിന്റെ മക്കൾ' (മാർക്ക് 3:17) എന്നായിരുന്നു. അത് വിശ്വാസത്തിൽ അവർക്കുണ്ടായിരുന്ന ആവേശം കൊണ്ടായിരുന്നു.

അദ്ദേഹം യഹൂദന്മാരെ പരാമർശിച്ചുകൊണ്ട് പറഞ്ഞത് 'പിശാചിന്റെ മക്കൾ'എന്നായിരുന്നു. (യോഹ: 8:44) പ്രവാചകനായ അബ്രഹാമിന്റെ പുത്രത്വം ആത്മീയ നിലയിൽ നിരാകരിക്കുകയും ചെയ്തു. അവർ ഭൗതികമായ പിന്തുടർച്ചക്കാർ ആയിരുന്നിട്ടുപോലും അദ്ദേഹം പ്രസ്താവിച്ചു. നിങ്ങൾ അബ്രഹാമിന്റെ സന്തതികളായിരുന്നുവെങ്കിൽ അബ്രഹാം ചെയ്തത് പോലെ നിങ്ങളും ചെയ്യുമായിരുന്നു. (യോഹ: 8: 39)

ജ്ഞാനമോ എന്റെ പ്രവർത്തികളാൽ നീതികരിക്കപ്പെട്ടിരിക്കുന്നു. (മത്തായി 11: 19 ലൂക്കോസ് 7: 35)

## ദൈവ പുത്രൻ എന്നതിന്റെ ജൂത പശ്ചാത്തലം

ജൂതശൈലിയിൽ അതിന്റെ പ്രത്യേകമായ ഉപയോഗം നമുക്ക് നോക്കാം. ഈ ഘടനയുടെ ഉപയോഗം രാജാക്കന്മാരിലും ദൈവിക പ്രവാചകന്മാരിലും പരാമർശിക്കപ്പെട്ടിരിക്കുന്നു.

ഉദാഹരണമായി ദൈവം ദാവീദ് രാജാവിനോട് പറഞ്ഞതായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു

'നീ എന്റെ പുത്രൻ. ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു' (സങ്കീർത്തനങ്ങൾ 2: 7) കൂടുതൽ പൊതുവായി ന്യായാധിപന്മാർ പ്രവാചകന്മാർ രാജാക്കന്മാർ നിന്ന് നിങ്ങൾ ദേവന്മാർ ആകുന്നുവെന്നും നിങ്ങളൊക്കെയും അത്യുന്നതന്റെ പുത്രന്മാർ എന്നും ഞാൻ പറഞ്ഞു. (സങ്കീർത്തനങ്ങൾ 82: 6)

ദൈവേഷ്ട ഭൂമിയിൽ നടപ്പിൽ വരുത്തുന്നവരെക്കുറിച്ച് പുത്രന്മാർ എന്ന് പറയപ്പെട്ടു. അതായത് ഇസ്റായേൽ ഗോത്രം അതായത് അഫ്രയീം ഗോത്രം. ദൈവം ഇസ്റായീലിനോട് പറഞ്ഞതായി ബൈബിൾ പ്രസ്താവിക്കുന്നു.

'യിസ്റായീൽ എന്റെ പുത്രൻ എന്റെ ആദ്യജാതൻ തന്നെ' (പുറപ്പാട് 4: 22)

എഫ്രയീം ഗോത്രത്തെ പറ്റി ദൈവം പ്രസ്താവിക്കുന്നു. 'എഫ്രയിം എന്റെ വാത്സല്യ പുത്രനോ' (യിരമ്യാവ് 31:20) പിന്നീടുള്ള ചില ടെക്സ്റ്റുകളിൽ ഈ പദം സാത്വികനായ വ്യക്തിക്കു വേണ്ടി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ഒരു സ്ഥലത്ത് അത് പ്രസ്താവിക്കുന്നു.

സാത്വികനായ മനുഷ്യൻ ദൈവത്തിന്റെ സന്തതിയാണെങ്കിൽ അവൻ അയാളെ സഹായിക്കും. (ശമുവേൽ 2: 18)

അത്പോലെ പഴയ നിയമ പ്രകാരം ദൈവ പുത്രൻ ദൈവവുമായി ചേരുന്ന മനുഷ്യനാണ്. ദൈവിക നിയമ പ്രകാരം താൽക്കാലികാധികാരം നൽകപ്പെടുന്നവരായാലും ഇസ്റയേൽ രാജാക്കന്മാർക്ക് പ്രത്യേകമായി ഉപയോഗിക്കപ്പെട്ടിരുന്ന ഒരു പദമായിരുന്നു അത്. അതിലുപരി അത് നമുക്ക് കാണിച്ചു തരുന്നത് സാത്വികരും ദൈവിക നിയമം വഹിക്കുന്നവരും ഭക്തരുമായവർക്ക് സവിശേഷമായി ഉപയോഗിക്കുന്ന പദമായിരുന്നു എന്നാണ്.

അന്തിമമായ ഈ പോയിന്റ് പുരാതന ജൂത വ്യാഖ്യാതാക്കൾ സ്വീകരിക്കുകയും വിശദീകരിക്കുകയും ചെയ്ട്ടുണ്ട്. The Theological Dictioanary of the New Testament ൽ പറയുന്നു.

ഇസ്റായേലികളുടെ ദൈവികമായ പുത്രത്വം നിയമ വിധേയമായിരുന്നുവെന്ന വസ്തുതക്ക് റബ്ബിമാർ ഹൃദയ ഹാരിയായി ഊന്നൽ നൽകുന്നു. നിയമത്തിന്റെ ആജ്ഞ പ്രകാരം ഒരു നടത്തം കൊണ്ടുതന്നെ ഇത് കാണാൻ സാധിക്കും റബ്ബി അഖീബ

---

* ബന്ധുവല്ലാത്ത ഒരനുയായിക്ക് അദ്ദേഹം പ്രസ്താവിച്ച പേര് മറിയമിന്റെ പുത്രൻ എന്നായിരുന്നു. (യോഹ: 19: 26, 27) തന്റെ അനുയായി എങ്ങനെയാണ് ഒരാത്മീയ കുടുബമാവുന്നത് എന്ന് പ്രകടിപ്പിക്കാനായിരുന്നു ഇത്. മറ്റൊരു സ്ഥലത്ത് അദ്ദഹം ഉറപ്പിച്ചു പറഞ്ഞത് സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും മകനുമാകുന്നു എന്നാണ്.

ആവർത്തന പുസ്തകത്തിൽ നിന്നു തന്നെ എടുത്തുകാട്ടുന്നു. 'നിങ്ങൾ നിങ്ങളുടെ ദൈവമായ യഹോവാക്ക് മക്കൾ ആകുന്നു. അവരോട് പ്രത്യേക സ്നേഹമുണ്ടായതിനാൽ അവർ ദൈവമക്കൾ എന്ന് വിളിക്കപ്പെടുന്നു.' (ആവർത്തന പുസ്തകം 14: 1) ആബോർട്ട് പിർഖ് 34: 370) ദൈവം ഇസ്റായേല്യരോട് പറഞ്ഞു. 'നിങ്ങളെ പ്രത്യേകപ്പെടുത്താനുള്ള ആഗ്രഹം നിങ്ങൾക്കുണ്ട്. അതായത് നിങ്ങൾ എന്റെ മക്കളാണ്. തൗറാത്തുമായി വ്യാപൃതരാവുക അതിലെ ആജ്ഞകൾ അനുസരിക്കുക. അതുമുഖേന നിങ്ങൾ എന്റെ മക്കളാണെന്ന് കാണും' (ആവർത്തന പുസ്തകത്തെ പറ്റി ഹോമിലറ്റിക്ക് മിദ്രാസ്). അതേ ചിന്ത തന്നെയാണ് താഴെ പറയുന്ന പ്രസ്താവനയിലുള്ളത്. ഇസ്റായേല്യർ ദൈവത്തിന്റെ ഇഛ നടപ്പിലാക്കിയാൽ അവർ ദൈവത്തിന്റെ മക്കൾ എന്ന് വിളിക്കപ്പെടും. എന്നാൽ ദൈവേഛക്ക് എതിരായി പ്രവർത്തിച്ചാൽ അവർ ദൈവമക്കൾ എന്ന് വിളിക്കപ്പെടില്ല.

ആത്മീയമായ അസ്തിത്വത്തിനും ഈ പദം ഉപയോഗിക്കുന്നു. അതായത് മാലാഖമാരെക്കുറിച്ച് ബൈബിൾ പ്രസ്താവിക്കുന്നു. 'സ്വർഗ്ഗത്തിൽ യഹോവക്ക് സദൃശനായവൻ ആരുണ്ട്? ദേവപുത്രന്മാർക്ക് യഹോവക്ക് തുല്യനായവൻ ആരുണ്ട്.?' (ആവർത്തന പുസ്തകം 89: 6).

മാലാഖമാർ ദൈവത്തിന്റെ പുത്രന്മാരാണ് അവർ ദൈവികാജ്ഞകൾ വഹിക്കുന്നു. അവർ ദൈവത്തിന്റെ പ്രകൃതി പങ്കുവെക്കുന്നതു കൊണ്ടല്ല.

എല്ലാ കാര്യങ്ങളിലും ഈ പദം നിലനിർത്തുന്നത് ദൈവത്തിന്റെ ഇഛക്കും ആഗ്രഹങ്ങൾക്കും വിധേയത്വം കാണിക്കുമ്പോഴാണ്. അധികാര ശ്രേണിയിൽ പിതാവിന് അധികാര ബോധമുണ്ട്. തന്റെ ദാസന്മാരുടെ മേൽ അതായത് 'മക്കളുടെ' മേൽ.

ചുരുക്കത്തിൽ യഹൂദർ പരിപൂർണ്ണ ഏകദൈവവാദികളായിരുന്നു. ദൈവത്തിന്റെ പുത്രന്മാർ എന്ന പദത്തിന് ഒരു വിധത്തിലും ബഹുദൈവ രൂപമില്ല ദൈവത്തിന്റെ മക്കൾ എന്ന പ്രയോഗം ദൈവത്തിന്റെ വ്യക്തിനാമമായി അവരൊരിക്കലും ഉപയോഗിച്ചിട്ടില്ല. പകരം അതിനെ എലോഹിനുമായി കൂട്ടിചേർക്കുകയാണുണ്ടായത്. The Theological Dictioanary of the New Testament പറയുന്നു.

പഴയ നിയമം പലപ്പോഴും ദൈവലോകവുമായി (മണ്ഡലവുമായി) ഉപയോഗിക്കുന്നത് 'ബെൻ' എന്നും 'ബർ'എന്നുമുള്ള പദങ്ങളാണ്. ദൈവത്തിന്റെ മറ്റു പേരുകളുമായി അതിനെ യോജിപ്പിക്കുന്നു. ഒരിക്കലും യഹോവയും എലോഹിനുമായി കൂട്ടി ചേർക്കുന്നില്ല.

### യേശു ഉപയോഗിച്ച ദൈവ പുത്രൻ എന്ന പദം

ദൈവ പുത്രൻ എന്നതിന്റെ ഘടനയുമായി യേശു(അ) ബോധവാനുമായിരുന്നു. അത് പലപ്പോഴും മതാനുസാരമായ രീതിയിലായിരുന്നു ഉപയോഗിച്ചിരുന്നത്. ദൈവ മക്കൾ അഥവാ സന്തതികൾ എന്ന പദം യേശു ഉപയോഗിച്ചിരുന്നത് സമാധാനമുണ്ടാക്കുന്നവർ എന്ന അർത്ഥത്തിലായിരുന്നു. 'സമാധാനമുണ്ടാക്കുന്നവർ അനുഗ്രഹീതർ അവർ ദൈവ പുത്രന്മാർ എന്ന് വിളിക്കപ്പെടും' (മത്തായി 5:9)

'എന്നാൽ നിങ്ങളോട് പറയുന്നു നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുക. നിങ്ങളെ പീഢിപ്പിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുക അതുമുഖേന നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളാകാൻ വേണ്ടി'(മത്തായി 5: 44, 45)

ദൈവത്തിന്റെ പുത്രത്വം എന്നത് സൽക്കർമ്മം കൊണ്ട് നേടാവുന്ന ഒന്നാണെന്നാണ് അദ്ദേഹം വിശദീകരിച്ചിട്ടുള്ളത്. ഈ പദം കാണിക്കുന്നത് പരിശുദ്ധമായിത്തീരുക ദൈവികനായിത്തീരുക എന്നൊക്കെയാണ്. അദ്ദേഹത്തിന്റെ സ്വന്തം പുത്രത്വവും വ്യത്യസ്തമല്ല. യേശു (അ)വും ദൈവ പുത്രനായല്ല ജനിച്ചത്. പിന്നെ ദൈവ പുത്രനായി തീർന്നതാണ്. നാലു സുവിശേഷങ്ങൾ പ്രകാരവും അദ്ദേഹത്തിന്റെ മാമോദീസയുടെ സമയത്തോടടുപ്പിച്ചായിരുന്നു അദ്ദേഹം ആദ്യമായി ദൈവ പുത്രനായി പ്രഖ്യാപിക്കപ്പെട്ടത്.

### യേശുവിന്റെ സ്വന്തം സാക്ഷ്യം

ചരിത്രപരമായ സാഹചര്യവും (പഴയ നിയമത്തിന്റെ) പിന്നീടുള്ള ജൂതന്മാരുടെ എഴുത്തുകളും നമുക്ക് നൽകുന്നത് ദൈവ പുത്രനെ സംബന്ധിച്ച ദൈവികമല്ലാത്ത ഒരു വ്യാഖ്യാനമാണ്. അടുത്ത ചോദ്യമെന്താണെന്നാൽ ഈ പദത്തിന് യേശു സ്വയം ഒരു വിശദീകരണം നൽകിയിട്ടുണ്ടോ എന്നതാണ്. വളരെ പ്രധാനപ്പെട്ടതെന്തെന്നാൽ യേശുവിന്റെ സ്വന്തം വാക്കുകൾ വളരെ പ്രസക്തമാണ്. മറ്റേതൊരു വ്യാഖ്യാനത്തെക്കാളും ആധികാരികമാണത്. അങ്ങനെ ഒരു സാക്ഷ്യമുള്ളത് നമ്മുടെ ഭാഗ്യമാണ്. നാലു സുവിശേഷങ്ങളിൽ തന്നെ കുറിച്ച് യേശു സ്വയം പറഞ്ഞിട്ടുള്ളത് ഒരു സ്ഥലത്ത് മാത്രമാണ്. ഈ വിശദീകരണം യോഹന്നാന്റെ സുവിശേഷത്തിലാണ്. യേശു (അ) പ്രസ്താവിച്ചതാണ് എനിക്കൊപ്പം എന്റെ പിതാവുണ്ട്. അപ്പോൾ ജൂതന്മാർ അദ്ദേഹത്തെ കല്ലെറിയാൻ തുടങ്ങി. താൻ ദൈവമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് സ്വയം ദൈവ നിന്ദ നടത്തുകയാണെന്ന് ജൂതന്മാർ ആരോപിച്ചു. അപ്പോൾ യേശു മറുപടി പറഞ്ഞു.

'നിങ്ങളുടെ നിയമത്തിൽ എഴുതിയിട്ടില്ലേ നിങ്ങൾ ദൈവങ്ങളാണെന്ന് ഞാൻ പറഞ്ഞതായി. ദൈവ വചനങ്ങൾ ഇറങ്ങിയവരെക്കുറിച്ച് ദൈവങ്ങൾ എന്ന് വിളിക്കപ്പെട്ടെങ്കിൽ പ്രമാണ ഗ്രന്ഥത്തെ

വ്യർത്ഥമാക്കരുത്. പിതാവ് പരിശുദ്ധമാക്കിയവൻ, ഭൂമിയിലേക്കയച്ചവൻ ദൈവ നിന്ദ നടത്തുന്നുവെന്ന്. എന്തെന്നാൽ ഞാൻ പറഞ്ഞു ഞാൻ ദൈവ പുത്രനാണ്. (യോഹന്നാൻ 10: 34-36)

താൻ എങ്ങനെ ദൈവത്തോടു കൂടെയാണ് എന്നതിന് ഒരു വിശദീകരണമാണ് ഇവിടെ യേശു നൽകുന്നത്. അഥവാ ഏറ്റവും ചുരുങ്ങിയത് 'ദൈവ പുത്രനാകുക' എന്നാണ് അദ്ദേഹം പറയുന്നത്. ഒരാൾ ദൈവത്തോടുകൂടിയാണെന്ന് പറഞ്ഞാൽ അതിന്റെ സാധ്യമായ വ്യാഖ്യാനം 'ദൈവ പുത്രനാകുക' എന്നതാണ്. മറുപടി പറയുമ്പോൾ അദ്ദേഹം മറ്റൊരു ആക്ഷേപത്തിന് കൂടി മറുപടി പറഞ്ഞുകൊണ്ട് വ്യക്തത വരുത്തുകയാണ് ചെയ്യുന്നത്. അത് 'ദൈവ പുത്രൻ' എന്ന സ്ഥാനമാണ്.

ഏതു വിധേനയും അവരുടെ ദൈവനിന്ദ എന്ന കുറ്റപ്പെടുത്തലിന് അദ്ദേഹം മറുപടിപറയുന്നത് അവരുടെ സ്വന്തം പ്രമാണ ഗ്രന്ഥങ്ങളിൽ (ജൂതന്മാർ) ചില മനുഷ്യരെ ദൈവമെന്ന് പരാമർശിച്ചിട്ടുണ്ടെന്നാണ്. ഈ പരാമർശം ആവർത്തന പുസ്തകങ്ങളിലാണുള്ളത് അത് ഇപ്രകാരമാണ്.

ഞാൻ പറയുന്നു: നിങ്ങൾ ദൈവങ്ങളാണെന്ന്, ഏറ്റവും ഉന്നതനായവന്റെ മക്കളാണ് നിങ്ങളെല്ലാവരും. എന്നിരിക്കിലും നിങ്ങൾ മനുഷ്യരെ പോലെ മരിക്കും. എല്ലാ പ്രഭുക്കന്മാരെയും പോലെ നിപതിക്കും. (സങ്കീർത്തനങ്ങൾ 83: 6,)

ജൂതന്മാർ ഒരിക്കലും അത്തരം വാക്യങ്ങളെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചിരുന്നില്ല. ഏറെക്കുറെ അവർ തന്നെ മനസ്സിലാക്കിയിരുന്നത്. ആലങ്കാരികമായിട്ടാണ്. ദൈവികാജ്ഞ നൽകപ്പെട്ട മനുഷ്യർക്ക് ബാധകമായ ഒരു വിശേഷണം മാത്രമായാണ് ദൈവ പുത്രത്വം അവർ കണ്ടത്. അദ്ദേഹം ധാരാളമായി ദൈവ പുത്രൻ എന്ന് തന്നെ പറ്റി ഉപയോഗിച്ചിരുന്നുവെങ്കിൽ അക്കാലത്തെ ദാവീദ് രാജാവോ പ്രവാചകനോ സാത്വികനോ അപ്രകാരം ഉപയോഗിച്ചിട്ടുണ്ട്. അപ്പോൾ അത്തരം ആലങ്കാരിക പദംകൊണ്ട് എന്തു പ്രശ്നമാണുണ്ടാകുക.? അതവരുടെ ഇടയിൽ പ്രസിദ്ധമാണല്ലോ അതാകട്ടെ പൂർണ്ണമായ ഏകദൈവ വിശ്വാസ രീതിയിലാണ്. അതിലുപരി ദൈവത്തിന്റെ പുത്രനാവുക എന്നത് (മതപരമായതോ താർക്കികമായോ) മഹത്തായതോ, പ്രശ്നമുണ്ടാക്കുന്നതോ ആയ ഒരു അവകാശവാദമല്ല. പ്രമാണ ഗ്രന്ഥങ്ങളിൽ കാണുന്ന 'ദൈവം തന്നെയാവുക' എന്ന അവകാശവാദം പോലും ഏകദൈവാത്മകമായ രീതിയിലാണ് അവർ വ്യാഖ്യാനിച്ചത്. ഈ കാര്യത്തിലവർ അക്ഷരാർത്ഥത്തിലുള്ള വ്യഖ്യാനമല്ല എടുത്തത്.

ദൈവ പുത്രൻ എന്ന ഈ പദപ്രയോഗം ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ ഒരു ആലങ്കാരിക പ്രയോഗമാണെന്ന് യേശു ഉറപ്പിച്ചു പറയുന്നു: 'ഞാൻ എന്റെ പിതാവിന്റെ പ്രവർത്തി ചെയ്യുന്നില്ലെങ്കിൽ എന്നെ വിശ്വസിക്കേണ്ടാ. ചെയ്യുന്നു എങ്കിലോ, നിങ്ങൾ വിശ്വസിച്ചില്ലെങ്കിലും...... പ്രവർത്തിയെ വിശ്വസിപ്പീൻ.' (യോഹ:10:37,38) ഞാൻ അക്ഷരാർത്ഥത്തിൽ ദൈവമാണെന്നോ എന്റെ മുന്നിൽ കുനിയണമെന്നോ എന്റെ ദൈവിക ശക്തി നിരീക്ഷിക്കപ്പെടണമെന്നോ അവരോട് അദ്ദേഹം പറഞ്ഞിട്ടില്ല. മറിച്ച് തന്റെ പ്രവർത്തികൾ നോക്കാനാണ് അദ്ദേഹത്തെ വിലയിരുത്താനാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം തന്റെ ദൈവികാജ്ഞയനുസരിച്ച് തന്റെ പ്രവർത്തി ചെയ്യുകയായിരുന്നു.

മറ്റു വാക്കുകളിൽ പറഞ്ഞാൽ ദൈവിക നിയമങ്ങൾ ലോകത്ത് നടപ്പിൽ വരുത്തിയിരുന്ന ഒരു സാത്വികനായ വ്യക്തിയായിരുന്നു യേശു. അതുകൊണ്ട് തന്നെ ദൈവപുത്രനാകുന്ന പ്രവർത്തികൾ ചെയ്യുന്ന ആൾ എന്ന അർത്ഥത്തിലാണ് ദൈവ പുത്രൻ എന്ന പദം അദ്ദേഹം ഉപയോഗിച്ചത്. താൻ ദൈവ പുത്രനാണെന്ന് അദ്ദേഹത്തിന്റെ പ്രവർത്തികൾ തെളിയിച്ചു. എപ്രകാരം പൂർവ്വികരായ സാത്വികർ തങ്ങൾ ദൈവ പുത്രരാണെന്ന് തെളിയിച്ചിരുന്നുവോ അപ്രകാരം ഇത് ജൂതന്മാരുടെ ചിന്തയുമായി യോജിക്കുന്നതാണ്. ദൈവത്തിന്റെ മക്കൾ എന്ന ബഹുമതി ആർജ്ജിക്കുമാറുള്ള ഭക്തി അവർക്ക് നൽകപ്പെട്ടു.

ദൈവവുമായി പുത്രോചിതമായ ഭക്തി പ്രദർശിപ്പിക്കുന്ന ഏതൊരാൾക്കും ഈ പദവി അവകാശപ്പെട്ടതാണ്. ദൈവപുത്രന്മാർ എന്ന പദം പുണ്യവാളന്മാർ എന്ന പദവുമായി സാമ്യമുള്ളതാണ് ഇങ്ങനെയുള്ള വ്യക്തിപരമായ ബന്ധമുള്ളവരാണ് ദൈവത്തിന്റെ പിതൃത്തത്തെകുറിച്ച് ബോധവാന്മാരാകുന്നത് (ജൂയിഷ് എൻസൈക്ലോപീഡിയ വാല്യം 2 പേജ് 461 ദൈവമക്കൾ പുത്രൻ)

അബൂഹു റൈറയിൽ നിന്നും നിവേദനം ചെയ്യുന്നു: തിരുനബി (സ) ഇങ്ങനെ അരുൾ ചെയ്തു: ഏതൊരാൾ മനുഷ്യനോട് നന്ദി കാണിക്കുന്നില്ലയോ അയാൾ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല. (തിർമിദി)

ഭാഗം – 28

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### യജമാനനോട് സമാനതകളില്ലാത്ത സ്നേഹം അർപ്പണം

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വലി(റ)ന്റെ ജീവിതത്തിലെ ഉന്നതവും ഉൽകൃഷ്ടവുമായ സ്വഭാവഗുണങ്ങളിൽ മൂന്നാമത്തേത് അദ്ദേഹത്തിനു മസീഹ് മൗഊദിനോടുണ്ടായിരുന്ന അനന്യവും അസാധാരണവുമായ അനുസരണവും അർപണവുമായിരുന്നു. ഈയൊരു സ്വഭാവ ഗുണത്തെ സാക്ഷ്യപ്പെടുത്താൻ ഹദ്റത്ത് മൗലവി സാഹിബിന്റെ ജീവിതകാലത്തെ എണ്ണമറ്റ സംഭവങ്ങൾ മതിയായതാണ്. അത്തരം സംഭവങ്ങൾ ഈ ജീവചരിത്ര വിവരണത്തിൽ ധാരാളമായി പലയിടങ്ങളിൽ വന്നിട്ടുണ്ട്. അവ ആവർത്തിക്കാതെ മറ്റു ചില സംഭവങ്ങൾ പറയാം. ഹദ്റത്ത് മസീഹ് മൗഊദി (അ) നു ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) നോടുണ്ടായിരുന്ന സ്നേഹവും അർപണവും ഭയഭക്തി ബഹുമാനവും ഏതു പോലെ അദ്വിതീയവും അനുപമവുമായിരുന്നോ അതുപോലെ ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് (അ)നോടു മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനുണ്ടായിരുന്ന സ്നേഹ ബഹുമാനാദികളും അതുല്യവും സമാനതകളില്ലാത്തതുമായിരുന്നു.

ഹദ്റത്ത് മൗലവി സാഹിബ് അഹ്മദി സഹോദരങ്ങളെ ഖാദിയാനിൽ ഇടയ്ക്കിടയ്ക്കു വരാനായി എപ്പോഴും ഉപദേശിക്കുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദിനോടും ഖാദിയാനോടുമുള്ള അദ്ദേഹത്തിന്റെ ഹൃദയബന്ധം അത്ര വലുതായിരുന്നു. എനിക്കു ആരെങ്കിലും ആയിരം രൂപ പ്രതിദിനം തരാമെന്നു പറഞ്ഞാലും ഹദ്റത്ത് സാഹിബിന്റെ അനുഗൃഹീത സഹവാസത്തിൽ നിന്നും ഖാദിയാന്റെ ആത്മീയാന്തരീക്ഷത്തിൽ നിന്നും അകന്നു നിൽക്കാൻ എനിക്കാവില്ലെന്നു അദ്ദേഹം എപ്പോഴും പറയുമായിരുന്നു. മറ്റൊരിക്കൽ പറഞ്ഞു ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ കൽപനയും അനുവാദവുമില്ലാതെ എന്നെ ഹുസൂറിൽ നിന്നും അകറ്റാനായി ഒരു ദിവസം ഒരു ലക്ഷം രൂപ പ്രതിഫലം നൽകാമെന്നു ആരെങ്കിലും വാഗ്ദാനം ചെയ്താലും എനിക്കു ഹുസൂറിൽ നിന്നും അകന്നിരിക്കാൻ ആവുകയില്ല. കാരണം എന്റെ മുന്നിൽ ഹുസൂറിനോടൊപ്പമുള്ള ഒരു നിമിഷം ഒരു ലക്ഷം രൂപയേക്കാൾ എത്രയോ മടങ്ങു വിലയുള്ളതാണ്. എനിക്കതുമതി.

ഭേരയ്ക്കു സമീപം സർഗോദാ ജില്ലയിൽ മിയാനി എന്ന സ്ഥലത്തു താമസിക്കുന്ന സ്വന്തം സഹോദര പുത്രൻ മൗലവി ദോസ്ത് മുഹമ്മദ് സാഹിബ് ഒരിക്കൽ രോഗം പിടിപെട്ടു വളരെ വിഷമത്തിലായിരുന്നു. അദ്ദേഹം തന്റെ പിതൃ സഹോദരനായ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനെ വിവരമറിയിച്ചു കൊണ്ട് അവിടം വരെ ചെന്നു അദ്ദേഹത്തെ ചികിത്സിക്കാനായി അപേക്ഷിച്ചു. മൗലവി സാഹിബ് ഹുസൂറിനോടു വിവരം പറഞ്ഞു. മിയാനി പോകാൻ അനുവാദം വാങ്ങി. അദ്ദേഹം ഒരു പകൽ മുഴുവനും അവിടെ ചെലവഴിച്ചു ചികിത്സയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചെയ്തു അന്നു വൈകുന്നേരം തന്നെ ഖാദിയാനിലേയ്ക്കു തിരിക്കുകയും ചെയ്തു. ഒരു രാത്രി കൂടി അവിടെ തങ്ങാൻ ബന്ധുക്കൾ സ്നേഹപൂർവം നിർബന്ധിച്ചെങ്കിലും അദ്ദേഹം അവിടെ നിന്നില്ല.

അവരോടു പറഞ്ഞു ഹമേം അപ്നെ മുർശിദ് കി തറഫ് സെ രാത്ത് രഹ്നെ കി ഇജാസത്ത് നഹി ഹെ. (രാത്രി തങ്ങാൻ എനിക്കെന്റെ മുർശിദിൽ നിന്നും അനുവാദമില്ല.)

ഒരിക്കൽ മൗലവി സാഹിബി നു അതിസാരം പിടിപെട്ട് അൽപം വിഷമത്തിലും ക്ഷീണത്തിലുമായി രുന്നു. ആ കാര്യം മസീഹ് മൗഊദ് (അ) അറിഞ്ഞിട്ടുണ്ടായിരുന്നില്ല. അതിനാൽ ഹുസൂർ (അ) മൗലവി സാഹിബിനോടു ഖാദിയാനു പുറ ത്തു ഒരിടത്തു പ്രസംഗത്തിനായി പോകാൻ നിർദേശിച്ചു. തന്റെ യജമാനനോടു ഒരിക്കലും ഒരു സാഹചര്യത്തിലും ഇല്ല, അല്ല, അതു പ്രയാസമാണു എന്നൊക്കെ പറയാൻ സാധിക്കാത്ത, അല്ലെങ്കിൽ അറിഞ്ഞു കൂടാത്ത മൗലവി സാഹിബ് ഹുസൂർ പറഞ്ഞതു പോലെ ആ സ്ഥലം വരെ ചെന്നു മൂന്നു മണിക്കൂർ ദീർഘമായ പ്രസംഗം ചെയ്തു സസുഖം തിരിച്ചു വന്നു. മറ്റൊരിക്കൽ മൗലവി സാഹിബ് പള്ളിയിൽ ഖുതുബ നിർവഹിക്കുകയായിരുന്നു. മസീഹ് മൗഊദ് (അ) അന്വേഷിക്കുന്നതായി സന്ദേശം ലഭിച്ചു. മൗലവി സാഹിബ് ഖുതുബ നിർത്തി വെച്ചു. ഹുസൂറി നെ ചെന്നു കണ്ടു തിരിച്ചു വന്നു ഖുതുബ തുടർന്നു. വേറൊരിക്കൽ നമസ്ക്കരിക്കുകയായിരുന്ന മൗല വി സാഹിബ് ഹുസൂറിന്റെ വിളി കേട്ടപ്പോൾ നമസ്ക്കാരം ഉപേക്ഷി ച്ചു ഹുസൂറിന്റെ അടുക്കൽ ചെന്ന തു വായനക്കാർ ഓർക്കുന്നുണ്ടാ കുമല്ലോ.

ശേഖ് കറം ഇലാഹി സാഹിബ് പട്ട്യാലവി നിവേദനം ചെയ്യുകയാ ണ്. ഒരിക്കൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് എന്നോടു പറഞ്ഞു ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ സദസ്സിലിരിക്കുമ്പോൾ വളരെ കൂടുതലായി സ്വലാത്തു ചൊല്ലുന്നത് ആത്മീയമായി വളരെ ഗുണം ചെയ്യും. ഞാനിന്നു ഹുസൂറി ന്റെ സദസ്സിലിരുന്നു കൊണ്ട് അഞ്ഞൂറു പ്രാവശ്യം സ്വലാത്തു ചൊല്ലുകയുണ്ടായി.

പാക്കിസ്താനിലെ വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാ നമായ ഖൈബർ പഖ്ത്തൂൻഖാ യിൽ നിന്നുള്ള പഠാൻ വംശജനായ ഒരു അഹ്മദി സഹോദരൻ ചികിത്സ ക്കായി ഖാദിയാനിൽ മൗലവിസാഹി ബിന്റെ അടുക്കൽ വന്നിട്ടുണ്ടായി രുന്നു. അദ്ദേഹത്തിനു രണ്ടു കാലി ലും രക്തവാത (gout) സംബന്ധ മായ അസുഖമായിരുന്നു ഉണ്ടായി രുന്നത്. ഏകദേശം ആറു മാസം മൗലവി സാഹിബ് ചികിത്സിച്ചെ ങ്കിലും രോഗം ഒരു വ്യത്യാസവു മില്ലാതെ തുടർന്നു കൊണ്ടിരുന്നു. ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ് (അ) നമസ്ക്കാരത്തിനായി ചെറിയ വാതിലിലൂടെ മസ്ജിദ് മുബാറക്കിൽ പ്രവേശിച്ചപ്പോൾ കുറേ പേർ ഹുസൂറിനെ ആദരപൂർ വം സ്വീകരിക്കാനായി എഴുന്നേറ്റ് മുന്നോട്ട് ചെന്നു. ഇദ്ദേഹം ഇരുന്നിട ത്തു നിന്നും എഴുന്നേൽക്കാൻ അൽപം വൈകി.

ആ അവസരത്തിലുണ്ടായ ചെറിയ തിക്കിലും തിരക്കിലും പെട്ട് ഹുസൂറിന്റെ കാൽ അദ്ദേഹത്തിന്റെ കാലിനു മീതെ വന്നു. അതായത് മസീഹ് മൗഊദ് (അ) അറിയാതെ അദ്ദേഹത്തെ ചവിട്ടിപ്പോയി. എന്നാൽ അൽപ സമയത്തിനു ശേഷം ആ കാലിന്റെ വേദനയും ബുദ്ധിമുട്ടും വളരെ കുറഞ്ഞതായി അദ്ദേഹത്തിനു അനുഭവപ്പെടാൻ തുടങ്ങി. നമസ്ക്കാരം കഴിയുമ്പോ ഴേക്കും അസുഖം പൂർണമായി ഭേദപ്പെട്ടു. സമസ്ക്കാര ശേഷം ഹുസൂർ തിരിച്ചു പോകുന്ന അവസരത്തിൽ അദ്ദേഹം ഹുസൂറി ന്റെ അടുക്കൽ ചെന്നിട്ടു വളരെ വിനയപുരസ്സരം പറഞ്ഞു ഹുസൂർ! ഞാൻ പറയാൻ പോകുന്നത് അനാദരവായിപ്പോകുമോ എന്നാ ണു എന്റെ ഭയം. ഞാൻ ആറു മാസമായി കാലിന്റെ അസുഖത്തി നു മൗലവി സാഹിബിന്റെ ചികിത്സ യിലാണു.പക്ഷേ, എന്റെ അസുഖം കൂടിയതല്ലാതെ കുറഞ്ഞിട്ടില്ല. എന്നാൽ ഇപ്പോൾ നമസ്ക്കാരത്തി നു ഹൂസൂർ വരുമ്പോൾ എന്റെ കാൽ അറിയാതെ ഹുസൂറിന്റെ കാലിന്നടിയിൽ പെട്ടു പോയിരുന്നു. അതോടെ എന്റെ ആ കാലിന്റെ അസുഖം പൂർണമായും ഭേദമായി. അതിനാൽ എന്റെ മറ്റെ കാലിനു കൂടി ഹുസൂർ ചവിട്ടിയിരുന്നുവെ ങ്കിൽ അതിനും ശമനം ലഭിക്കുമെ ന്നു ഞാൻ കരുതുന്നു. ഹുസൂർ തന്റെ കാൽ പാദം അദ്ദേഹത്തിന്റെ മറ്റെ കാലിനു മുകളിൽ വെച്ചു പതുക്കെ അമർത്തി. അതോടെ അദ്ദേഹത്തിന്റെ ആ കാലിന്റെ വേദനയും അസുഖവും ഇല്ലാതാ യി.

പഠാൻ വംശജനായ അഹ്മദി സഹോദരൻ നേരെ മൗലവി സാഹിബിന്റെ അടുക്കൽ ചെന്നു. അൽപം ദ്വേഷ്യത്തോടെ കാര്യങ്ങ ളെല്ലാം വിവരിച്ചു കൊണ്ട് പറ ഞ്ഞു. ഞാൻ ആറു മാസമായി താങ്കളുടെ ചികിത്സയിലാണു. എനിക്കൊരു സുഖവുമുണ്ടായിട്ടില്ല. പക്ഷേ നിമിഷം കൊണ്ട് മസീഹ് മൗഊദ് എന്റെ അസുഖം ഭേദ പ്പെടുത്തിയിരിക്കുന്നു. മൗലവി സാഹിബ് പറഞ്ഞു. സഹോദരാ! ഞാൻ വെറും ഒരു സാധാരണ വൈദ്യനാണു. അദ്ദേഹം അല്ലാഹു വിന്റെ റസൂലും. താങ്കൾ ആ പുണ്യാത്മാവുമായി എന്നെ ഒരിക്ക ലും താരതമ്യം ചെയ്യരുത്. ആ പുണ്യാത്മാവ് എവിടെ വിരാജി ക്കുന്നു. ഈ നിസ്സാരൻ എവിടെ കിടക്കുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ) നിവേദനം ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ അവസാന നാളുകളിൽ ഇമാമിനോ ടോപ്പം നിന്നായിരുന്നു നമസ്ക്കരി ച്ചിരുന്നത്. ഹുസൂറിന്റെ വഫാത്തി നു ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ആ മുസ്വല്ല യിൽ ഹുസൂർ നിന്ന മദ്ധ്യഭാഗം ഒഴിവാക്കി അൽപം ഇടതു ഭാഗത്തേ യ്ക്കു മാറിയാണ് നമസ്ക്കരിക്കാറ്. ഒരു പ്രാവശ്യം പോലും ഹുസൂർ നിന്ന ഭാഗത്തു നിന്നിട്ടില്ല. ഹുസൂറി ന്റെ കാൽ പാദത്തിനു മുകളിൽ

തന്റെ പാദങ്ങൾ വെക്കുന്നതു അനാദരവായി ഖലീഫത്തുൽ മസീഹ് കരുതുന്നു എന്നാണു ഇതിൽ നിന്നും മനസ്സിലാകുന്നത്.

സേഠ് ഗുലാം നബി സാഹിബ് (റ) വിവരിക്കുകയാണു ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) മസ്ജിദ് അഖ്സയിൽ ഇരിക്കുന്ന അവസരത്തിൽ പള്ളിയോടു ചേർന്നുള്ള ഹിന്ദുക്കളുടെ വീടുകൾ ചൂണ്ടികൊണ്ട്, ഈ സ്ഥലവും കൂടി നമുക്കു പള്ളിക്കു വേണ്ടി ലഭിക്കുകയാണെങ്കിൽ പള്ളി കുറേ കൂടി വിശാലമാകുമായിരുന്നു എന്നു പറയുകയുണ്ടായി. അതു ഹുസൂറിന്റെ ഒരു ആഗ്രഹം മാത്രമായിരുന്നു. ഹുസൂർ പള്ളിയിൽ നിന്നും തിരിച്ചു പോയ ശേഷം ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് അവിടെ ഉണ്ടായിരുന്നവരോടു പറഞ്ഞു ഇന്നു മിർസാ (ഹദ്റത്ത് മസീഹ് മൗഊദിനോടു അമിതമായ സ്നേഹവും ആദരവും പ്രിയവും ഹൃദയത്തിൽ തിരതല്ലുമ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ സൂചിപ്പിക്കുന്ന പദങ്ങളാണു മിർസാ, മിർസാജി, എന്റെ മിർസാ തുടങ്ങിയവ എന്നു മുമ്പും വിവരിച്ചിട്ടുണ്ട്) ഈ സ്ഥലം മുഴുവനും പള്ളിക്കു വേണ്ടി വാങ്ങിയിരിക്കുകയാണ്. പിന്നീട് ജമാഅത്തു ആ സ്ഥലം വാങ്ങുകയും പള്ളിവിശാലമാവുകയും ചെയ്തപ്പോൾ ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു ഹുസൂർ (അതായത് മസീഹ് മൗഊദ് (അ)) ആഗ്രഹം പറഞ്ഞപ്പോൾ തന്നെ നമ്മൾ മനസ്സിൽ ആ സ്ഥലം പള്ളിയോടു ചേർത്തിരുന്നു. കാരണം ഹുസൂർ ഒന്നും തന്നെ പറയിപ്പിക്കാതെ പറയാറില്ല എന്നതാണു നമ്മുടെ ഈമാൻ. അതായതു ദൈവിക സൂചനകളില്ലാതെ ഒന്നും തന്നെ പറയുകയില്ല. അല്ലെങ്കിൽ ഹുസൂർ പറയുന്നതോ ആഗ്രഹിക്കുന്നതോ ആയ കാര്യങ്ങൾ അതു പോലെ തന്നെ സംഭവിക്കുകയും ചെയ്യും.

ഒരിക്കൽ താസിൽദാർ നവാബ് ഖാൻ സാഹിബ് മർഹൂം ഹദ്റത്ത് മൗലവി സാഹിബിനോടു ചോദിച്ചു മിർസാ സാഹിബിനെ മഹ്ദി ഇമാമായി വിശ്വസിക്കുകയും അദ്ദേഹത്തിനു ബൈഅത്തു ചെയ്യുകയും ചെയ്തതിലൂടെ താങ്കൾക്കു എന്തു പ്രയോജനമാണുണ്ടായത്, താങ്കൾ എന്താണ് നേടിയത്. മൗലവി സാഹിബ് പറഞ്ഞു. പ്രയോജനങ്ങൾ ധാരാളമുണ്ട്. മുമ്പ് എനിക്കു ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) യെ സ്വപ്നത്തിലൂടെ സിയാറത്ത് ചെയ്യാനുള്ള ഭാഗ്യം ലഭിക്കാറുണ്ടായിരുന്നു. എന്നാൽ ഹദ്റത്ത് മിർസാ സാഹിബിനെ വിശ്വസിച്ച ശേഷം അദ്ദേഹത്തിന്റെ ആത്മീയ ശക്തി പ്രഭാവത്താൽ ഞാനിപ്പോൾ ഉണർന്നിരിക്കുന്ന അവസ്ഥയിലും തിരുമേനിയെ കാണാറുണ്ട് എന്നതാണു അതിലൊന്നു. അതു പോലെ മിർസാ സാഹിബിന്റെ ആത്മീയാനുഗ്രഹങ്ങളുടെ ശക്തിയാൽ എന്നിലുള്ള ഭൗതികതയോടുള്ള ആസക്തി പൂർണമായും തണുത്തുറഞ്ഞു പോയി. ഇതെല്ലാം തന്നെ അദ്ദേഹത്തെ വിശ്വസിച്ചതു കൊണ്ടുള്ള അനുഗ്രഹമാണു.

ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ 'കറാമാത്തുസ് സാദിഖീൻ' എന്ന ഗ്രന്ഥത്തിന്റെ അവസാന ഭാഗത്തു ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബി (റ) ന്റെ അറബിയിലുള്ള ഒരു ലേഖനം ചേർത്തിട്ടുണ്ട്. അതിലദ്ദേഹം ഇസ്ലാമിന്റെ ഇപ്പോഴത്തെ ശോചനീയാവസ്ഥയും ഒരുപരിഷ്കർത്താവിന്റെ ആവശ്യവും ആ പരിഷ്കർത്താവിനെ തേടി പലയിടങ്ങളിൽ അലഞ്ഞതും മക്ക മദീന പോലുള്ള സ്ഥലങ്ങളിൽ വളരെ സാത്വികരായവരിൽ പ്രതീക്ഷയർപ്പിച്ചതും അവസാനം ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) യെ കണ്ടെത്തിയതുമായ എല്ലാ കാര്യങ്ങളും അതിൽ വിവരിച്ചിട്ടുണ്ടായിരുന്നു. ആ ലേഖനത്തിൽ മസീഹ് മൗഊദ് വ മഹ്ദിയെ മൗഊദ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) യെ പ്രകീർത്തിച്ചു കൊണ്ട് രചിച്ച ഇരുപത്തിയഞ്ച് ഈരടികളുള്ള ഒരു ഖസീദയും ഉണ്ട്. അതിന്റെ ആദ്യ രണ്ടു വരി ഇപ്രകാരമാണു.

فَوَ اللهِ مُذْ لَاقَيْتُهُ زَادَنِي الهُدى
وَ عَرَّفْتُ مِنْ تَفْهِيمِ أَحْمَدَ اَحْمَدَاً
وَكَمْ مِنْ عُوَيْصٍ مُشْكِلٍ غَيْرِ واَضِحٍ
اَنَارَ عَلَيَّ فَصُرْتُ مِنْهُ مُسَهَّداً

അല്ലാഹുവാണെ സത്യം എനിക്കു ഹദ്റത്ത് മസീഹ് മൗഊദുമായി കൂടിക്കാഴ്ച നടത്താൻ സാധിച്ചിരിക്കുന്നു. അതിന്റെഫലമായി ആ പുണ്യാത്മാവിന്റെ അനുഗ്രഹത്താൽ എനിക്കു നേർമാർഗത്തിൽ വളരെയധികം മുന്നേറാൻ സാധിച്ചിട്ടുണ്ട്. ഈ അഹ്മദിനെ (മസീഹ് മൗഊദ്) തിരിച്ചറിഞ്ഞതിലൂടെ എനിക്കു ആ അഹ്മദിനെ (മുഹമ്മദ് മുസ്തഫാ സ) ശരിയായ രീതിയിൽ മനസ്സിലാക്കാൻ സാധിച്ചു. ഖുർആൻ മജീദിൽ എന്റെ ബുദ്ധിക്കു പ്രയാസമുള്ള പല ആയത്തുകളുമുണ്ടായിരുന്നു. അതെല്ലാം തന്നെ അദ്ദേഹം എനിക്കു വിശദീകരിച്ചു തന്നു. അതിലൂടെ ഞാൻ അത്മീയമായി കൂടുതലായി ഉണർന്നിരിക്കുകയാണ്.

ഹദ്റത്ത് മൗലവി സാഹിബ് പലപ്പോഴും പറയാറുള്ള ഒരു കാര്യമുണ്ട്. ഖുർആൻ മജീദ് പഠിക്കാനായി ലക്ഷക്കണക്കിനു രൂപയുടെ ഗ്രന്ഥങ്ങൾ ഞാൻ വില കൊടുത്തു വാങ്ങിച്ചിട്ടുണ്ട്. ചില ആയത്തുകൾ എവിടെയാണു അവതരിക്കപ്പെട്ടതെന്നതറിയാനുള്ള ജിജ്ഞാസയിലും ആവേശത്തിലും മക്കയിലും മദീനയിലും വർഷങ്ങൾ ഞാൻ ചുറ്റിക്കറങ്ങിയിട്ടുണ്ട്. എന്നാൽ ഖുർആൻ ഞാൻ പഠിച്ചത് എന്റെ മിർസായിൽ നിന്നു തന്നേയാണു.

മൗലവി സാഹിബും കുടുംബവും ദാറുൽ മസീഹിന്റെ ഒരു ഭാഗത്തു താമസിച്ചിരുന്ന ആദ്യകാലത്തു ഒരു ദിവസം രാത്രിയിലെ

ഭക്ഷണം താൻ എത്തിക്കുമെന്നു ഹദ്റത്ത് മസീഹ് മൗഊദ് (അ) മൗലവിസാഹിബിനോട് വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. അതനുസ രിച്ചു മഗ്രിബ് നമസ്ക്കാര ശേഷം മൗലവി സാഹിബ് തന്റെ മുറിയിൽ ഇശാ നമസ്ക്കാരം വരെ ഭക്ഷണ ത്തിനായി കാത്തിരുന്നു. ഭക്ഷണം വന്നില്ല. ഇശായ്ക്കു പള്ളിയിൽ പോയി തിരിച്ചു വന്ന ശേഷം മൗലവി സാഹിബ് വീണ്ടും ഭക്ഷണ ത്തിനായി കാത്തിരിക്കാൻ തുടങ്ങി. ഭാര്യ പറഞ്ഞു സമയം വളരെ അതിക്രമിച്ചിരിക്കുകയാണു. അതി നാൽ താങ്കൾ ഇവിടെയുള്ളതു കഴിച്ചാലും. മൗലവി സാഹിബ് പറഞ്ഞു ഇന്നു രാത്രിയിലെ ഭക്ഷ ണം അല്ലാഹുവിന്റെ മസീഹ് അയക്കുമെന്നാണു എന്നോടു പറഞ്ഞത്. അതിനാൽ എത്ര താമസിച്ചാലും ഞാൻ ഭക്ഷണം കഴിക്കാതെ രാത്രി മുഴുവനും മസിഹിൽനിന്നുള്ള ഭക്ഷണത്തിനാ യി കാത്തിരിക്കും.

അങ്ങനെ വീണ്ടും കുറച്ചു കൂടി കാത്തിരിപ്പു തുടർന്നപ്പോൾ വാതിലിൽ ആരോ മുട്ടുന്നതു കേട്ടു. മൗലവി സാഹിബ് ചോദിച്ചു. ആരാണു? മറുപടി വന്നു ഗുലാം അഹ്മദ്. മൗലവിസാഹിബ് നടുക്ക ത്തോടെ ചാടിയെഴുന്നേറ്റു. പെട്ടെ ന്നു വാതിൽ തുറന്നു. ഹുസൂർ ഭക്ഷണവുമായി പുറത്തു നിൽക്കു കയാണു. എന്നിട്ടു പറഞ്ഞു മൗലവി സാഹിബ് എന്നോടു ക്ഷമിക്കണം. ഒരു പാട് താമസിച്ചു പോയി. എന്റെ ഓർമയിൽ നിന്നും സംഗതി വിട്ടു പോയിരുന്നു. ജോലിക്കാരെല്ലാം പോവുകയും ചെയ്തു. അതുകൊണ്ടാണു ഞാൻ തന്നെ കൊണ്ടുവന്നത്. മസീഹ് മൗഊദ് (അ) വിളിക്കുന്നു എന്ന സന്ദേശം മൗലവി സാഹിബിനു നൽകപ്പെട്ടാൽ ഹുസൂറിനോടുള്ള ആദരവു കൊണ്ടുള്ള വെപ്രാളം നിമിത്തം പാദരക്ഷകളിടാനോ തലപ്പാവു ധരിക്കാനോ പ്രയാസ പ്പെട്ടിരുന്നു. നമസ്ക്കരിക്കുമ്പോൾ പോലും മസീഹ് മൗഊദ് വിളിക്കു ന്നതു കേട്ടാൽ നമസ്ക്കാരം ഉപേക്ഷിച്ചിരുന്നു. ഇവിടെ തനിക്കു വേണ്ടി തന്റെ യജമാനൻ ഭക്ഷണം കൊണ്ടു വന്നതു കണ്ടപ്പോഴുള്ള മൗലവി സാഹിബിന്റെ മനോനില യും ഹൃദയവികാരവും എന്തായിരി ക്കുമെന്നു നമുക്കു ഊഹിക്കാവു ന്നതേയുള്ളു.

ഹാഫിസ് ഇബ്രാഹീം സാഹിബ് നിവേദനം ചെയ്യുകയാണു ഒരിക്ക ൽ റാവൽപിണ്ടി ജില്ലയിലുള്ള ധനാഢ്യനായ ഒരാൾ മൗലവി സാഹിബിനെ തന്റെ ചികിത്സക്കായി അയക്കുവാൻ വേണ്ടി മറ്റോരാൾ മുഖേന ഹദ്റത്ത് മസീഹ് മൗഊദി നോടു അപേക്ഷിച്ചു. മൗലവി സാഹിബ് ചികിത്സക്കായി അവിടെ താമസിക്കുന്ന ഓരോ ദിവസവും നൂറു രൂപ പ്രതിഫലം നൽകുമെ ന്നും അയാൾ അറിയിച്ചിട്ടുണ്ടായിരു ന്നു. ഹുസൂർ പറഞ്ഞു ഞാൻ മൗലവി സാഹിബിനോടു വെള്ള ത്തിൽ ചാടാൻ കൽപിച്ചാൽ അദ്ദേ ഹം അതു ചെയ്തിരിക്കും. തീയിൽ ചാടാൻ കൽപിച്ചാലും അദ്ദേഹം അതിനും തയ്യാറായിരിക്കും. അദ്ദേ ഹം ഒരു തരത്തിലും എന്റെ കൽപന നിരാകരിക്കുകയില്ല. പക്ഷേ, അദ്ദേ ഹം എന്നിൽ നിന്നും അകന്നു നിൽക്കുന്നത് എനിക്കിഷ്ടമല്ല. അതിനാൽ അദ്ദേഹത്തെ റാവൽ പിണ്ടി അയക്കുവാൻ എനിക്കാവു കയില്ല.

ഒരിക്കൽ യാദൃച്ഛികമായി മസീഹ് മൗഊദിന്റെ വീട്ടിൽ മൗലവി സാഹിബിനെ കുറിച്ചു സംസാരമുണ്ടായപ്പോൾ ഹുസൂർ അൽഹംദുലില്ലാഹ് എന്നു ചൊല്ലി ക്കൊണ്ട് പറഞ്ഞു മൗലവി സാഹി ബും നമുക്കു ലഭിച്ച അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽപെട്ട ഒരനുഗ്രഹ മാണ്. ഹദ്റത്ത് മസീഹ് മൗഊദിന്റെ സഹാബി പീർ സിറാജുൽ ഹഖ് സാഹിബ് നുഅ്മാനി (റ) ഒരിക്കൽ മൗലവി ഹക്കീം നൂറുദ്ദീൻ സാഹി ബിനെ ഹദ്റത്ത് മസീഹ് മൗഊദി ന്റെ രൂപത്തിലും ഭാവത്തിലും സ്വപ്നത്തിൽ കാണുകയുണ്ടായി. ഈ കാര്യം മസീഹ് മൗഊദിനോടു പറഞ്ഞപ്പോൾ സ്വപ്ന വ്യാഖ്യാന മെന്ന നിലയ്ക്കു ഹുസൂർ (അ) അരുൾചെയ്തു, തീർച്ചയായും മൗലവി സാഹിബ് നമ്മോടുള്ള ഭയഭക്തി ബഹുമാനങ്ങളിലും ഉപചാരങ്ങളിലും പ്രതിപത്തിയിലും അദ്വിതീയനും അന്യാദൃശനുമാണ്.

ഹദ്റത്ത് അബൂബക്കർ സിദ്ധീ ഖ് (റ) നെ കുറിച്ചു ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു അദ്ദേഹം തന്റെ ജീവിത കാലത്തു ഒരിക്കലും അല്ലാഹുവി ന്റെ പ്രിയ റസൂലിൽ നിന്നും അകന്നിരുന്നിട്ടുണ്ടായിരുന്നില്ല. ഒരിക്കലും പിരിഞ്ഞിരുന്നില്ല. എല്ലാ ബുദ്ധിമുട്ടുകളിലും ദുരിതങ്ങളിലും യുദ്ധങ്ങളിലും കഷ്ടപ്പാടുകളിലും തിരുനബിയെ (സ) അദ്ദേഹം നിഴൽ പോലെ പിന്തുടർന്നിട്ടുണ്ടായിരുന്നു. മരണത്തിനു ശേഷവും അദ്ദേഹം റസൂൽ കരീ (സ) മിന്റെ അരികിൽ തന്നെ സ്ഥാനം (ഖബർ) കരസ്ഥമാ ക്കി. ഹദ്റത്ത് മസീഹ് മൗഊദിനു ശേഷം ജമാഅത്തിലുള്ളവർക്കു ഹദ്റത്ത് മൗലവി സാഹിബിനെ കുറിച്ചും ഒരു സംശയത്തിനും ഇടം നൽകാതെ അതു തന്നെ പറയുവാ ൻ സാധിക്കും. അദ്ദേഹം തന്റെ ജീവിതം മസീഹ് മൗഊദിനോടൊ പ്പം തന്നെ കഴിച്ചു കൂട്ടി. ഒരു ഘട്ടത്തിലും മസീഹ് മൗഊദിൽ നിന്നു വിട്ടു നിന്നില്ല. തന്നാൽ ആവുന്ന എല്ലാ സഹായ സഹകര ണങ്ങളും നൽകിക്കൊണ്ടിരുന്നു. ഒരിക്കലും ഒരു കാര്യത്തിലും ഹുസൂറിനെ തനിച്ചാക്കിയില്ല. മരണ ശേഷവും മസീഹ് മൗഊദിന്റെ അരികിൽ തന്നെ അദ്ദേഹവും സ്ഥാനമുറപ്പിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബി (റ) ന്നയച്ച ഒരു കത്തിൽ എഴുതുകയാണ്. മൗലവി സാഹിബിന്റെ കത്തുകൾ വായിക്കു മ്പോൾ പലപ്പോഴും എന്റെ കണ്ണു കൾ നിറഞ്ഞു പോകാറുണ്ട്. അത്ര കണ്ട് സ്നേഹ നിർഭരവും ആത്മാർ ഥത നിറഞ്ഞതുമാണവ. അദ്ദേഹ ത്തെ പോലുള്ള ഒരു വ്യക്തിയെ

കുറിച്ചു എനിക്കു ദൃഢവിശ്വാസത്തോടെ ഒരു കാര്യം പറയാൻ സാധിക്കും അദ്ദേഹം ഈ ലോകത്തു എന്നോടൊപ്പമുണ്ടായിരുന്നതു പോലെ പരലോകത്തും എന്നോടൊപ്പം തന്നെ ഉണ്ടായിരിക്കും.

## ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ കുടുംബത്തോടുള്ള സ്നേഹം

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വലി(റ) ന്റെ ജീവിതത്തിലെ ഏറ്റവും ഉന്നതവും ഉൽകൃഷ്ടവുമായ സ്വഭാവഗുണങ്ങളിൽ അല്ലാഹുവിനോടും ഖുർആനോടും മസീഹ് മൗഊദി നോടുമുള്ള സ്നേഹാദരവുകളാണു ഇതുവരെ വിവരിച്ചത്. ഹദ്റത്ത് മസീഹ് മൗഊദിന്റെ കുടുംബത്തിലെ ഓരോ വ്യക്തിയോടുമുണ്ടായിരുന്ന സ്നേഹ ബഹുമാനാദികളായിരുന്നു ആ മഹാത്മാവിന്റെ സ്വഭാവ ഗുണങ്ങളിലെ നാലാമത്തെ പ്രത്യേകത. ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (ഖലീഫത്തുൽ മസീഹ് സാനി) സാഹിബ് കുട്ടിയായിരുന്ന അവസരത്തിൽ പോലും ഹദ്റത്ത് മൗലവി സാഹിബിന്റെ അടുക്കൽ ചെന്നാൽ എഴുന്നേറ്റു നിന്നു കൊണ്ട് സ്വീകരിക്കുകയും മിയാ നീ എനിക്കു വളരെ പ്രിയപ്പെട്ടവനാണെന്നു പറഞ്ഞു കൊണ്ട് താൻ ഇരുന്ന ഇരിപ്പിടത്തിൽ ഇരുത്തുകയും ചെയ്യുമായിരുന്നു. മിയാ മഹ്മൂദ് സാഹിബിന്റെ അറിവ് വർദ്ധിപ്പിക്കുന്നതിനും പുസ്തകങ്ങളിൽ താൽപര്യം ജനിപ്പിക്കുന്നതിനുമായി മൗലവി സാഹിബ് കുട്ടികൾക്കുള്ള പുസ്തങ്ങൾ വാങ്ങിച്ചു നൽകുമായിരുന്നു.

മൗലവി ഖുറത്തുല്ലാഹ് സാഹിബ് സിന്നോരി (റ) വിവരിക്കുകയാണ്. ഒരിക്കൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് നമസ്ക്കരിപ്പിക്കാനായി നിന്നു. ഞാൻ മൗലവി സാഹിബിന്റെ നേരെ പുറകിലായിരുന്നു ഉണ്ടായിരുന്നത്. ആ അവസരത്തിൽ സ്വഫ് ശരിയായിട്ടുണ്ടോയെന്നു നോക്കാനായി മൗലവി സാഹിബ് തിരിഞ്ഞു നോക്കിയപ്പോൾ എന്റെ ഇടതു ഭാഗത്തു രണ്ടാമത്തെയോ മൂന്നാമത്തേയോ ആളായി മിയാ മഹ്മൂദ് സാഹിബിനെ കണ്ടു. ഹുസൂർ ഉടനെ തന്നെ മിയാ സാഹിബിനെ ഇടതു ഭാഗത്തു നിന്നും എന്റെ വലതു ഭാഗത്തു നിർത്തിച്ചു. എന്നിട്ടു പറഞ്ഞു മിയാ, നമസ്ക്കാരത്തിനായി ഒരിക്കലും ഇടതുഭാഗത്തു നിൽക്കാത്ത പിതാവിന്റെ മകനാണു നീ. അതിനാൽ വലതു ഭാഗത്തു നിൽക്കാൻ ശ്രദ്ധിക്കുക.

മൗലവി സഹൂർ ഹുസൈൻ സാഹിബ് (ബുഖാറയിലേയും റഷ്യയിലേയും മുൻ മുബല്ലിഗ്) വിവരിക്കുകയാണ്. ഒരിക്കൽ ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഒരു കുറിപ്പെഴുതി എന്നെ ഏൽപിച്ചിട്ടു അതു മിയാ മഹ്മൂദ് സാഹിബിനു കൊണ്ടു കൊടുക്കാൻ പറഞ്ഞു. വഴിയിൽ വച്ചു ഞാനതു തുറന്നു നോക്കി. എന്തൊരു ബഹുമാനത്തിലാണു ആ കുറിപ്പെഴുതിയിരിക്കുന്നത്. എന്തൊരു ആദരവോടെയാണു സംബോധന ചെയ്തിരിക്കുന്നത്. ജമാഅത്തിന്റെ ഒരു കാര്യത്തിനായി ദുആ ചെയ്യുവാൻ ഓർമപ്പെടുത്തിയുള്ള കുറിപ്പായിരുന്നു അത്. പക്ഷേ, കുറിപ്പു വായിക്കുന്നവർക്കു മിയാ സാഹിബാണു ഖലീഫയെന്നും എഴുതിയത് അദ്ദേഹത്തിന്റെ സേവകനാണെന്നും തോന്നിപ്പോകും.

ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) വിവരിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) മിയാ മഹ്മൂദ് സാഹിബിനോട് അദ്ദേഹം ചെറിയ കുട്ടിയായിരുന്നപ്പോഴും അതിനു ശേഷവും പ്രകടിപ്പിച്ച സ്നേഹാദരവുകൾ കാണുമ്പോൾ ഈ കുട്ടി ഭാവിയിൽ ജമാഅത്തിന്റെ ഉന്നത സ്ഥാനത്തിന്നായി തയ്യാർ ചെയ്യപ്പെട്ടിരിക്കുന്നുവെന്നു മൗലവി സാഹിബ് തന്റെ ദൈവദത്തമായ ഉൾകാഴ്ചയിലൂടെ മനസ്സിലാക്കുന്നതായി തോന്നിപ്പോകുമായിരുന്നു. ഒരിക്കൽ മിയാ മഹ്മൂദ് സാഹിബടക്കം ഞങ്ങളെല്ലാം യാത്രയിലായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) കൂടെയില്ല. വണ്ടി ഒരു സ്റ്റേഷനിലെത്തിയപ്പോൾ മിയാ സാഹിബ് പ്ലേറ്റ് ഫാമിൽ ഇറങ്ങി അങ്ങോട്ടും ഇങ്ങോട്ടും നടക്കാൻ തുടങ്ങി. വണ്ടി പുറപ്പെടാറായപ്പോൾ അകത്തേക്കു വന്നു. മിയാ സാഹിബ് അകത്തേക്കു വന്ന ഉടനെ മൗലവി സാഹിബ് തന്റെ സീറ്റ് മിയാ സാഹിബിനു നൽകുകയും സ്വയം നിലത്തിരിക്കുകയും ചെയ്തു. മൗലവി സാഹിബ് നിലത്തിരിക്കുന്നതു കണ്ടപ്പോൾ ഞങ്ങളെല്ലാവരും എഴുന്നേൽക്കുകയും ഒതുങ്ങി കൊണ്ട് മൗലവി സാഹിബിനെ നിർബന്ധിച്ചു സീറ്റിൽ ഇരുത്തുകയും ചെയ്തു.

മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ദൃഷ്ടിയിൽ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ കുടുംബത്തിനുണ്ടായിരുന്ന മഹനീയതയും സ്ഥാനമാനങ്ങളും വിലയും നിലയും എത്ര ഉയർന്നതായിരുന്നുവെന്നതിനെ കുറിച്ചു ഹദ്റത്ത് സയ്യിദാ നവാബ് മുബാറക്കാ ബേഗം സാഹിബ തന്നെ വളരെ മനോഹരമായ വാക്കുകളിൽ എഴുതുകയാണ്. ഞാനെന്റെ കുട്ടിക്കാലം അദ്ദേഹത്തിന്റെ മടിയിൽ കളിച്ചു കൊണ്ടും പഠിച്ചു കൊണ്ടുമാണു കഴിച്ചു കൂട്ടിയത്. ഒരു വീട്ടിൽ താമസിക്കുന്നതു പോലുള്ള അവസ്ഥയായിരുന്നു. ഞാനൊരതിശയോക്തിയും കൂടാതെ പറയട്ടെ മൗലവി സാഹിബ് എല്ലാ ദിവസവും മസീഹ് മൗഊദിന്റെ മക്കളായ ഞങ്ങളെ കുറിച്ചു പറയും. എന്റെ വാർദ്ധക്യകാല ആൺ സന്താനമായ അബ്ദുൽ ഹൈയ് എനിക്കു നിങ്ങളേക്കാൾ പ്രിയപ്പെട്ടവനല്ല. എനിക്കു നിങ്ങൾ അത്രയും പ്രിയപ്പെട്ട മക്കളാണ്. മഹ്മൂദ് എനിക്കു വളരെ പ്രിയപ്പെട്ട മകനാണ്. ഹദ്റത്ത് മൗലവി സാഹിബിനു മസീഹ് മൗഊദി(അ) നോടുണ്ടായിരുന്ന അതിരറ്റ സ്നേഹവും

ഇശ്ഖും അദ്ദേഹത്തിന്റെ സന്താന ങ്ങളോടും മൗലവി സാഹിബ് കാണിച്ചിരുന്നു.

സാഹിബ് സാദ മിർസാ സുൽത്താൻ അഹ്മദ് സാഹിബ് വിവരിക്കുകയാണ് ഒരിക്കൽ ഭാര്യക്കു അസുഖം മൂർഛിച്ചു. രാത്രി ഒരുമണി നേരത്തു മൗലവി സാഹിബിനെ വിളിക്കേണ്ടി വന്നു. അദ്ദേഹം വന്നു രോഗിയെ പരിശോ ധിച്ചു മരുന്നു നൽകി. മൗലവി സാഹിബ് തിരിച്ചു പോകാൻ നേരത്തു ഞാൻ വിനയപുരസ്സരം പറഞ്ഞു ഈ അസമയത്തു താങ്കളെ ബുദ്ധിമുട്ടിക്കേണ്ടി വന്നതിൽ എന്നോടു ക്ഷമിക്കണം. മൗലവി സാഹിബ് അദ്ദേഹത്തിന്റെ തോളിൽ കൈയിട്ടു കൊണ്ട് പറഞ്ഞു ബുദ്ധിമുട്ടോ എനിക്കോ? ഞാൻ മിർസായുടെ ദാസരുടെ, ദാസരുടെ, ദാസരുടെ, ദാസരുടെ ആ വാക്കു അദ്ദേഹം എത്ര പ്രാവശ്യം ഇങ്ങനെ ആവർത്തിച്ചെന്നറിഞ്ഞില്ല എന്നിട്ടു പറഞ്ഞു. ഞാൻ അവരുടെ ദാസനാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) കുതിരപ്പുറത്തു നിന്നും വീണു പരിക്കു പറ്റിയ സമയത്ത് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് (ഖലീഫത്തുൽ മസീഹ് സാനി) മൗലവി സാഹിബിന്റെ അരികിൽ ദുആ ചെയ്തു കൊണ്ട് ഇരിക്കുകയായിരുന്നു. ആ അവസരത്തിൽ ചെറിയ കുട്ടിയായിരുന്ന മിയാ മിർസാ നാസിർ അഹ്മദ് സാഹിബും (ഖലീഫത്തുൽ മസീഹ് സാലിസ്) തീരെ സുഖമില്ലാതെ ചികിത്സയിലായിരുന്നു. അതിനാൽ കുട്ടിക്കു തീരെ സുഖമില്ലെന്നും അസുഖം വർദ്ധിച്ചിരിക്കുകയാണെന്നും പറഞ്ഞു മിയാ സാഹിബിനെ വിളിക്കാൻ പലരും വരുന്നുണ്ടായിരുന്നു. പക്ഷേ, വേദനകൊണ്ട് പുളയുകയും ഞരങ്ങുകയും ചെയ്യുന്ന ഹുസൂറിനെ വിട്ട് തന്റെ മകനെ കാണാൻ പോകാൻ മനസ്സനുവദിക്കാത്തതിനാൽ അദ്ദേഹം അവിടെ തന്നെ ഇരുന്നു. മൗലവി സാഹിബ് അതികഠിനമായ വേദന കൊണ്ട് വിഷമിക്കുന്നുണ്ടെങ്കിലും ബോധത്തിലായിരുന്നതിനാൽ ഹുസൂർ എല്ലാം കേൾക്കുന്നുണ്ടായിരുന്നു. അതിനാൽ ഹുസൂർ അൽപം ദേഷ്യത്തോടെ, മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിനോടു 'മിയാ ഇതു വരെ പോയില്ലേ?' എന്നു ചോദിക്കുകയുണ്ടായി. എന്നിട്ടു പറഞ്ഞു അതു നിങ്ങളുടെ മകൻ മാത്രമല്ല ആ കുട്ടി ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ പൗത്രൻ കൂടിയാണെന്നു മനസ്സിലാക്കണം. ഹുസൂർ അങ്ങനെ പറഞ്ഞപ്പോൾ സാഹിബ് സാദാ മിയാ മഹ്മൂദ് അഹ്മദ് സാഹിബ് മനസ്സില്ലാ മനസ്സോടെ അവിടെ നിന്നും എഴുന്നേറ്റു തന്റെ മകനെ കാണാൻ പോയി.

## തഖ്‌വയുടെ സൂക്ഷ്മ പാതയിലൂടെയുള്ള ജീവിതം

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഗ്രന്ഥങ്ങളിൽ തഖ്‌വയെ കുറിച്ചു വിവരിക്കുന്ന ഭാഗങ്ങളിൽ വളരെ കൂടുതലായി ഉപയോഗിക്കുന്ന വാക്കാണു 'തഖ്‌വാ കി ബാരീക്ക് രാഹോം പർ ഖദം മാർന' എന്ന പ്രയോഗം. തഖ്‌വയുടെ വളരെ സൂക്ഷ്മമായ വഴികളിൽ സഞ്ചരിക്കുക എന്നാണതിന്റെ അർഥം. അല്ലാഹുവിന്റെ നബിമാരും വലിമാരും അവരെ പിന്തുടർന്നവരും കാണിച്ച വഴികളാണവ. ഏതാണ് ആ വഴികൾ. കളവ്, വഞ്ചന, ചതി, പിടിച്ചുപറി, മാതാപിതാക്കളോടുള്ള ധിക്കാരം, മറ്റുള്ളവർക്കെതിരിലുള്ള ശാരീരിക മാനസിക പീഢനങ്ങൾ, പരദൂഷണം, അന്യരുടെ ധനം അപഹരിക്കൽ, മദ്യപാനം, ദുർനോട്ടം, വ്യഭിചാരം, ചൂതാട്ടം തുടങ്ങിയ തിന്മകൾ ഉപേക്ഷിക്കലാണോ ആ വഴികൾ? മസീഹ് മൗഊദ് വിഭാവനം ചെയ്ത തഖ്‌വയുടെ സൂക്ഷ്മ വഴികൾ ഒരിക്കലും അതായിരുന്നില്ല. ആത്മീയമായി ഉയർന്നവരല്ലെങ്കിലും സാത്വിക ജീവിതം നയിക്കുന്ന ഒരാളും ആ പാത സ്വീകരിക്കുകയില്ല. അവരതിനെ പാപമായി തന്നെ കരുതി തിരസ്ക്കരിക്കും. പിന്നെ എന്താണു 'തഖ്‌വാ കി ബാരീക് റാഹേം'. ഹദ്റത്ത് മസീഹ് മൗഊദിന്റെ ജീവിതത്തിലെ വളരെ നിസ്സാരമെന്നു തോന്നുന്ന ഒരു സംഭവത്തിലൂടെ അതു വിശദീകരിക്കാം.

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) വീട്ടിൽ നിന്നും സായാന്ഥ സവാരിക്കായി പുറപ്പെട്ടു. സഹാബാക്കളിൽ ചിലരും കുട്ടിയായ മകൻ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (ഖലീഫത്തുൽ മസീഹ് സാനി) സാഹിബും (റ) കൂടെ ഉണ്ടായിരുന്നു. പഞ്ചാബിൽ 'കീക്കർ' എന്നു വിളിക്കപ്പെടുന്ന ഒരു മരമുണ്ട്. നമ്മുടെ നാട്ടിൽ കണ്ടു വരുന്ന അക്വേഷ്യാ വർഗത്തിൽ പെട്ട ബലം കുറഞ്ഞ വൃക്ഷമാണത്. ഉത്തരേന്ത്യയിൽ പൊതുവിൽ പ്രസ്തുത മരത്തിന്റെ ചില്ലയുടെ ചെറിയ കഷ്ണമെടുത്തു മിസ്‌വാക്കുണ്ടാക്കി പല്ലു തേക്കാൻ ഉപയോഗിക്കാറുണ്ട്. ഇവർ നടന്നു പോകുന്ന വഴിയിൽ ഒരു 'കീക്കർ' മരം വീണു കിടപ്പുള്ളതു കണ്ടപ്പോൾ മിക്കവരും അതിന്റെ ചെറിയ ചില്ലയൊടിച്ച് മിസ്‌വാക്കുണ്ടാക്കി. മിയാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബും മിസ്‌വാക്കുണ്ടാക്കി. എന്നിട്ട് പിതാവിന്റെ അരികിൽ ഓടി വന്നിട്ടു പറഞ്ഞു ഉപ്പാക്ക് മിസ്‌വാക്ക് ആവശ്യമില്ലേ? ഉപ്പയും എടുത്തോളൂ. ഹുസൂർ ചിരിച്ചു കൊണ്ട് പറഞ്ഞു മിയാ, ആദ്യം ഇതെടുക്കാൻ ആരാണു നിങ്ങൾക്കനുവാദം നൽകിയതെന്നു പറയൂ. ഇതു കേൾക്കേണ്ട താമസം എല്ലാവരും മിസ്‌വാക്ക് എറിഞ്ഞു കളഞ്ഞു. പല്ലു തേക്കാനായി അതിന്റെ ചെറിയൊരു കഷ്ണം ചില്ലയെടുത്തത് ആരും ഒരിക്കലും കുറ്റമായോ തെറ്റായോ ഗണിക്കുകയില്ല. ഒരു നിയമ വ്യവസ്ഥയും അതിനു ഒരു ശിക്ഷയും എവിടേയും പറഞ്ഞിട്ടുമില്ല. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) വിഭാവനം ചെയ്യുന്ന, ഉപദേശിക്കുന്ന, ആഗ്രഹിക്കുന്ന

തഖ്‌വയുടെ ഏറ്റവും ഋജുവായതും സൂക്ഷ്മവുമായ വഴി അതാണ്. അന്യരുടെ വസ്തു അതു എത്രതന്നെ നിസ്സാരമായിരുന്നാലും ഉപയോഗശൂന്യമെന്നു ഗണിക്കപ്പെട്ടാലും ശരി ഉടമസ്ഥന്റെ അനുവാദമില്ലാതെ അതെടുക്കരുത്. ആ ഉയർന്ന ചിന്താഗതിയെയാണ് ''തഖ്‌വാ കീ ബാരീക്ക് റാഹേം'' എന്നു ഹുസൂർ വിശേഷിപ്പിച്ചത്.

ആ മസീഹിനെ അതേ രൂപത്തിലും ഭാവത്തിലും കണ്ടെത്തുകയും സ്വീകരിക്കുകയും ചെയ്തവരിൽപെട്ട ഒരു മഹാത്മാവാണു ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് (റ). ഒരിക്കൽ ഖാദിയാനിലുള്ള ഒരു അഹ്മദി സഹോദരൻ മൗലവി സാഹിബിനേയും ഹദ്റത്ത് മൗലാനാ ഹസ്സൻ അലി സാഹിബ് ഭാഗൽപൂരി (റ) യേയും അതുപോലെ ജമാഅത്തിലെ മറ്റു ചിലരേയും ഒരു വിരുന്നിനു ക്ഷണിച്ചിട്ടുണ്ടായിരുന്നു. സൽക്കാരത്തിൽ പങ്കെടുത്ത ശേഷം സ്വന്തം താമസ സ്ഥലത്തേയ്ക്കു ഈ മഹാത്മാക്കൾ തിരിച്ചു പോകുമ്പോൾ വഴിയിൽ 'സർക്കണ്ട' കൊണ്ട് മേൽക്കൂരമേഞ്ഞ ഒരു കുടിലുണ്ടായിരുന്നു. നീളമുള്ളതും ശക്തി കുറഞ്ഞതും പൊള്ളയായ തണ്ടോടു കൂടിയതും നേരിയ ഇലകളുള്ളതുമായ ഒരു പുൽ ചെടിയാണു 'സർക്കണ്ട'. ഇതു ഉത്തരേന്ത്യയിലും പ്രത്യേകിച്ചു പഞ്ചാബിലും ധാരാളമായി കണ്ടു വരുന്നു. പഴയ കാലത്തു ഗ്രാമങ്ങളിൽ ഇതുണക്കി കുടിലുകളുടെ മേൽക്കൂര മേയാനും ഇതിന്റെ ഉണങ്ങിയ തണ്ട് മഷി മുക്കി എഴുതുന്ന പേനയായും ഉപയോഗിക്കാറുണ്ട്.

ഹദ്റത്ത് മൗലാനാ ഹസ്സൻ അലി സാഹിബ് ഭാഗൽപൂരി (റ) ഈ കുടിലിന്നടുത്തെത്തിയപ്പോൾ അതിന്റെ ചാഞ്ഞു നിൽക്കുന്ന മേൽകൂരയിൽ നിന്നും 'സർക്കണ്ട' യുടെ തണ്ടിന്റെ ഈർക്കിൽ പോലുള്ള ചെറിയൊരു കഷ്ണം പൊട്ടിച്ചെടുത്തു പല്ലിന്നിടയിൽ വൃത്തിയാക്കാൻ തുടങ്ങി. ഇതു കണ്ട് ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് അതിശയത്തോടെ അദ്ദേഹത്തെ നോക്കി അവിടെ നിന്നു. എന്നിട്ട് പറഞ്ഞു മൗലവി സാഹിബ്, ഇതെന്താണു താങ്കൾ കാണിച്ചത്. ഹദ്റത്ത് മസീഹ് മൗഊദുമായുള്ള സഹവാസം എന്റെ ഹൃദയത്തിൽ ഉണ്ടാക്കിയിരിക്കുന്ന തഖ്‌വയുടെ വളരെ ഉന്നതമായ സ്ഥാനം നിമിത്തം താങ്കൾ ചെയ്തതുപോലെ എനിക്കിതിനു മുതിരാൻ ഒരിക്കലും ധൈര്യമുണ്ടാവുകയില്ല. ഞാനിത് തഖ്‌വയ്ക്കു വിരുദ്ധവും കുറ്റകരവുമെന്നു തന്നേയാണു കരുതുന്നത്. ഇതു കേട്ട ഹസ്സൻ അലി സാഹിബ് അങ്ങേയറ്റത്തെ ആശ്ചര്യത്തോടെ മൗലവി നൂറുദ്ദീൻ സാഹിബിനോടു, ഞാനീ ചെയ്തതു പാപമാണോ? എന്നു ചോദിക്കുകയും ഇത് പാപമായോ കുറ്റകരമായോ ഞാൻ കണ്ടിരുന്നില്ല എന്നു പറയുകയും ചെയ്തു. മൗലവി നൂറുദ്ദീൻ സാഹിബ് പറഞ്ഞു ഈ 'സർക്കണ്ട' മറ്റൊരാളുടെ വീടിന്റെ ഭാഗമാണ്. ആ നിലയ്ക്കു വീടിന്റെ ഉടമസ്ഥന്റെ അനുവാദമില്ലാതെ അതിൽ നിന്നും ഈർക്കിൽ പൊട്ടിച്ചത് എന്നെ സംബന്ധിച്ചിടത്തോളം കുറ്റകരമാണ്, അതു പാപമാണ്. മൗലവി സാഹിബിന്റെ തഖ്‌വയുടെ ഈ സൂക്ഷ്മവും ഋജുവുമായ മാതൃക ഹദ്റത്ത് മൗലവി ഹസ്സൻ അലി സാഹിബിന്റെ ഹൃദയത്തിൽ വലുതായ ചലനങ്ങൾ സൃഷ്ടിച്ചു. ഇതു തന്നേയാണു മസീഹ് മൗഊദ് (അ) ഉദ്ദേശിച്ച, ഉപദേശിച്ച തന്റെ അനുചരരിൽ കാണുവാൻ ആഗ്രഹിച്ച ''തഖ്‌വാ കി ബാരീക് റാഹേം".

ഹദ്റത്ത് മസീഹ് മൗഊദിൽ ഇത്ര ദൃഢമായ വിശ്വാസവും അർപ്പണ മനോഭാവവും കരസ്ഥമാക്കാൻ താങ്കൾക്കെങ്ങനെയാണു ഭാഗ്യമുണ്ടായതെന്നു മൗലവി സാഹിബിനോടു ഹസൻ അലി സാഹിബ് ചോദിച്ചു. മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് പറഞ്ഞു, ഹദീസിൽ പറയപ്പെട്ടതനുസരിച്ചു ഈ പതിനാലാം നൂറ്റാണ്ടിൽ അല്ലാഹുവിനാൽ നിയോഗിതരായ ഒരു പരിഷ്കർത്താവിന്റെ ആഗമനത്തെ ഞാൻ വളരെയധികം പ്രതീക്ഷിക്കാറുണ്ട്. അത്തരത്തിലുള്ള ഒരാളുടെ വിളിക്കായി എന്റെ മനസ്സ് എന്നും വെമ്പൽ കൊള്ളാറുണ്ടായിരുന്നു. അപ്പോഴാണു 'ബറാഹീനെ അഹ്മദിയാ'യുടെ വിജ്ഞാപനം എനിക്കു ലഭിക്കുന്നത്. ഞാനതു കണ്ട് വളരെയധികം സന്തോഷിച്ചു. പിന്നീട് ഞാൻ ഖാദിയാനിൽ ചെന്നു. നബിയുടെ സുന്നത്തനുസരിച്ചു ധാരാളമായി ദുആ ചെയ്തു. എന്റെ ദൃഷ്ടികൾ ആ പുണ്യാത്മാവിൽ പതിഞ്ഞു. ഈ മുഖം സത്യവാന്റേതല്ലാതെ ഒരു കള്ളവാദിയുടെതാകാൻ ഒരിക്കലും സാദ്ധ്യമല്ലെന്നു ഞാൻ തിരിച്ചറിഞ്ഞു. ആ മഹാത്മാവിന്റെ ഉന്നതമായ ധാർമിക ഗുണങ്ങൾ എന്റെ ഹൃദയത്തെ വല്ലാതെ ആകർഷിച്ചു. അതെന്നെ അദ്ദേഹത്തെ അകമഴിഞ്ഞു സ്നേഹിക്കാനും ആദരിക്കാനും നിർബന്ധിതനാക്കി. ആ സമയങ്ങളിൽ കുറ്റകരമായ ഒരു ചിന്ത എന്നിൽ കുടികൊണ്ടിരുന്നു. ഞാനതിൽ നിന്നു മോചനം നേടാൻ ആവുന്നതെല്ലാം ചെയ്തെങ്കിലും എനിക്കതിൽ വിജയിക്കാനായില്ല. പിന്നീട് ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദി (അ) ന്റെ ശ്രദ്ധയുടെയും സഹവാസത്തിന്റേയും അനുഗ്രഹ ഫലമായി അതു തനിയെ എന്നിൽ നിന്നും അകന്നു. ഞാനാണെങ്കിൽ ഒരിക്കൽ പോലും ഹുസൂറി (അ) നോടു ആ കാര്യത്തെ കുറിച്ചു സൂചിപ്പിച്ചിരുന്നുമില്ല.

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്, ഹസൻ അലി സാഹിബിനോട് തുടർന്നു പറഞ്ഞു എന്റെ അഭിപ്രായത്തിൽ

هُوَ الَّذِي بَعَثَ فِي الْأُمِّيِّينَ رَسُولًا مِنْهُمْ
يَتْلُو عَلَيْهِمْ آيَاتِهِ وَيُزَكِّيهِمْ وَيُعَلِّمُهُمُ الْكِتَابَ
وَالْحِكْمَةَ وَإِنْ كَانُوا مِنْ قَبْلُ لَفِي ضَلَالٍ مُبِينٍ

(ഖുർആൻ 62:3) എന്ന ആയത്തിൽ

ശേഷം പേജ് 38 ൽ

# നമസ്ക്കാരത്തിന്റെ ശാരീരിക നേട്ടങ്ങൾ

## സക്കരിയാ വിർക്ക്. യു. എസ്സ്

ഒരു മുസ്‌ലിം നിർവ്വഹിക്കാൻ ബാദ്ധ്യതപ്പെട്ട അടിസ്ഥാനപരമായ അഞ്ച് കാര്യങ്ങളിൽ ഒന്നാണ് നമസ്ക്കാരം. നമസ്ക്കാരത്തിന്ന് വിശുദ്ധ ഖുർആൻ വമ്പിച്ച പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ നമസ്ക്കാരത്തിന്റേതായി നിരവധി ഗുണങ്ങൾ വിവരിക്കപ്പെട്ടിട്ടുണ്ട്. ഖുർആൻ പറയുന്നു: ***'ഇന്ന സ്വലാത്ത തൻഹാ അനിൽ ഫഹ്ഷായ് '*** **'തീർച്ചയായും നമസ്ക്കാരം നീച കർമ്മങ്ങളെയും നിഷിദ്ധ കർമ്മങ്ങളെയും തടയുന്നു'** (29:46) സൂറ: ലുഖ്മാനിൽ ഹദ്റത്ത് ലുഖ്മാൻ തന്റെ മകന് നൽകിയ ഉപദേശം രേഖപ്പെടുത്തുന്നു. പ്രഥമവും പ്രധാനവുമായി അദ്ദേഹം തന്റെ മകനെ ഓർമ്മപ്പെടുത്തുന്നത് ***'യാബുനയ്യാ അകിമി സ്വലാത്ത്.'*** **'അല്ലയോ എന്റെ പൊന്നോമന മകനെ നമസ്ക്കാരം നിലനിർത്തുക' (31:8)** നമസ്ക്കാരത്തെക്കുറിച്ച് റസൂൽ തിരുമേനി(സ) പറഞ്ഞതായി ഒരു ഹദീസിൽ വന്നിരിക്കുന്നത്.

***'ഇന്ന ഫി സ്വലാത്തി ശിഫാ:'*** **'തീർച്ചയായും നമസ്ക്കാരത്തിൽ ശമനമുണ്ട്.'** ഇന്ത്യയിലെ അലീഗഡിൽ നിന്നും പുറപ്പെടുന്ന 'തഹ്സീബുൽ അഖ്ലാക്ക് ' എന്ന ഉറുദു മാസികയിൽ ഒരു മുസ്‌ലിം പണ്ഡിതൻ എഴുതിയ ലേഖനത്തിൽ കൃത്യമായി മുടങ്ങാതെ നമസ്ക്കാരം നിർവ്വഹിക്കുന്ന ഒരാൾക്ക് അയാളുടെ അസ്ഥികളും സന്ധികളും സ്ഥിരമായി ചലനാത്മകമാവുന്നത് കൊണ്ട്. ഒരിക്കലും സന്ധിവീക്കരോഗം വരാനുള്ള സാധ്യതയില്ല എന്ന് പറയുന്നു. പ്രസ്തുത ഹദീസിന്റെ വെളിച്ചത്തിൽ നമസ്ക്കാരം കൊണ്ടുദ്ദേശിക്കുന്ന ചില ശാരീരികമായ നേട്ടങ്ങൾ വിവരിക്കാം

1. നിത്യവുമുള്ള ക്രമികമായ ശാരീരികാദ്ധ്വാനം കോളോസ്ട്രോൾ അളവ് കുറക്കും. കോളോസ്ട്രോൾ ഹാർട്ട് അറ്റാക്ക്, ഹൃദ്രോഗം, പ്രമേയം മുതലായ പല അസുഖങ്ങളുമുണ്ടാക്കും. നന്നായി അദ്ധ്വാനിക്കുന്ന ജോലി ചെയ്യുന്ന ഒരാൾക്ക് കുറഞ്ഞ കേളോസ്ട്രോൾ മാത്രമേ ഉണ്ടാവു. നമസ്ക്കാരം കൊണ്ട് ഇത് സാധ്യമായി തീരുന്നു.

2. നമസ്ക്കാരം ഏറ്റവും മാതൃകാപരമായ ഒരു എക്സർസൈസ് കൂടിയാണ്. അത് ദഹനക്കേട് തടയുന്നു പ്രഭാതത്തിൽ വയർ കാലിയാകിടക്കുമ്പോഴാണ് സുബ്ഹി നമസ്ക്കാരം. ചിലർ സുബ്ഹിക്ക് മുമ്പ് തഹജ്ജുദ് നമസ്ക്കാരം നിർവ്വഹിക്കുന്നു. അത്പോലെ വൈകീട്ട് രാത്രി ഭക്ഷണത്തിന്ന് ശേഷമുള്ള നമസ്ക്കാരത്തിലെ ശരീര ചലനവും ദഹന പ്രക്രിയയെ സഹായിക്കുന്നു.

3. നമസ്ക്കാരത്തിന്ന് തുടക്കത്തിൽ നാം തക്ബീർ ചൊല്ലുമ്പോൾ ഇരു കൈകളും ഉയർത്തുന്നു. ഇത് മസിലുകൾ ചലിപ്പിക്കുകയും തല ഒഴികെയുള്ള ശരീരഭാഗങ്ങളിലേക്ക് രക്തം പ്രവഹിക്കാൻ കാരണമാകുകയും ചെയ്യുന്നു.

4. നമസ്ക്കാരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അനുഷ്ഠാനം സുജൂദാണ്. നെറ്റി കൊണ്ട് നാം തറയിൽ സ്പർശിച്ച് അല്ലാഹുവിനെ വണങ്ങുമ്പോൾ നമ്മുടെ തലയിലേക്ക് പുതുരക്തത്തിന്റെ പ്രവാഹമുണ്ടാകുന്നു. യോഗയിൽ ചിലർ ഇതിന്നായി പ്രയാസകരമായ ശീർഷാസനം ചെയ്യാറുണ്ട്.

5. നമസ്ക്കാരത്തിലെ ഇടയിലിരുത്തത്തിൽ നമ്മുടെ ഇടുപ്പ് സന്ധി, കാൽമുട്ട്, കൈമുട്ട്. നട്ടെല്ല്. കൈക്കുഴ എന്നീ അസ്ഥികളെല്ലാം ഒരു വിരാമാവസ്ഥയിലാവുകയും നമ്മുടെ ശരീരത്തിന്ന് ആകെ അയവ് നൽകുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ ശരീരാവയവങ്ങൾക്കുണ്ടാകുന്ന അനായാസമായ മർദ്ദം പേശികളെ അയവുള്ളതാക്കി മാറ്റുന്നു.

6. ഹൃദയമാണല്ലോ ശരീരത്തിന്റെ ഏറ്റവും പ്രധാനപെട്ട ശരീര ഭാഗം അത് ശരീരത്തിന്റെ എല്ലാഭാഗത്തേക്കും രക്തം വിതരണം ചെയ്യുന്നു. നമസ്ക്കാരത്തിലെ ഈ ചലനങ്ങൾ ഹൃദയത്തിന്ന് നല്ല ഒരു വ്യായാമമായി മാറുന്നു. റസൂൽ തിരുമേനി(സ)യുടെ ഒരു ഹദീസ് പ്രകാരം ശരീരത്തിൽ ഒരു അവയവമുണ്ട്. അത് ആരോഗ്യകരമായിരിക്കുമ്പോൾ മുഴു ശരീരവും ആരോഗ്യകരമായിരിക്കും. അത് രോഗാവസ്ഥയിലാവുമ്പോൾ മുഴു

ശരീരവും രോഗിയായി തീരും. അതാണ് ഹൃദയം.

7. നമ്മുടെ ശരീരത്തിലെ ഒരു പ്രധാന അസ്ഥിയാണ് കാർട്ടിലേജ് (Cartilage=തരുണാസ്ഥി) കാർട്ടിലേജ് എന്നാൽ എല്ലിനേക്കാൾ കാഠിന്യം കുറഞ്ഞ അസ്ഥിയാണ് ശരീരഭാഗങ്ങളെ ബന്ധിപ്പിക്കുന്നിടങ്ങളിലാണ് കാർട്ടിലേജ് കാണാറുള്ളത്. കാർട്ടിലേജ് നിർമ്മിച്ചിരിക്കുന്ന ശരീരകലകളിൽ രക്തക്കുഴലില്ല. അതിനാൾ ഇവിടെ നേരിട്ട് രക്ത ചംക്രമണം ചെയ്യപെടുന്നില്ല. സന്ധികളുടെ ചലനങ്ങൾ ശരീരത്തിലെ ഈ ഭാഗത്തേക്ക് രക്തം പമ്പ് ചെയ്യപ്പെടാൻ കാരണമാകുന്നു. ഈയൊരു ചലനമില്ലെങ്കിൽ കാട്ടിലേജ് കലകൾ നശിച്ച് മാരകമായ രോഗ സാധ്യതയുണ്ട്. ഇത് സന്ധിവാതത്തിലേക്കും. സന്ധികളിലെ വേദനയിലേക്കും മരവിപ്പിലേക്കും നയിക്കും. അങ്ങിനെ വരുമ്പോൾ ബാക്ടീരിയവും വൈറസും ഈ ഭാഗത്തെ തങ്ങളുടെ വിഹാര രംഗമാക്കി മാറ്റും. കാർട്ടിലേജ് മേഖലയിൽ രക്തക്കുഴലുകൾ ഇല്ലാത്തതിനാൽ രോഗാണുക്കളെ ചെറുക്കാനുള്ള ആന്റി ബോഡിക്ക് എത്താൻ സാദ്ധ്യമല്ല. അത് കൊണ്ട് പരുക്ക് പറ്റിയ കാർട്ടിലേജ് കലകളുടെ ശമനം വളരെ സാവധാനത്തിലാണ്. നമസ്ക്കാരത്തിലെ ചലനങ്ങൾ കാർട്ടിലേജുകളെ ആരോഗ്യകരമായി നിലനിർത്തുന്നു. ഈ കാരണത്താൽ നമസ്ക്കാരത്തിലുണ്ടാകുന്ന ആത്മീയ ഗുണങ്ങൾക്ക് പുറമേ നിരവധി ശാരീരികമായ ഗുണങ്ങളുമുണ്ട്. അടുത്ത തവണ നമസ്ക്കരിക്കുമ്പോൾ ഈ ഗുണങ്ങൾ കൂടി സ്മരിച്ചു കൊണ്ട് അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുക. തീർച്ചയായും നമസ്ക്കാരത്തിൽ ശമനമുണ്ട്!

**പേജ് 13 ൽ നിന്ന് തുടർച്ച**

**ത്തിക്കുന്നതിൽ പലതും അല്ലാഹു അറിയുന്നില്ലെന്ന് നിങ്ങൾ ധരിച്ചു.' (ഹാ മീം സജ്ദ 21-23)**

പലപ്പോഴും മനുഷ്യൻ ഒരു പ്രാവിനെപ്പോലെയാണ് പെരുമാറുക. ഒരു പൂച്ചയെ കണ്ടാൽ പ്രാവ് കണ്ണടക്കും. എന്നിട്ട് ആ പൂച്ച തന്നെ കാണുന്നില്ലെന്നും അത് മനസ്സിൽ കരുതും. അല്ലെങ്കിൽ ഒരു ഒട്ടക പക്ഷിയെ പോലെയായിരിക്കും. ലോകത്തിന്റെ കണ്ണിൽ നിന്നും താൻ മറഞ്ഞിരിക്കുന്നു എന്നുമുള്ള ധാരണയിൽ അതിന്റെ തല മണ്ണിൽ പൂഴ്ത്തും. തങ്ങളുടെ ജീവിതം പാഴാക്കിക്കളയുന്ന ആളുകൾ വിശ്വസിക്കുന്നത് അവർ തങ്ങളുടെ സഹചരന്മാരുടെ കണ്ണിൽ നിന്ന് മാത്രമല്ല മറഞ്ഞിരിക്കുന്നത്. ദൈവത്തിന്റെ കണ്ണിൽ നിന്നുകൂടി മറഞ്ഞിരിക്കുന്നു എന്നാണ്. താഴെ പറയുന്ന വചനത്തിലൂടെ അവർ ശപിക്കപ്പെട്ടിരിക്കുന്നു.

**പേജ് 36 ൽ നിന്ന് തുടർച്ച**

പറഞ്ഞിരിക്കുന്ന وَيُزَكِّيهِمْ (അവരെ ശുദ്ധീകരിക്കുകയും) എന്ന അടയാളം അല്ലാഹുവിന്റെ നബിമാരെ സംബന്ധിച്ചിടത്തോളം ഒരു ദൃഷ്ടാന്തമാണു. അതായത് അല്ലാഹുവിനാൽ എഴുന്നേൽപിക്കപ്പെട്ട നബിമാരുടെ സഹവാസത്തിലൂടെ അദ്ദേഹത്തിന്റെ അനുചരന്മാർ ആത്മീയ വിശുദ്ധി സ്വയം അവരറിയാതെ കൈവരിക്കുകയും അവരുടെ ഹൃദയങ്ങൾ തിന്മകളോടു അങ്ങേയറ്റത്തെ വെറുപ്പു പ്രകടിപ്പിക്കുകയും ചെയ്യുന്നു. യഥാർഥത്തിൽ മിർസാ സാഹിബിന്റെ സഹവാസത്തിലൂടെ തഖ്‌വയുടെ ഈ സൂക്ഷമമായ പാതകൾ എന്നിലും തുറക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. (തുടരും)

---

**'അല്ലാ, നിങ്ങൾ വിചാരിക്കുന്നുവോ നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്ന പല കാര്യങ്ങളും അല്ലാഹു അറിയുന്നില്ല എന്ന്?'**

# സ്വാതന്ത്ര്യം അനുവദിക്കുന്ന ഭരണകൂടത്തോട് സമരം അരുത്

## വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)

ഇക്കാലത്ത് അമുസ്ലിം ഭരണാധികാരികൾ ഇസ്ലാമിന്റെ കാര്യത്തിൽ ഇടപെടുന്നില്ല എന്നത് പ്രത്യക്ഷമാണ്. ഇസ്ലാമിന്റെ അടിസ്ഥാന കർമ്മാനുഷ്ഠാനങ്ങളെ അവർ നി രോധിച്ചിട്ടില്ല. നവമുസ്ലിംകളെ അവർ കൊന്നുകളയുന്നുമില്ല. അവരെ തുറുങ്കിലടച്ചു ഭേദ്യം ചെയ്യുന്നില്ല. അങ്ങനെയിരിക്കെ ഇസ്ലാമിന്റെ വാൾ എന്തിന്ന് ചുഴറ്റപ്പെടണം? മത കാര്യങ്ങളിൽ ഇസ്ലാം ഒരിക്കലും ബലപ്രയോഗത്തെ അനുകൂലിച്ചിട്ടില്ല. വിശുദ്ധ ഖുർആനും ഹദീസുകളും ചരിത്രരേഖകളും സൂക്ഷ്മമായി പരിശോധിച്ചിരുന്നെങ്കിൽ മതധർമ്മം വളർത്താനായി ഇസ്ലാം വാൾ ചുഴറ്റി എന്ന ആരോപണം തികച്ചും അടിസ്ഥാന രഹിതമാണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടാകില്ല. (മസീഹ് ഹിന്ദുസ്ഥാൻ മെ)

www.alislam.org

# ഉറക്കം:
# ഇസ്‌ലാമികവും ശാസ്ത്രീയവുമായ അദ്ധ്യാപനങ്ങൾ

മനുഷ്യന് വിശ്രമിക്കാനായി ദൈവം ഒരുക്കിയ അനുഗ്രഹമാണ് ഉറക്കം. ആരോഗ്യദായകമായ ഉറക്കം എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് ഒരു വിവരണം.

ഡോ. ഷാനവാസ് ഖാൻ

പ്രവർത്തനനങ്ങൾക്കുശേഷം എല്ലാ ജീവജാലങ്ങൾക്കും വിശ്രമം ആവശ്യമാണ്. കാരണം പ്രവർത്തനങ്ങൾ ജീവകോശകലകളെ ക്ഷീണിപ്പിക്കുകയും പരിക്കേൽപ്പിക്കുകയും ചെയ്യുന്നു. വിശ്രമം എന്നാൽ അതിന്റെ പരിക്കുകളെ നന്നാക്കി പൂർവ്വസ്ഥിതിയിലാക്കുക എന്നാണർത്ഥം. നമ്മുടെ ഉറക്കത്തിനിടയിൽ തകരാറായ കോശങ്ങളെ മാറ്റി പുന:സ്ഥാപിക്കുകയും അവയെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുകയും ചെയ്യുന്നു. മനുഷ്യന് മാത്രമല്ല, മൃഗങ്ങൾക്കും ഉറക്കം അത്യാവശ്യമാണ്. സസ്യജാലങ്ങൾക്കും വിശ്രമം അത്യന്താപേക്ഷിതമാണ്. സൂര്യകാന്തിച്ചെടി ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ്. സൂര്യൻ ഉദിക്കുമ്പോൾ അതിന്റെ ദളങ്ങൾ വികസിക്കുകയും സൂര്യൻ അസ്തമിക്കുമ്പോൾ അത് അടയുകയും ചെയ്യുന്നു.

ഉറക്കത്തെ സംബന്ധിച്ചേടത്തോളം കർശനമായ നിയന്ത്രണങ്ങളൊന്നുമില്ല. കാരണം, ഉറക്കം മനുഷ്യന്റെ പ്രായം, ജോലി, അഭിരുചി, എന്നിവയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ശിശുക്കൾക്കും കുട്ടികൾക്കും മുതിർന്നവരെ അപേക്ഷിച്ച് ധാരാളം സമയം ഉറക്കം ആവശ്യമാണ്. മുതിർന്നവർക്ക് യഥാർത്ഥ ഉറക്കത്തേക്കാൾ കൂടുതലായി വിശ്രമം മതി. അവർ അവരുടെ ശരീരം കൊണ്ട് വിശ്രമിച്ചാൽ മതി. ശരീരം കൊണ്ട് പ്രവൃത്തിയെടുക്കുന്നവരേക്കാൾ മസ്തിഷ്കം കൊണ്ട് പ്രവൃത്തിയെടുക്കുന്നവർക്ക് ഉറക്കം ആവശ്യമാണ്. അതുപോലെ ആരോഗ്യമില്ലാത്തവർക്കും രോഗികൾക്കും കൂടുതൽ നേരം ഉറക്കം ആവശ്യമാണ്. മസ് തിഷ്കം കൊണ്ട് ജോലി ചെയ്യുന്ന പ്രായപൂർത്തിയായ ആരോഗ്യമുള്ള ആളുകൾ 7 മണിക്കൂറിലധികം ഉറങ്ങണം.

ഉറക്കത്തിന് ഏറ്റവും നല്ല സമയം രാത്രിയാണെന്ന കാര്യം സ്പഷ്ടമാണ്. രാവിലെ ജോലിയും രാത്രി വിശ്രമവും പ്രകൃതിയുടെ നിയമമാണ്. രാവിലത്തെ പ്രകാശം മനുഷ്യന് ജോലി ചെയ്യാൻ പ്ര കൃതി തന്നെ ഒരുക്കിയ ഒരു അനുഗ്രഹമാണ്. ഈ ശീലത്തിൽ നിന്നു നാം വ്യതിചലിക്കുകയാണെങ്കിൽ അത് അനാരോഗ്യം ക്ഷണിച്ചുവരുത്തും. രാത്രി ജോലി ചെയ്യുന്ന രാത്രികാവൽക്കാരെക്കുറിച്ചും സിനിമാതാരങ്ങളെക്കുറിച്ചുമുള്ള ആരോഗ്യസംബന്ധമായ പഠനങ്ങൾ ഇതിന് വ്യക്തമായ തെളിവ് നൽകുന്നു.

ഉറക്കം നമ്മുടെ ദഹനവ്യവസ്ഥയെ ഗണ്യമായി സ്വാധീനിക്കുന്ന ഉപാപചയ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുകയും ശരീരം പോഷകങ്ങളെ സ്വാംശീകരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ദീർഘമേറിയ നിദ്ര ആരോഗ്യത്തെ ദുഷിപ്പിക്കുന്നു. അങ്ങനെയുള്ള ഉറക്കം നമ്മുടെ ശരീരം പുറപ്പെടുവിക്കുന്ന ദുർമ്മേദസ്സുകളേയും ദുഷിച്ച ബാഷ്പങ്ങളേയും പിന്നേയും സ്വാംശീകരിക്കുന്നു. അത് കാരണം ദീർഘനിദ്ര ഒരാൾക്ക് ഉന്മേഷം നൽകുന്നതിന് പകരം അയാൾക്ക് ക്ഷീണവും ഉറക്കച്ചടവുമായിരിക്കും സമ്മാനിക്കുക. കുറച്ചു നേരത്തെ അദ്ധ്വാനവും കുറച്ചു നേരത്തെ വിശ്രമവുമാണ് അഭികാമ്യം. ഇക്കാര്യത്തിൽ ഏറ്റവും ഉത്തമമായ മാതൃക റസൂൽ തിരുമേനി(സ)യുടേതാണ്. അവിടുന്ന് നേരത്തെത്തന്നെ ഉറങ്ങുകയും അർദ്ധരാത്രികഴിഞ്ഞ് പുലർച്ചെ തഹജ്ജുദ് നിസ്കാരത്തിനായി ഉണരുകയും ചെയ്യും. വീണ്ടും ഉച്ചക്ക് ഒരു ലഘുനിദ്ര പ്രാപിക്കും. വൈകിയുറങ്ങുന്നതും വൈകിയുണരുന്നതുമാണ് നല്ലതെന്ന് ചില ആളുകൾ പറയാറുണ്ട്. പക്ഷേ, ഈ ശീലം നല്ലതല്ല. ഇത് പ്രകൃതിക്ക് ചേർന്നതുമല്ല. പക്ഷികളും, മൃഗങ്ങ

ളുമടക്കം എല്ലാ ജീവികളും നേര ത്തെ ഉറങ്ങുകയും നേരത്തെ ഉണ രുകയും ചെയ്യുന്ന ശീലമുള്ളവരാ ണ്. ഒരു മുസ്‌ലിം നിസ്കാരത്തി ന്നായി നേരത്തെ ഉണരാനാണ് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത്. ഈ ശീലം പ്രകൃതിക്ക് അനുയോജ്യവും ആരോഗ്യകരവുമാണ്.

മലർന്ന് കിടന്നുറങ്ങുന്നത് ആരോഗ്യകരമായ രീതിയല്ല. അത് നട്ടെല്ലിന്ന് സമ്മർദ്ദമുണ്ടാക്കും. സ്വപ്നസ്ഖലനമുണ്ടാക്കുകയും ചെയ്യും. അപ്രകാരം, കമഴ്ന്നു കിട ന്നുറങ്ങുന്നതും ആരോഗ്യകരമായ ശീലമല്ല. ഇടത് ഭാഗം ചരിഞ്ഞ് കിട ന്നുറങ്ങുന്നത് ആരോഗ്യത്തിന് വളരെ ദോഷകരമാണ്. അത് ഹൃദ യത്തിന് സമ്മർദ്ദമുണ്ടാക്കും. മസ് തി ഷ്കത്തിലെ രക്തചംക്രമണത്തെ ബാധിക്കുകയും ചെയ്യും. അതു പോലെ കമഴ്ന്നുകിടന്നറങ്ങുന്നത് ദുസ്വപ്നങ്ങൾ കാണാനും ഉറക്ക ത്തെഴുന്നേറ്റ് നടക്കുന്നതിനും (സ്വ പ്നാടനം) കാരണമാവും - ശാ സ്ത്രീയമായി, ഉറക്കത്തിന്നു ഏറ്റവും അനുയോജ്യമായ നില വലത് ഭാഗം ചരിഞ്ഞുറങ്ങുകയാണ്. ഇത് (ശാസ്ത്രീയമായി) ആധുനിക വൈദ്യശാസ്ത്രം വളരെ വ്യക്ത മായി തെളിയിച്ച കാര്യമാണ്. ഇസ്‌ലാമിന്റെ ദൈവികാദ്ധ്യാപനങ്ങ ളുടെ മഹത്വത്തിന് ആധുനിക ശാസ്ത്രം സാക്ഷിനിൽക്കുകയാണ്. ഇസ്‌ലാംമത സ്ഥാപകരും മു സ്‌ലിംകളുടെ യജമാനനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തന്റെ അനുയായികളോട് വലത് വശം ചരിഞ്ഞ് കിടന്നുറങ്ങാനാണ് ഉപദേശിച്ചിട്ടുള്ളത്. കഴിയുന്നതും 'തല' വടക്ക് വശത്ത് വെച്ചായിരി ക്കണം ഉറങ്ങേണ്ടത്. കാരണം ഭൂമി യുടെ കാന്തികരേഖകൾ വടക്ക് നിന്ന് തെക്കോട്ടാണ് ധാരയായി പോവുന്നത്. അത് വളരെ നിഗൂഢ മായി നമ്മുടെ നാഡിവ്യവസ്ഥയു മായി ബന്ധപ്പെട്ടിരിക്കുന്നു. അതു കൊണ്ട് ഈ കാന്തികരേഖകൾക്ക് സമാന്തരമായിട്ടായിരിക്കണം നാം കിടക്കേണ്ടത്. അതിന്റെ വിപരീതദി ശയിലാകാൻ പാടില്ല.

ഉറങ്ങാൻ കിടക്കുമ്പോൾ നാം ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യം നാം മനസ്സിൽ എന്തൊ രു കാര്യം ചിന്തിച്ചുകൊണ്ടാണോ ഉറ ങ്ങാൻ കിടക്കുന്നത്, അത് നമ്മു ടെ ഉപബോധമനസ്സിൽ ആ രാത്രി മുഴു വനും തങ്ങിനില്ക്കും. അത് അബോധാത്മകമായി നാമറിയാതെ നമ്മുടെ ചിന്തയേയും പ്രവൃത്തിക ളേയും സ്വാധീനിക്കുകയും ചെ യ്യും. ഇതിനുള്ള തെളിവ് ഒരു ശിശു കരഞ്ഞുകൊണ്ടാണ് ഉറങ്ങുന്നതെ ങ്കിൽ അത് ഉണരുന്നത് കരഞ്ഞു കൊണ്ടായിരിക്കും എന്നതാണ്. അത് മുലകുടിച്ചുകൊണ്ടാണ് ഉറങ്ങി യതെങ്കിൽ ചുണ്ടുകൾ കൊണ്ട് മുല കുടിക്കുന്നത് പോലെയുള്ള ചലന ങ്ങളുമായിട്ടായിരിക്കും ഉണരുക. അതുകൊണ്ട് നാം ഉറങ്ങാൻ കിട ക്കുമ്പോൾ നല്ല ചിന്തകളോടേയും ദൈവസ്മരണയോടേയും കിടന്നുറ ങ്ങണം.

റസൂൽ തിരുമേനി(സ) ഉറങ്ങു ന്നതിന് മുമ്പ് വിശുദ്ധ ഖുർആനിലെ വചനങ്ങൾ പാരായണം ചെയ്യാൻ നമ്മോട് ഉപദേശിച്ചിട്ടുണ്ട്. അതായത് 'ആയത്തുൽ കുർസി' യും ഖുർആ നിലെ അവസാനത്തെ മൂന്ന് സൂറ ത്തുകളുമാണ് ഇപ്രകാരം ഓതു വാൻ കല്പിച്ചത്. ഈ ഖുർആൻ വചനങ്ങൾ മന്ത്രങ്ങൾ ചൊല്ലുന്നതു പോലെ ചൊല്ലിത്തീർക്കുകയല്ല വേണ്ടത്. ആ വചനങ്ങൾ അല്ലാഹു വിന്റെ ഏറ്റവും പരമോന്നതമായ ഗുണങ്ങളെ വാഴ്ത്തുകയാണ് ചെ യ്യുന്നത്. അതിന്റെ അർത്ഥത്തെ സംബന്ധിച്ച് നാം അഗാധമായ ഭയ ഭക്തിയോടെ ചിന്തിച്ചുകൊണ്ട് ഈ ദൈവികഗുണങ്ങളെപ്പറ്റിയുള്ള ആഴ മേറിയ മനനങ്ങൾ നമ്മുടെ ആത്മാ വിനെ ശുദ്ധീകരിക്കുന്നു. തിന്മയിൽ നിന്നും എല്ലാ അശുഭകരമായ ചിന്ത കളിൽ നിന്നും നമ്മെ നിർമുക്തമാ ക്കി ദൈവത്തിൽ ശരണം പ്രാപി ക്കാൻ ഈ ഖുർആൻ വചനങ്ങൾ നമ്മെ പ്രേരിപ്പിക്കുന്നു. ഇത്തരം ശീലങ്ങൾ നാം വളരെ ആലോചനാ പൂർവ്വം പ്രാവർത്തികമാക്കുകയാ ണെങ്കിൽ അത് നമ്മുടെ ധാർമ്മിക ശക്തിയെ വമ്പിച്ചതോതിൽ ഉയർ ത്തുന്നതാണ്.

രാത്രിനേരത്തെ ഭക്ഷണം കഴിച്ച ഉടനെത്തന്നെ കിടന്നുറങ്ങു ന്നത് നല്ല ശീലമല്ല. 'രാത്രി ഭക്ഷണം കഴിച്ചതിനുശേഷം ഒരു മൈലെ ങ്കിലും നടക്കുക' എന്ന ആപ്ത വാക്യം ചിന്തനീയമാണ്. ഇത് ആരോഗ്യത്തിന് വളരെ നല്ലതാണ്. അതുകൊണ്ടാണ് ഇസ്‌ലാം ഇശാ നിസ്കാരം നിർബന്ധമായും പള്ളി കളിൽ വെച്ച് നിർവ്വഹിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളത്. (ഭ ക്ഷണം കഴിച്ചതിനുശേഷമുള്ള ഈ നടത്തം ഏറ്റവും ആരോഗ്യകരമാ ണ്) ഈ ഉപദേശം ശരീരത്തി നും ആത്മാവിനും ഒരുപോലെ ഗുണക രമാണ്.

തുടർച്ചയായ ഉറക്കമില്ലായ്മ മാനസിക അസ്വസ്ഥതകൾക്ക് കാര ണമാകും. അതുകൊണ്ട് രാത്രി യിലെ പൂർണ്ണവിശ്രമവും ഉറക്കവും ഇതിന് അത്യാവശ്യമാണ്. ഉറക്കമി ല്ലായ്മ നമ്മുടെ മനസ്സിനെ പലവിധ ചിന്തകളാലും അലട്ടും. വുളു എടു ത്തുകൊണ്ട് ഉറങ്ങാൻ കിടക്കുകയാ ണെങ്കിൽ അത് നമ്മുടെ ചിന്തകളെ നിയന്ത്രിക്കാൻ സഹായകമായിരി ക്കും. അപ്രകാരം ഇളംചൂടുവെള്ള ത്തിലെ കുളിയും ചൂടുള്ള എന്തെ ങ്കിലും പാനീയം കഴിക്കുന്നതും ഉറ ങ്ങാൻ സഹായകമായിരിക്കും.

ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങ ളെല്ലാം പ്രകൃതിപരവും വ്യക്തമായ ആരോഗ്യനിയമങ്ങൾക്കനുസൃതവു മാണ്. ആധുനിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാമിനെപ്പറ്റി പഠിക്കുക എന്നത് ഏറ്റവും ആഹ്ലാ ദകരമായ ഒരു പ്രവൃത്തിയാണ്.

www.alislam.org

കുറിപ്പുകൾ

# ശിക്ഷ:
# പ്രതികാരാവേശം തീർക്കാൻ വേണ്ടിയാകരുത്

മുസാഫിർ

**വിശ്വസിച്ചവരെ നിങ്ങൾ പരിപൂർണ്ണമായി നീതി പാലിക്കുന്നവരും അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവീൻ. അത് നിങ്ങൾക്ക് തന്നെയോ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും. അയാൾ (ആ കക്ഷി) ധനികനോ ദരിദ്രനോ ആണെങ്കിൽ അല്ലാഹുവാണ് അവർ രണ്ടു പേരോടും (അനുകമ്പ കാണിക്കാൻ) കൂടുതൽ അവകാശപ്പെട്ടവൻ. അതിനാൽ നിങ്ങൾ സ്വേഛയെ പിൻപറ്റരുത്. നിങ്ങൾ നീതി പാലിക്കുന്നതിന് വേണ്ടിയാണിത്. നിങ്ങൾ (സത്യം) മറച്ചുവെക്കുകയോ വെളിപ്പെടുത്താതെ പിന്മാറുകയോ ചെയ്യുന്നതായാൽ (ഓർക്കുക) അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് നല്ലവണ്ണം അറിവുള്ളവനാണ്. (അന്നിസാഅ് 4:136) 'വിശ്വസിച്ചവരെ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിനോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ.'(5:9)**

തെലുങ്കാനയിലെ ഹൈദരാബാദിൽ 2019 ൽ വെറ്റിനറി ഡോക്ടറെ കൂട്ടബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ പ്രമാദമായ കേസിലെ നാല് പ്രതികളെ പോലീസ് വെടിവെച്ച് കൊന്നത് വ്യാജ ഏറ്റുമുട്ടലിലൂടെയാണെന്നും ജനരോഷം ശമിപ്പിക്കാനും ജനവികാരത്തെ പ്രീതിപ്പെടുത്താനുമാണ് പോലീസുകാർ പ്രതികളെ വെടിവെച്ച് കൊന്നതെന്നാണ് പ്രതികൾ കൊല്ലപ്പെട്ട ഈ കേസ് അന്വേഷിക്കാൻ നിയമിച്ച അന്വേഷണ സമിതിയുടെ കണ്ടെത്തൽ. നീതിയുടെ താൽപര്യത്തിന് വിരുദ്ധവും നിരവധി അപരാധങ്ങൾക്ക് വഴിവെക്കുന്നവയുമാണ് ഇത്തരത്തിലുള്ള എക്സ്ട്രാ ജുഡീഷ്യൽ കില്ലിംങ്ങ്. കുറ്റം ചെയ്തയാൾ ഉചിതമായ രീതിയിൽ ശിക്ഷിക്കപ്പെടണമെന്ന് തന്നെയാണ് നീതിയുടെ താൽപര്യം. പക്ഷേ വികാരക്ഷോഭത്താൽ ആൾകൂട്ടവും പോലീസും പ്രതിയോട് ചെയ്യുന്ന അക്രമണങ്ങൾ നീതിക്ക് നിരക്കുന്നതല്ല. കേസുകളിൽ മാധ്യമങ്ങളും രാഷ്ട്രീയ പാർട്ടികളും അതിശയോക്തി കലർത്തി സൃഷ്ടിക്കുന്ന വികാര തരംഗങ്ങൾ അശിക്ഷിതരായ ജനമനസ്സുകളിൽ പ്രതികളെ സംബന്ധിച്ച് ഒടുങ്ങാത്ത പക സൃഷ്ടിക്കുകയും നിയമം കൈയ്യിലെടുത്ത് വിവേക രഹിതമായി പ്രതിയെ കൈയ്യേറ്റം ചെയ്യാനും ശിക്ഷിക്കാനും ധൃഷ്ടരാകുകയും ചെയ്യുന്നു. എന്തിനധികം മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ഈ വികാര വേലിയേറ്റങ്ങൾ നീതി പീഠങ്ങളെവരെ ചിലപ്പോൾ സ്വാധീക്കുന്നു എന്ന വിമർശനമുണ്ട്. വർഗ്ഗീയവും വംശീയവും ജാതീയവുമായ കാരണങ്ങളാൽ ആൾകൂട്ട വിചാരണക്ക് വിധേയരായി കൊല്ലപ്പെടുന്ന നിരവധി സംഭവങ്ങൾ നമ്മുടെ നാട്ടിലുണ്ടാവുന്നുണ്ട്. ശിക്ഷ നടപ്പാക്കേണ്ടത് ഒരിക്കലും ആൾകൂട്ടമോ പോലീസോ അല്ല. വ്യവസ്ഥാപിതമായ സ്ഥാപനങ്ങളിലൂടെ സൂക്ഷ്മവും നിഷ്പക്ഷവുമായ അന്വേഷണവും നീതിപീഢങ്ങളിലൂടെയുള്ള നിയമാധിഷ്ഠിതവും നീതിപൂർവ്വമായ വിചാരണയും കൂടാതെ ആർക്കും ആരെയും ശിക്ഷിക്കാൻ അവകാശമില്ല എന്ന നീതി സങ്കൽപ്പത്തിനാണ് ഇവിടെ ബഹുമാനപ്പെട്ട സുപ്രിം കോടതി അടിവരയിടുന്നത്.

2019 ൽ സുപ്രീം കോടതി ചീഫ് ജസ്റ്റീസ് എസ് എ ബോബ്ഡെയാണ് മുൻ സുപ്രീം കോടതി ജഡ്ജി വി എസ് സിൽപുർകറിന്റെ നേതൃത്വത്തിൻ നിയമിച്ച മൂന്നംഗ സമിതിയെ ഈ കേസ് അന്വേഷിക്കാൻ നിയമിച്ചത്. ബലാത്സംഘം ചെയ്ത മൃതദേഹം കരിച്ചു കളഞ്ഞ ഈ കുറ്റകൃത്യത്തിലെ പ്രതികൾ, തെളിവെടുപ്പ് സമയത്ത് കൊല്ലപ്പെട്ടതായിരുന്നു കേസ്. ഈ കേസിന്റെ അന്വേഷണ റിപ്പോർട്ട് രഹസ്യമായി സൂക്ഷിക്കണമെന്ന് തെലുങ്കാന സർക്കാരിന്റെ ആവശ്യം തള്ളിക്കൊണ്ടാണ് സുപ്രിം കോടതി റിപ്പോർട്ട് പരസ്യമാക്കാൻ കമ്മീഷനെ അനുവദിച്ചത്. വികാരാവേശത്താൽ നടത്തിയ ഗുരുതരമായ മനുഷ്യാവകാശ

ധ്വംസനം ഉള്ളടങ്ങിയ ഈ കേസി ന്റെ ഉള്ളുകള്ളികൾ പൊതുജന ങ്ങൾക്ക് അറിയാൻ അവകാശമു ണ്ടെന്നാണ് കോടതി നിലപാട്. കുറ്റവാളിയായാലും അയാൾക്ക് ചില അവകാശങ്ങൾ ഉണ്ടെന്നും കുറ്റം കോടതി പ്രക്രിയ മുഖേന സ്ഥിരീകരിക്കാത്ത പ്രതിയെ നിയമപരമായി കുറ്റവാളിയായി കണക്കാക്കാനാകില്ല. പോലീസ് കരുതിക്കൂട്ടി കൊലപ്പെടുത്താനാണ് പ്രതികൾക്ക് നേരെ വെടിവെച്ചതെന്നാണ് കമ്മീഷന്റെ കണ്ടെത്തൽ. പ്രതികളെ കൊലപ്പെടുത്തിയ 10 പോലീസുകാർക്കെതിരെ കൊലക്കുറ്റത്തിനും തെളിവു നശിപ്പിക്കലിനുമെതിരെ കേസെടുക്കണമെന്നും സമിതി ശുപാർശ ചെയ്തു. ഈ കേസിന്റെ തുടർ നടപടി നിർവ്വഹിക്കാൻ തെലുങ്കാന ഹൈക്കോടതിക്ക് എല്ലാ രേഖകളും സുപ്രിം കോടതി കൈമാറി.

2019 ലാണ് ഈ കൊലപാതകത്തിന്നാസ്പദമായ സംഭവം നടന്നത്. വെറ്ററിനറി ഡോക്ടറായ സ്ത്രീയെ തട്ടിക്കൊണ്ടുപോയി പീഢിപ്പിച്ചുകൊന്ന ശേഷം ആ ഹതഭാഗ്യയെ തീവെച്ചു കരിച്ചുകളയുകയാണുണ്ടായത്. അങ്ങേയറ്റം നിഷ്ഠൂരവും നിന്ദ്യവുമായ ഈ കൊലപാതകം ആളുകളിൽ നടുക്കമുളവാക്കി. ഡൽഹിയിൽ ഓടിക്കൊണ്ടിരിക്കുന്ന ബസ്സിൽ വെച്ച് നിർഭയ എന്ന യുവതിയെ ബലാത്സംഘം ചെയ്ത് കൊന്ന കേസിന് പിന്നാലെ ഹൈദരാബാദിൽ നടന്ന സമാനമായ ഈ ദാരുണ സംഭവത്തിൽ അതിശക്തമായ ജനവികാരമാണ് ഉയർന്ന് വന്നത്. കോളിളക്കം സൃഷ്ടിച്ച ഈ ബലാത്സംഘ കൊലപാതകം നടത്തിയ 4 പ്രതികളെ തെളിവെടുപ്പിനിടയിൽ തങ്ങളുടെ തോക്കുകൾ തട്ടിയെടുത്ത് വെടിവെച്ചപ്പോൾ തിരിച്ചു വെടിവെച്ചതാണെന്ന പോലീസുകാരുടെ വിശദീകരണം അന്വേഷണ സംഘം തള്ളിക്കളയുകയും ശക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഇതൊരു വ്യാജ ഏറ്റുമുട്ടൽ കൊലപാതകമാണെന്ന നിഗമനത്തിൽ എത്തുകയും ചെയ്തു.

ഇത്തരത്തിൽ നമ്മുടെ രാജ്യത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഏറ്റുമുട്ടൽ കൊലപാതകങ്ങൾ വർദ്ധിച്ചു വരികയാണ്. പോലീസുമായുള്ള ഇത്തരം ഏറ്റുമുട്ടലുകളിൽ മിക്കവയും വ്യാജ ഏറ്റുമുട്ടൽ കഥകളാണെന്ന് മനുഷ്യാവകാശ പ്രവർത്തകർ ആരോപണം ഉന്നയിക്കാറുണ്ട്. 2017 ജനുവരിക്കും 2022 ജനുവരിക്കും ഇടയിൽ 655 പേർ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടുവെന്നാണ് കേന്ദ്ര ആഭ്യന്തര വകുപ്പ് കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ വെളിപ്പെടുത്തിയത്. ഛത്തീസ്ഗഢിൽ 191 ഉത്തർപ്രദേശിൽ 117 ആസാമിൽ 50 ജാർഖണ്ഡിൽ 49 ജമ്മു കാശമീർ 35 എന്നിങ്ങനെ പോകുന്നു കണക്കുകൾ. നമ്മുടെ കേരളത്തിലും ഇത്തരത്തിൽ ഏറ്റുമുട്ടൽ കൊലപാതകങ്ങളുണ്ടായി. 1970 ൽ നക്സ്ലൈറ്റ് നേതാവ് വർഗീസിനെ വെടിവെച്ച് കൊന്ന കേസ്. പതിറ്റാണ്ടുകൾക്ക് ശേഷമാണ് വറുഗീസിനെ വെടിവെച്ച് കൊന്നതാണെന്ന സത്യം അംഗീകരിക്കപ്പെട്ടത്. 40 വർഷത്തിനു ശേഷം ആ കുറ്റകൃത്യം ചെയ്ത പോലീസുകാരൻ ശിക്ഷിക്കപ്പെടുകയുമുണ്ടായി. നമ്മുടെ കേരളത്തിൽ തന്നെ നിലമ്പൂരിലും വയനാട്ടിലും അട്ടപാടിയിലും 2016 നും 2020 നും ഇടയിൽ രണ്ട് സ്ത്രീകളടക്കം 8 മാവോ വാദികളെ പോലീസ് ഏറ്റുമുട്ടലിൽ വെടിവെച്ചുകൊല്ലപ്പെടുകയുണ്ടായി. മാവോ വാദികളെ നേരിടുമ്പോൾ ഏറ്റുട്ടലിലാണ് കൊല്ലപെട്ടതെന്ന വിശദീകരണം വസ്തുനിഷ്ഠമായ വിശദീകരണവും വിശ്വാസ്യതയും ലഭിച്ചിട്ടില്ല.

പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസും മഹാരാഷ്ട്രാ സർക്കാറുമായുള്ള കേസിലെ വിധിയിൽ (2014) പോലീസ് ഉൾപ്പെടെയുള്ള ഏറ്റുമുട്ടലുകളുടെ അന്വേഷണത്തിന് 16 നിർദ്ദേശങ്ങളാണ് സുപ്രിം കോടതി നൽകിയത്. ഏറ്റുമുട്ടലിന്റെ പ്രഥമ വിവര റിപ്പോർട്ട് (എഫ് ഐ ആർ) രജിസ്റ്റർ ചെയ്യുക പോലീസിനെ കൂടാതെ സംഭവം മജിസ്ട്രേറ്റും അന്വേഷിക്കുക. റിപ്പോർട്ട് മനുഷ്യാവകാശ കമ്മീഷനു നൽകുക. കോടതിക്കും ലഭ്യമാക്കുക. ഏറ്റുമുട്ടലിൽ ഇരയാക്കപ്പെട്ടവരുടെ കുടുംബത്തിന് നഷ്ട പരിഹാരം കൊടുക്കുക. തുടങ്ങിയവയായിരുന്നു ആ നിർദ്ദേശങ്ങൾ.

യാതൊരു നീതിപൂർവ്വകമായ വിചാരണക്കും അന്വേഷണത്തിനും കാത്തുനിൽക്കാതെ പ്രതികൾക്കെതിരെയുള്ള ആളുകളുടെ വികാരം ശമിപ്പിക്കാനും കൈയ്യടി ലഭിക്കാനും ശിക്ഷ നടപ്പാക്കുന്നത് നീതിയുടെ താൽപര്യത്തിന് വിരുദ്ധമാണ്. കുറ്റകൃത്യം എത്ര ഗുരുതരമാകട്ടെ നിസ്സാരമാകട്ടെ ആ കുറ്റം ചെയ്ത പ്രതികളെ കേൾക്കാതെയും കുറ്റമറ്റതും സൂക്ഷ്മവുമായ അന്വേഷണത്തിനും നിയമാധിഷ്ഠിതവും നീതി പൂർവ്വകവുമായ ജുഡീഷ്യൽ വിചാരണക്കും വിധേയമാക്കാതെ ഒരാളെയും ശിക്ഷിക്കാൻ ആർക്കും അധികാരമില്ല. പാടത്തെ പണിക്ക് വരമ്പത്ത് കൂലി എന്ന നാടൻ പഴയമൊഴി പ്രകാരം വിചാരണയും അന്വേഷണവും കൂടാതെ ജനങ്ങളുടെ പ്രതികാര ശമനം നിവർത്തിപ്പാൻ പെട്ടെന്ന് ശിക്ഷിക്കുക എന്നത് ഒരു പരിഷ്കൃത സമൂഹത്തിന് നിരക്കാത്ത ഒരു പ്രാകൃത സമ്പ്രദായമാണ്. നീതി നിർവ്വഹണത്തിൽ ഈ അവധാനതയും സൂക്ഷ്മതയും രാജ്യത്തെ എല്ലാ സ്ഥാപനങ്ങളും അറിഞ്ഞിരിക്കണം എന്ന നീതിയുടെ താൽപര്യത്തിന്റെ അടിസ്ഥാനത്തിലാണ് സുപ്രിം കോടതി ഇത്തരം അന്വേഷണ റിപ്പോർട്ടുകൾ പരസ്യമാക്കണമെന്നും ചർച്ച ചെയ്യപ്പെടണമെന്നും ആവശ്യപ്പെട്ടത്. ദൈവം സൃഷ്ടിച്ച് ഒരു മനുഷ്യജീവനെ അയാൾ ഒരു കൊടും കുറ്റവാളിയാണെങ്കിൽ പോലും അന്വേഷണവും വിചാരണയും നടത്തി തെളിയിച്ചിട്ടല്ലാതെ അയാളെ ശിക്ഷിക്കാൻ പാടില്ല. വികാരാവേശത്താൽ ശിക്ഷ നടപ്പാക്കുക എന്നത് അങ്ങേയറ്റം പ്രതിഷേധാർഹവും മനുഷ്യത്വ വിരുദ്ധവും ക്രൂരവുമാണ്.

പേജ് 21 ൽ നിന്ന് തുടർച്ച

അൽ കൗസർ അഥവാ അർറ ജുലുൻ കസീറു ഖൈർ എന്നത് കൊണ്ട് ഇമാം മഹ്ദിയാണെന്ന് ഹദ്റത്ത് ഇമാം മുഈനുദ്ദീനുബ്നു അറബി തന്റെ ഫുത്തുഹാത്തുൽ മക്കിയ്യ എന്ന ഗ്രന്ഥത്തിൽ പറയുന്നു.

താൻ ഹദറത്ത് നബി കരീം (സ) യുടെ ആത്മീയ സന്താനമാണെന്നും എനിക്കുണ്ടായ ദൈവികാനുഗ്രഹങ്ങളും ദൈവിക ഭാഷണങ്ങളുമെല്ലാം തിരുനബി (സ)യെ പിൻപറ്റിയത് കൊണ്ട് മാത്രമാണെന്നും ഹദ്റത്ത് വാഗ്ദത്ത മസീഹ് അല്ലാഹുവിന്റെ പേരിൽ ആണയിട്ട് പറയുകയുണ്ടായി. റസൂൽ തിരുമേനി(സ) ഇക്കാലഘട്ടത്തിൽ വരുമെന്ന് വാഗ്ദാനം ചെയ്ത് തന്റെ ആത്മീയ സുതൻ വാഗ്ദത്ത മസീഹി(അ) ആഗതനായിക്കഴിഞ്ഞു. അവിടുത്താൽ സ്ഥാപിതമായ അഹ്മദിയ്യാ ജമാഅത്ത് ഇസ്‌ലാമിന്റെ വെന്നിക്കൊടിയുമായി അതിന്റെ ആഗോള വിജയത്തിലേക്ക് കുതിക്കുകയാണ്. ജമാഅത്ത് 207 രാജ്യങ്ങളിൽ സ്ഥാപിതമായിക്കഴിഞ്ഞു. ജമാഅത്തിന്ന് മീതെ സൂര്യസ്തമിക്കുന്നില്ല എന്നത് ഒരു പരമാർത്ഥമാണ്. അതിന്റെ ശത്രുക്കളാകട്ടെ അനുദിനം പരാജയത്തിന്നുമേൽ പരാജയമേറ്റു വാങ്ങിക്കൊണ്ട് ലോകത്ത് നിന്നും മാഞ്ഞുപോയിക്കൊണ്ടിരിക്കുന്നു.




# സി. ആയിശ സാഹിബ

അലനല്ലൂർ ജമാഅത്തിലെ ആദ്യകാല അഹ്മദിയും മർഹൂം മുണ്ടയിൽ മുഹമ്മദ് ബാപ്പുട്ടി സാഹിബിന്റെ സഹധർമ്മിണിയുമായ സി. ആയിശ സാഹിബ (89) മാർച്ച് 8-ാം തീയതി സ്വവസതിയിൽ വെച്ച് വഫാത്തായി. ഇന്നാലില്ലാഹി......

മർഹൂമയുടെ വിവാഹം കഴിഞ്ഞ് ഉടൻ 1950 ൽ ഭർത്താവ് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയാണുണ്ടായത്. തുടർന്ന് ഒരു വർഷത്തിനുള്ളിൽ ആയിശ സാഹിബയും അഹ്മദിയത്ത് പഠിച്ച് മനസ്സിലാക്കി പ്രവേശിച്ചു. അലനല്ലൂരിലെ ആദ്യകാല അഹ്മദികളുടെ ത്യാഗങ്ങളും ചരിത്രസ്പന്ദനങ്ങളും അറിയാൻ അവർക്ക് കഴിഞ്ഞിരുന്നു. 1963ൽ കേവലം 29 വയസ്സ് പ്രായമുള്ളപ്പോഴാണ് ഭർത്താവിന്റെ വിയോഗമുണ്ടായത്. മർഹൂമയെ അഹ്മദിയ്യത്തിൽ നിന്ന് പിന്മാറാൻ സുന്നിയായിരുന്ന കുടുംബാംഗങ്ങൾ ശ്രമിച്ചിരുന്നുവെങ്കിലും എല്ലാ പ്രേരണകളെയും പ്രലോഭനങ്ങളെയും അതിജീവിച്ച് തന്റെ മൂന്നു കുട്ടികളുമായി മർഹൂമ ജമാഅത്തിൽ ഉറച്ചു നിൽക്കുകയാണുണ്ടായത്. ദുആയിൽ ഉറച്ചു വിശ്വസിച്ചിരുന്ന ആയിശബി സാഹിബ തഹജ്ജുദ് നമസ്ക്കാരം കൃത്യമായി അനുഷ്ഠിക്കുകയും ചെയ്തിരുന്നു.

പാലക്കാട് അഹ്മദിയ്യാ ജമാഅത്തിന്റെ ജനറൽ സെക്രട്ടറിയും മജ്‌ലിസ് അൻസാറുല്ലാഹ് പാലക്കാട് ജില്ലാ നാസിമുമായ എം അബ്ദുൾ ബഷീർ സാഹിബ്, മൈമൂനാ സാഹിബ, ഫാത്തിമ സാഹിബ എന്നിവർ മക്കളും സി കെ സാബിറ സാഹിബ, മർഹൂം മൗലവി സി എച്ച് അബ്ദുർറഹ്മാൻ സാഹിബ് പത്തപിരിയം, മർഹൂം സി. കെ അബ്ദുൾ അസീസ് സാഹിബ് പത്തപിരിയം എന്നിവർ മരുമക്കളുമാണ്.

*- എം ജലീൽ അഹ്മദ്*
സദർ, ജമാഅത്ത് അലനല്ലൂർ

# കെ.പി. അബ്ദുർറഹ്മാൻ സാഹിബ്



കണ്ണൂർ ജില്ലയിലെ കടലായി ജമാഅത്തിലെ കെ. പി അബ്ദുർറഹ്മാൻ സാഹിബ് മെയ് 6 ന് വഫാത്തായി. ഇന്നാലില്ലാഹി........ **ഭാര്യ:** കെ പി റഫീക്ക സാഹിബ. **മക്കൾ:** മൗലവി അംനാസ് സാഹിബ് (ഖാദിയാൻ), അർഷാദ് സാഹിബ് (ഷാർജ), റബിന സിദ്ധീഖ് സാഹിബ (റാസൽഖൈമ), ശംന വസീം സാഹിബ (മടിക്കേരി) പരേതന് അല്ലാഹു ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

*പ്രസിഡണ്ട്. കടലായി*

# ടി മുസ്തഫ സാഹിബ്



കണ്ണൂർ കടലായി ജമാഅത്തിലെ ടി മുസ്തഫ് (തുർക്കി ) സാഹിബ് മെയ് 9 ന് വഫാത്തായി. ഇന്നാലില്ലാഹി......... **ഭാര്യ** പികെ സാഹിദ സാഹിബ. **മക്കൾ:** പികെ ശബീർ സാഹിബ് (സഊദി), പി. കെ സാജിദ് സാഹിബ് ( കടലായി), പികെ സമീർ സാഹിബ് (ശമ്മു-കടലായി), പികെ ശംസീർ സാഹിബ് (അബുദാബി) പരേതന് അല്ലാഹു ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

*പ്രസിഡണ്ട്. കടലായി*

Published on 07.06.2022

Pages 44

Vol: 94 Issue. 06
Price Rs. 30/-

RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly



# സത്യദൂതൻ
## 97 – ാം വർഷത്തിലേക്ക്

# സത്യദൂതൻ: വരിസംഖ്യ അയക്കാൻ പുതിയ സംവിധാനം

ബഹുമാന്യരെ, 1925 ൽ ആരംഭിച്ച സത്യദൂതൻ ഒരു നൂറ്റാണ്ട് പൂർത്തിയാക്കാൻ ഇനി മൂന്ന് വർഷം മാത്രമാണ് അവശേഷിക്കുന്നത്. മലയാള പൊതുസാഹിത്യ മണ്ഡലത്തിൽ തന്നെ സത്യദൂതനോളം പഴക്കമുള്ള മാസിക അപൂർവ്വമാണ്. സത്യദൂതന് മാത്രം സ്വന്തമായ ചരിത്രപൈതൃകം!! അൽഹംദുലില്ലാഹ്

സത്യദൂതന്റെ പുതുവർഷത്തേക്കുള്ള വരിസംഖ്യയും, കുടിശ്ശികയും വായനക്കാർക്ക് നേരിട്ട് നൽകാൻ ഇപ്പോൾ സാദ്ധ്യമാവും. **QR code** വഴി **G Pay, Phone Pe, Paytm** എന്നീ ആപ്പുകൾ ഉപയോഗിക്കാം. മെസ്സേജിൽ വരിക്കാരുടെ നമ്പറും (Subscription No.) ഫോൺ നമ്പറും എഴുതണം. പണം അയച്ചു കഴിഞ്ഞാൽ അതിന്റെ സ്ക്രീൻ ഷോർട്ട് താഴെ കൊടുത്ത അതേ നമ്പറിൽ തന്നെ വാട്സ് ആപ് ചെയ്യാൻ മറക്കരുത്. ലൈബ്രറികളിലേക്കും വായനാശാലകളിലേക്കും അയക്കാൻ താൽപര്യമുള്ളവർ ഒന്നോ, രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർചെയ്യാനും അഭ്യർത്ഥിക്കുന്നു. രശീതി ഉടൻതന്നെ അയച്ചു തരുന്നതാണ്. പ്രാർത്ഥനയോടെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

**Phone No: 9447086862 (G. Pay)**

വാർഷിക വരിസംഖ്യ 300 രൂപ.

മാനേജർ, സത്യദൂതൻ
മസ്ജിദ് ഉമർ, സെന്റ് ബെനഡിക്ട് റോഡ്
എറണാകുളം.

ISLAM
INTERNATIONAL
PUBLICATIONS

Scan and pay with any BHIM UPI app

G Pay PhonePe Paytm

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim